Lower Secondary Geography.

(BOOK I FOR FORM I.)

310

K. KARUNAKARAN NAIR, B. A., L. T.

310.

Lower Secondary Geography.

(BOOK I FOR FORM I.)

By

K. KARUNAKARAN NAIR, B. A., L. T.,

Deputy Inspector of Schools, Cochin Educational Service.

1176

Printed at

The Modern Printing House, Trichur.

1114.

COPYRIGHT.] [PRICE 6 AS.

PREFACE

Experience as a teacher of Geography and Inspector of Primary Schools has led me to notice two defects in the teaching of geography in the State Schools. One defect is that pupils fail to grasp the real significance of geography; the interaction of nature and human life. To them Geography seems to be a mere catalogue of capes, gulfs, straits rivers and mountains the knowledge of which becomes important and significant only in so far as they explain the interaction of man with his terrestrial environment The other defect seems to be that the subject instead of creating interest in and attracting pupils to its study only seems to serve to repel them from it. To many of them it is a bug-bear to be dreaded and shunned

The contributory causes of these two defects lie, to my mind, mostly in faulty teaching and unhelpful text books The subject is handled in the primary stage and to a great extent in the lower secondary stage also by teachers who have no clear grasp of the significance of Modern Geography and the proper method of teaching it The text books also are not of much help to them; they are ordinarily written in the strictly logical manner.

This Series attempts—with what success the public alone are to judge—to present the subject in a manner calculated to remove the defects noticed above. The relation between man and his environment and their mutual influence have been brought to the fore-front and emphasised wherever possible. The method of approach to the subject and how to handle it to create interest in the pupils also have been indicated. The method followed may be described as psychological; facts are presented first and causes come next, whereas in ordinary text books causes precede facts. I should think that this method is the proper one at least in the case of primary and lower secondary pupils. This attempt has necessitated a deviation from the usual method of following the syllabus in its order. All the same it will be seen that the whole syllabus has been covered, only not in the order given.

TRICHUR, }
26—8—'38 }

K. KARUNAKARAN NAIR.

വിഷയവിവരം.

അദ്ധ്യായം		ഭാഗം
	ഒന്നാം ഖണ്ഡം.	
1.	ഭൂമി — ചലനങ്ങൾ	1
2.	സൌരയൂഥം	5
3.	ഗ്രഹങ്ങളും മററും	7
4.	അർദ്ധഗോളങ്ങൾ	9
	രണ്ടാം ഖണ്ഡം.	
1.	ഇന്ത്യാ — സ്ഥാനം, വലിപ്പം	11
2.	സ്വാഭാവികവിഭാഗങ്ങൾ	12
3.	രാഷ്ട്രീയവിഭാഗങ്ങൾ	16
4.	ജനങ്ങൾ	17
5.	തൊഴിലുകൾ	25
6.	കൃഷി	26
7.	വ്യവസായങ്ങൾ	55
8.	വാണിജ്യം	65
9.	സംസ്ഥാനങ്ങൾ	84
10.	സാമന്തരാജ്യങ്ങൾ	101
11.	സ്വതന്ത്രരാജ്യങ്ങൾ	112
12.	വിദേശീയസ്ഥലങ്ങൾ	113
13.	ഗവർമ്മെണ്ട്	114

ഭൂമിശാസ്ത്രം

ഒന്നാം ഭാഗം.

ഇന്ത്യാസാമ്രാജ്യം.

ഒന്നാം ഖണ്ഡം.

അദ്ധ്യായം 1.

ഭൂമി—ചലനങ്ങൾ.

നാം അധിവസിക്കുന്ന ഭൂമി ഗോളാകൃതിയിലുള്ള ഒരു ഗ്രഹമാകുന്നു. അതിന്നു രണ്ടു ചലനങ്ങളുണ്ടു്. അവ ദിനചലനവും വാൎഷികചലനവുമാകുന്നു. ഭൂമി സങ്കല്പിതമായ ഒരു അച്ചുതണ്ടിന്നു ചുററും തിരിയുന്നുവെന്നാണു് ശാസ്ത്രജ്ഞന്മാർ പറയുന്നതു്. അങ്ങിനെ ഒരിക്കൽ തിരിയുന്നതിന്നു 24 മണിക്കൂർ സമയം വേണം. കുട്ടികൾ ഏറുപമ്പരം എറിഞ്ഞു കളിക്കാറുണ്ടല്ലൊ. ഏറുപമ്പരം തിരിയുന്നതുപോലെയാണു് ഭൂമി ഭ്രമണം ചെയ്യുന്നതു്.

ഭൂമിയുടെ ഈ ദിനചലനംകാരണമാണു് രാപ്പകലുകളുണ്ടാകുന്നതു്. സൂൎയ്യൻ സ്ഥിരമായ ഒരു ഗോളമാണെന്നു ധരിക്കുക. സൂൎയ്യൻ കത്തിജ്വലിച്ചുകൊണ്ടാണല്ലൊ വൎത്തിക്കുന്നതും. സൂൎയ്യനിൽനിന്നാണു് ഭൂമിയ്ക്കു ചൂടും വെളിച്ചവും കിട്ടുന്നതു്.

ഒരു വിളക്കു കത്തിച്ച് അതിൻെറ മുമ്പിൽ ഒരു ഗ്ലോബു (ഭൂഗോളം) വെയ്ക്കുക. ഗ്ലോബിൻെറ ഒരു പകുതിയിൽ മാത്രം വെളിച്ചം തട്ടുന്നതു കാണാം. ക്രമേണ ഗ്ലോബിനെ തിരിയ്ക്കുക. അപ്പോഠം മുമ്പു വെളിച്ചം തട്ടാതിരുന്ന ഭാഗത്തു വെളിച്ചം തട്ടുന്നതു കാണാം. അങ്ങിനെ വരുമ്പോഠം മുമ്പു വെളിച്ചം തട്ടിയിരുന്ന ഭാഗത്തു ഇപ്പോളിരുട്ടാകയും ചെയ്യും. ഗ്ലോബിനെ പിന്നേയും തിരിച്ചുകൊണ്ടിരുന്നാൽ വെളിച്ചവും ഇരുട്ടുമുള്ള ഭാഗങ്ങഠം മാറിവരുന്നതു കാണാം.

രാപ്പകലുകളുണ്ടാകുന്നതു ഇങ്ങിനെതന്നെയാണ്. സൂര്യ്യനാകുന്ന വിളക്കിനു നേരെ ഭൂമി തന്നെത്താൻ തിരിയുന്നുവെന്ന വ്യത്യാസം മാത്രമേയുള്ളു. ഭൂമി പടിഞ്ഞാറു നിന്നു കിഴക്കോട്ടാണ് തിരിയുന്നത്. സൂര്യ്യൻ കിഴക്കുദിപ്പാൻ അതാണു കാരണം. ഉദിക്കുന്ന സമയത്തു സൂര്യ്യൻ ആകാശത്തിൽ നന്ന താഴ്ന്നാണല്ലൊ കാണുന്നത്. സൂര്യ്യപ്രകാശം തട്ടുന്ന ഭൂഭാഗം അപ്പോഠം സൂര്യ്യഗോളത്തിൽ നിന്നു വളരെ അകലെയാണ്. ഭൂമി തിരിയുമ്പോഠം ആ ഭാഗം ക്രമേണ സൂര്യ്യന്നടുത്തുവരികയും 6 മണിക്കൂറിന്നുള്ളിൽ സൂര്യ്യന്നു നേരെ അഭിമുഖമായി വരികയും ചെയ്യുന്നു. അപ്പോഴാണ് നട്ടുച്ച. പിന്നെ ആ ഭൂഭാഗം ക്രമേണ സൂര്യ്യനിൽനിന്നു അകലുകയും അവിടെ ഇരുട്ടാകയും ചെയ്യുന്നു. സാധാരണയായി ഭൂമിയുടെ ഒരു ഭാഗത്തു 12 മണിക്കൂർ നേരം മാത്രമേ സൂര്യ്യപ്രകാശം തട്ടുകയുള്ളൂ. ആ സമയം പകലും ബാക്കിയുള്ള 12 മണിക്കൂർ രാവുമാകുന്നു. രാപ്പകലുകളുണ്ടാകുന്നതു എങ്ങിനെയാണെന്നു നിങ്ങഠംക്കു മനസ്സിലായല്ലൊ.

ഇത്തരത്തിലുള്ള ഭ്രമണത്തിനുപുറമെ ഭ്രമിക്കു മറെറാരു ചലനവും കൂടിയുണ്ടു്. അതിനു പരിവത്തനമെന്നു പേർ. സൂൎയ്യനെ പ്രദക്ഷിണം വെയ്ക്കുന്നതിന്നാണ് പരിവത്തനമെന്നു പറയുന്നതു്. ഈ പരിവത്തനംതന്നെയാണ് വാൎഷികചലനവും. ഇങ്ങിനെ സൂൎയ്യനെ ഒരിക്കൽ ചുററുന്നതിനു ഭ്രമിക്കു ഒരു വൎഷം സമയം ആവശ്യമാണ്. അതാണ് അതിനു വാൎഷികചലനമെന്നു പറവാൻ കാരണം. ഭ്രമി സൂൎയ്യനെ പ്രദക്ഷിണം വെയ്ക്കുന്നതു നിശ്ചിതമായ ഒരു പഥത്തിൽ കൂടിയാണ്. അതു ഏതാണ്ടു വൃത്താകാരവുമാണ്. പ്രദക്ഷിണപഥം ശരിയായ ഒരു വൃത്തമല്ലെന്നു ധരിക്കുക. ശരിയായ ഒരു വൃത്തമായിരുന്നുവെങ്കിൽ ഭ്രമിയും സൂൎയ്യനും എന്നും ഒരേ അകലത്തിൽ ത്തന്നെ നില്ക്കുമായിരുന്നു. അതല്ല വസ്തുത. ചില സമയത്തു ഭൂഗോളം സൂൎയ്യഗോളത്തിന്നു മററു സമയങ്ങളിലേക്കാളധികം അടുത്തുവരുന്നു. ഈ സംഗതി നിങ്ങൾ പ്രത്യേകം ഓൎമ്മവെയ്ക്കണം. അപ്രകാരംതന്നെ നിങ്ങൾ പ്രത്യേകം ഓൎമ്മവെയ്ക്കേണ്ടതായ മറെറാരു സംഗതികൂടിയുണ്ടു്. ഭ്രമിയുടെ അച്ചുതണ്ടു് എപ്പോഴും അല്പം ചരിഞ്ഞാണ് സ്ഥിതിചെയ്യുന്നതു് എന്ന സംഗതിതന്നെയാണതു്. ഇങ്ങിനെ ഒരു ചരിവുണ്ടായിരുന്നില്ലെങ്കിൽ പകലിനും രാവിനും ഏതു സമയത്തും ദൈൎഘ്യം തുല്യമാകുമായിരുന്നു. നമ്മുടെ അനുഭവം അതല്ലല്ലോ. അതിന്നു കാരണം ഈ ചരിവാണെന്നു ധരിക്കുക.

ശിവരാത്രിദിവസം അമ്പലത്തിൽ ആളുകൾ ഉരുളുന്നതു കണ്ടിട്ടുള്ള കുട്ടികൾക്കു ഭ്രമിയുടെ ഭ്രമണപരിവത്തനങ്ങൾ ഗ്രഹിപ്പാൻ എളുപ്പമാണ്.

ഭൂമിയുടെ അററങ്ങാംക്കു ധ്രുവങ്ങളെന്നു പേർ. വടക്കെ അററത്തിനു ഉത്തരധ്രുവമെന്നും, തെക്കേതിനു ദക്ഷിണധ്രുവമെന്നും പറയുന്നു.

ചില സ്ഥിതികളിൽ ഉത്തരധ്രുവം സൂൎയ്യന്നടുത്തും മററു ചില സ്ഥിതികളിൽ സൂൎയ്യനിൽനിന്നു അകന്നും വരും. ദക്ഷിണധ്രുവത്തിലും ഇതുതന്നെയാണ് അനുഭവം. ഉത്തരധ്രുവം സൂൎയ്യന്നടുത്തായാൽ ഭൂമിയുടെ ഉത്തരാൎദ്ധത്തിൽ ചൂടും വെളിച്ചവും അധികമായിരിക്കും. സൂൎയ്യന്നടുത്തു ദക്ഷിണധ്രുവമാണെങ്കിൽ, ദക്ഷിണാൎദ്ധത്തിലായിരിക്കും ചൂടും വെളിച്ചവും അധികം. ഒരു കൊല്ലത്തിന്നകത്തുതന്നെ ഇത്തരം വ്യത്യാസങ്ങാം ഉണ്ടാകാവുന്നതാണ്. പക്ഷേ കൊല്ലത്തിൽ രണ്ടു ദിവസം രണ്ടു ധ്രുവങ്ങളും സൂൎയ്യനിൽനിന്നു തുല്യമായ അകലത്തു സ്ഥിതിചെയ്യും. ആ രണ്ടു ദിവസങ്ങാം മാൎച്ച് 20-ാംനു-യും സെപ്തംബർ 22-ാംനു-യും—മീനം 6-ാംനു-യും കന്നി 6-ാംനു-യും ആണെന്നു ധരിക്കുക. അന്നു സൂൎയ്യൻ മദ്ധ്യരേഖയിന്മേലാണ്. അന്നു പകലിനും രാവിനും കൃത്യം 12 മണിക്കൂർ വീതമേ ദൈൎഘ്യമുണ്ടായിരിക്കു.

മാൎച്ച് 20-ാംനു കഴിഞ്ഞാൽ ഉത്തരഖണ്ഡത്തിൽ പകലിനു ദൈൎഘ്യം കൂടും. "മേഷാദൌ പകലേറും," എന്നു കേട്ടിട്ടില്ലേ? 6 മാസം കഴിയുമ്പോാം രാവിന്നായിരിക്കും ദൈൎഘ്യമേറുന്നതു്. ദക്ഷിണഖണ്ഡത്തിലെ നിവാസികളുടെ അനുഭവം ഇതിന്നു നേരെ വിപരീതമായിരിക്കും.

കാലഭേദങ്ങാംക്കും ഇതുതന്നെയാണ് കാരണം. ഒരു കാലത്തു സൂൎയ്യൻ ഉത്തരഖണ്ഡത്തിൽ അധികം നേ

രവും തലയ്ക്കു നേരേയും പ്രകാശിക്കും. അപ്പോരം അവിടെ ചൂടു കൂടും. മറെറാരു സമയത്തു ഈ അനുഭവം ദക്ഷിണഖണ്ഡത്തിലായിരിക്കും. ചൂടിൻെറ ഏററക്കുറച്ചിലിനെ അനുസരിച്ചിരിക്കും കാലഭേദങ്ങരം എന്നു നിങ്ങരംക്കറിയാമല്ലോ. കൊല്ലത്തിൽ 6 മാസക്കാലം സൂര്യൻ ഉത്തരഖണ്ഡത്തിലും 6 മാസക്കാലം ദക്ഷിണഖണ്ഡത്തിലുമായിരിക്കും പ്രകാശിക്കുന്നതു്. ഉത്തരായനം, ദക്ഷിണായനം എന്നു നിങ്ങരം കേട്ടിട്ടില്ലേ? ഏതാണ്ടു ധനു 30-ാംനു- (ഡിസംബർ 22-ാംനു-) ദക്ഷിണായനരേഖയിന്മേലെത്തുന്ന സൂര്യൻ വടക്കോട്ടു ചാറിക്കുന്നു. മൂന്നു മാസംകൊണ്ടു മദ്ധ്യരേഖയിന്മേലെത്തി വീണ്ടും വടക്കോട്ടു പോകുന്നു. മേടമാസത്തിലെ വിഷു നോക്കുക. മിഥുനം ഒടുവിൽ സൂര്യൻ ഉത്തരായനരേഖയിന്മേലെത്തുന്നു. ഉത്തരായനകാലമാണല്ലോ നമ്മുടെ വേനല്ക്കാലവും മഴക്കാലവും. സൂര്യൻെറ ദക്ഷിണായനകാലത്തു നമുക്കു മഞ്ഞു (കുളിരു) കാലമാണു്. അതിനുള്ള കാരണം നിങ്ങരംക്കു മനസ്സിലായിരിക്കുമല്ലോ. നാം ഉത്തരഖണ്ഡത്തിലാണു് വസിക്കുന്നതു്.

കാലഭേദങ്ങളെപ്പററി അധികം വിവരങ്ങരം നിങ്ങരം മുകളിലെ ക്ലാസ്സിൽ പഠിക്കുന്നതാണു്.

അദ്ധ്യായം 2.

സൌരയൂഥം.

നാം ആകാശത്തിൽ അനവധി ഗോളങ്ങരം കാണുന്നു. സാമാന്യമായി അവയെ നക്ഷത്രങ്ങളെന്നു വി

ളിക്കാം. വാസ്തവം പറയുന്നതായാൽ, നമ്മുടെ സൂൎയ്യനും ഒരു നക്ഷത്രമാണ്. പക്ഷേ, മററു നക്ഷത്രങ്ങളിൽനിന്നു വേർതിരിപ്പാൻ വേണ്ടി നാം ആ ഗോളത്തിനു ഈ പേർ കൊടുത്തിരിക്കുകയാണ്.

നക്ഷത്രങ്ങളെത്തന്നെ സ്ഥിരനക്ഷത്രങ്ങളെന്നും ചരനക്ഷത്രങ്ങളെന്നും വേർതിരിച്ചിരിക്കുന്നു. സൂൎയ്യൻ ഒരു സ്ഥിരനക്ഷത്രമാണ്. ഗ്രഹങ്ങളും ഉപഗ്രഹങ്ങളും ചരനക്ഷത്രങ്ങളാകുന്നു. സൂൎയ്യനെപ്പോലെയുള്ള 3,000 നക്ഷത്രങ്ങളെ നമ്മുടെ കണ്ണുകൊണ്ടു കാണാമത്രെ. ദൂരദൎശിനിക്കുഴൽ വെച്ചുനോക്കിയാൽ, അനേകായിരം നക്ഷത്രങ്ങളെ കാണാവുന്നതാണ്.

സൂൎയ്യനും അതിനെ ചുററുന്ന ഗ്രഹങ്ങളും കൂടിയ സംഘത്തിനാണ് സൌരയൂഥമെന്നു പറയുന്നത്. ഭൂമിയെ ചുററുന്ന ഉപഗ്രഹമായ ചന്ദ്രനും ഇതിലുൾപ്പെട്ടും. ഭൂമിയുൾപ്പെടെ 8 ഗ്രഹങ്ങളുണ്ടു്. അവ ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ, വ്യാഴം, ശനി, യുറാനസ്സ് (അരുണൻ), നെപ്ച്യൂൺ (വരുണൻ) എന്നിവയാണ്.

ഈ ഗ്രഹങ്ങളെല്ലാം സൂൎയ്യനിൽനിന്നു തുല്യദൂരത്തല്ല. ബുധനാണ് സൂൎയ്യനു ഏററവും അടുത്തിരിക്കുന്ന ഗ്രഹം. പിന്നെ അടുത്തതു ശുക്രനാകുന്നു. സൂൎയ്യനോടുള്ള അടുപ്പത്തിൽ മൂന്നാമത്തേതു ഭൂമിയും, നാലാമത്തേതു ചൊവ്വയും, അഞ്ചാമത്തേതു വ്യാഴവും, ആറാമത്തേതു ശനിയും, ഏഴാമത്തേതു അരുണനും, എട്ടാമത്തേതു വരുണനും ആകുന്നു.

ബുധൻ 88 ദിവസംകൊണ്ടും, ശുക്രൻ 225 ദിവസംകൊണ്ടും, ഭൂമി 365 ദിവസംകൊണ്ടും, ചൊവ്വ 687

ദിവസംകൊണ്ടും, വ്യാഴം 12 കൊല്ലംകൊണ്ടും, ശനി 29½ കൊല്ലംകൊണ്ടും, അരുണൻ 84 കൊല്ലംകൊണ്ടും വരുണൻ 165 കൊല്ലംകൊണ്ടും സൂൎയ്യനെ ഒരിക്കൽ ചുററുന്നു. സൂൎയ്യന്നു ഏററവും അടുത്തിരിക്കുന്ന ഗ്രഹമായ ബുധൻതന്നെ 3 കോടിയിലധികം നാഴിക ദൂരത്താത്രെ സ്ഥിതിചെയ്യുന്നതു്. സൂൎയ്യനിൽനിന്നു ഭൂമിയിലേക്കു 9 കോടി 30 ലക്ഷം നാഴിക ദൂരമുണ്ടല്ലൊ.

ഏററവും ചെറിയ ഗ്രഹം ബുധനും, ഏററവും വലിയതു വ്യാഴവുമാണു്.

ഏററവും പ്രകാശമുള്ള ഗ്രഹം ശുക്രനാണു്.

ഗ്രഹങ്ങളിൽ ബുധനെമാത്രം നാം കാണുന്നില്ല.

ഈ ഗ്രഹങ്ങളെല്ലാം ഒരുപോലെ ഉറച്ചവയല്ല. ബുധൻ, ശുക്രൻ, ചൊവ്വ എന്നിവ ഭൂമിയോളമൊ, ഭൂമിയേക്കാളധികമൊ ഉറച്ചവയാണത്രെ.

ശനിക്കു ചുററും ഒരു പ്രഭാപടലമുണ്ടു്.

ചൊവ്വക്കും വ്യാഴത്തിനും മദ്ധ്യേയുള്ള പാലാഴിയിൽ മററനവധി ചെറുഗ്രഹങ്ങളുണ്ടത്രെ.

അദ്ധ്യായം 3.

ഗ്രഹണങ്ങളും മററും.

ഭൂമിയോടു വളരെ അടുത്തിരിക്കുന്ന ഒരു ഗോളമാണു ചന്ദ്രൻ. അതു നന്ന ചെറിയ ഒരു ഗോളവുമാണു്. അതിനു ഭൂമിയുടെ $\frac{1}{49}$-ൽ ഒരു ഭാഗമേ വലിപ്പമുള്ളവത്രെ. ചന്ദ്രൻ ഭൂമിയിൽനിന്നു 2,40,000 നാഴികയകലെയാണത്രെ സ്ഥിതി ചെയ്യുന്നതു്. ചന്ദ്രൻ ഭൂമിയെ ചുററുന്ന

ഒരു ഗോളമാണല്ലൊ. ഇങ്ങിനെ ഭൂമിയെ ഒരിക്കൽ ചുററുന്നതിന്ന ചന്ദ്രന്നു ഒരു മാസം വേണം.

ചന്ദ്രന്ന സ്വയം പ്രകാശമില്ല. സൂൎയ്യന്റെ വെളിച്ചം തട്ടുമ്പോൾ മാത്രമാണ് അതു പ്രകാശിക്കുന്നതു്. ഭൂമിക്കു ഒരിക്കൽ ചുററിത്തിരിയുവാൻ 24 മണിക്കൂർ സമയം വേണമല്ലൊ.

ഭൂമിക്കു ചുററും സഞ്ചരിക്കുന്ന ചന്ദ്രൻ ഇടയ്ക്കു ഭൂമിക്കും സൂൎയ്യന്നും നടുവിൽ വരും. ചന്ദ്രന്റെ പ്രദക്ഷിണപഥം ഭൂമിക്കു ചുററുമാകയാൽ അങ്ങിനെ സംഭവിക്കാമല്ലൊ. അങ്ങിനെ വരുമ്പോൾ ചന്ദ്രന്റെ ഒരു അൎദ്ധഭാഗം സൂൎയ്യന്നഭിമുഖമായിരിക്കും. ആ ഭാഗത്താണല്ലൊ അപ്പോൾ സൂൎയ്യന്റെ വെളിച്ചം തട്ടുക. വെളിച്ചം തട്ടാത്ത ഭാഗം ഭൂമിക്കു അഭിമുഖമായിരിക്കും. അന്നു നാം ചന്ദ്രനെ കാണുന്നില്ല. ആ ദിവസം അമാവാസിയാകുന്നു.

ചന്ദ്രൻ ഭൂമിയെ പ്രദക്ഷിണം വെയ്ക്കുമ്പോൾ സൂൎയ്യപ്രകാശം തട്ടുന്നതിൽ ഓരോ ഭാഗം ഭൂമിക്കഭിമുഖമായ്വരും. അപ്പോൾ ആ ഭാഗം നാം കാണുന്നു. അതായതു, ചന്ദ്രനെ നാം അല്പാല്പമായി കാണുന്നു. ഇങ്ങിനെ 15 ദിവസം കഴിയുമ്പോൾ സൂൎയ്യപ്രകാശം തട്ടുന്ന ചന്ദ്രാൎദ്ധഭാഗം നാം മുഴുവൻ കാണുന്നു. അന്നാണ് പൌൎണ്ണമി.

കറുത്ത വാവു അഥവാ അമാവാസിദിവസം നാം ചന്ദ്രനെ കാണുന്നില്ലല്ലൊ. അന്നു ചന്ദ്രൻ സ്ഥിതിചെയ്യുന്നതു സൂൎയ്യന്നും ഭൂമിക്കും നടുവിലാണ്. പക്ഷേ, ഈ ഗോളങ്ങൾ ഒരേ വിതാനത്തിലായിക്കൊള്ളേണമെന്നില്ല. ചിലപ്പോൾ അങ്ങിനെ വരാവുന്നതുമാണ്. അപ്പോൾ സൂൎയ്യഗോളത്തെ ചന്ദ്രൻ മറയ്ക്കുന്നതാണ്. ഇങ്ങിനെ

സൂൎയ്യഗോളം ഭൂമിയിൽ എല്ലാവരുടെ ദൃഷ്ടിക്കും അഗോചരമാകേണമെന്നില്ല. സൂൎയ്യഗോളം ചന്ദ്രഗോളത്തേക്കാൾ വളരെയധികം വലുതാകയാൽ സൂൎയ്യഗോളത്തെ മുഴവൻ മറയ്ക്കുവാൻ ചന്ദ്രന്നു സാധിക്കാതെ വരുന്നു. ഇതിന്നു സൂൎയ്യഗ്രഹണമെന്നു പേർ.

ചില പൌൎണ്ണമി നാൾ ഭൂമി സൂൎയ്യന്നും ചന്ദ്രന്നും മദ്ധ്യേ വരും. മൂന്നു ഗോളങ്ങളും ഒരേ വിതാനത്തിൽ വരാവുന്നതുമാണു്. അപ്പോൾ ചന്ദ്രഗോളം ഭൂമിയാൽ മറയ്ക്കപ്പെടും. അതായതു, സൂൎയ്യപ്രകാശം ചന്ദ്രനിലെത്താതെ ഭൂമി തടുക്കും. അപ്പോൾ സോമഗ്രഹണമുണ്ടാകുന്നു.

അദ്ധ്യായം 4.

അൎദ്ധഗോളങ്ങൾ.

ഭൂമി ഒരു ഗോളമാണെന്നു നിങ്ങൾ പഠിച്ചുവല്ലൊ. അൎദ്ധഗോളം എന്നാൽ പകുതി ഗോളമെന്നാണല്ലൊ അൎത്ഥം. ഭൂഗോളത്തെ കിഴക്കെ അൎദ്ധഗോളമെന്നും, പടിഞ്ഞാറെ അൎദ്ധഗോളമെന്നും പേർതിരിയ്ക്കാം. അപ്രകാരംതന്നെ ഉത്തരാൎദ്ധഗോളവും ദക്ഷിണാൎദ്ധഗോളവുമുണ്ടു്.

കിഴക്കെ അൎദ്ധഗോളത്തിലാണു് കരയിൽ അധികഭാഗവും. ഭൂമിയുടെ ഉപരിഭാഗത്തിൻെറ വിസ്താരം ഏതാണ്ടു് 19 കോടി 70 ലക്ഷം ചതുരശ്രനാഴികയാണു്. ഇതിൽ 14 കോടി ചതുരശ്രനാഴിക വെള്ളവും ശേഷമുള്ളതു കരയുമാകുന്നു. കരയിൽ 3 കോടിയിലധികം

സ്ഥലം കിഴക്കെ അദ്ധഗോളത്തിലാണ്. അതിലുള്ള തിൻെറ പകുതി ഭാഗം കര മാത്രമേ പടിഞ്ഞാറെ അദ്ധഗോളത്തിലുള്ളു. പിഞ്ഞാറെ അദ്ധഗോളത്തിൽ വെള്ളമാണധികമെന്നു സിദ്ധമായല്ലൊ. കിഴക്കെ അദ്ധഗോളത്തിൽ ഏഷ്യ, യൂറോപ്പ്, ആഫ്രിക്ക, ഓഷ്യാനിയാ എന്നീ വൻകരകൾ കിടക്കുന്നു. പടിഞ്ഞാറെ അദ്ധഗോളത്തിൽ അമേരിക്ക മാത്രമേയുള്ളു. അമേരിക്കയെ വടക്കെ അമേരിക്ക, തെക്കെ അമേരിക്ക എന്നിങ്ങിനെ വിഭാഗിച്ചിരിക്കുന്നു. കിഴക്കെ അദ്ധഗോളത്തിൽ ഉത്തരധ്രുവസമുദ്രം, പസിഫിക്കുസമുദ്രം, അന്തലാന്തിക സമുദ്രം, ദക്ഷിണധ്രുവസമുദ്രം എന്നിവയുടെ ഏതാനും ഭാഗങ്ങളും ഹിന്തുസമുദ്രവും സ്ഥിതിചെയ്യുന്നു. പടിഞ്ഞാറെ അദ്ധഗോളത്തിൽ ഹിന്തുസമുദ്രമില്ല. മററെല്ലാ സമുദ്രങ്ങളുടേയും ഏതാനും ഭാഗം ആ അദ്ധഗോളത്തിലുമുണ്ട്.

ഉത്തരാദ്ധഗോളത്തിൽ ദക്ഷിണാദ്ധഗോളത്തിലുള്ളതിനേക്കാളധികം കരയുണ്ട്. ഏഷ്യ, യൂറോപ്പ്, വടക്കെ അമേരിക്ക എന്നീ വൻകരകളുടെ എല്ലാ ഭാഗവും ഉത്തരാദ്ധഗോളത്തിലാണ്. ആഫ്രിക്കയുടെ കുറച്ചു ഭാഗവും ഈ അദ്ധഗോളത്തിലാകുന്നു. ദക്ഷിണാദ്ധഗോളത്തിൽ ഓഷ്യാനിയയും തെക്കെ അമേരിക്കയും കിടക്കുന്നു. ഉത്തരാദ്ധഗോളത്തിൽ ഉത്തരധ്രുവസമുദ്രം, അന്തലാന്തികസമുദ്രം, പസിഫിക്കുസമുദ്രം, ഹിന്തുസമുദ്രം എന്നിവയുടെ ഏതാനും ഭാഗങ്ങൾ കിടക്കുന്നു. അന്തലാന്തികസമുദ്രം, പസിഫിക്കുസമുദ്രം, ഹിന്തുസമുദ്രം എന്നിവയുടെ ഏതാനും ഭാഗങ്ങളും ദക്ഷിണധ്രുവസമുദ്രവും ദക്ഷിണാദ്ധഗോളത്തിലാണ്.



THE WORLD IN HEMISPHERES.

ഇന്ത്യാസാമ്രാജ്യം

രണ്ടാം ഖണ്ഡം.

അദ്ധ്യായം 1.

ഇന്ത്യാ—സ്ഥാനം, വലിപ്പം.

ഏഷ്യയിൽനിന്നു തെക്കോട്ടു തള്ളിക്കിടക്കുന്ന അർദ്ധദ്വീപുകളിൽ നടുവിലത്തേതാണ് ഇന്ത്യ. മദ്ധ്യരേഖയ്ക്കു വടക്കുഭാഗത്തു കിടക്കുന്ന ഒരു രാജ്യമാണിത്. ഇന്ത്യയുടെ വടക്കെ അററം 37 ഡിഗ്രി വടക്കെ അക്ഷരേഖയിന്മേലും, തെക്കെ അററം 8 ഡിഗ്രി വടക്കെ അക്ഷരേഖയിന്മേലുമാണ്. രാജ്യത്തിൻെറ പടിഞ്ഞാറെ അററം 60 ഡിഗ്രി കിഴക്കെ അക്ഷാംശരേഖയിന്മേലും കിഴക്കെ അററം 90 ഡിഗ്രി കിഴക്കെ അക്ഷാംശരേഖയിന്മേലും സ്ഥിതിചെയ്യുന്നു. ഇന്ത്യക്കു വടക്കുനിന്നു തെക്കോട്ട് 2,000 നാഴിക നീളവും കിഴക്കുനിന്നു പടിഞ്ഞാട്ട് അത്ര തന്നെ വീതിയുമുണ്ട്. 1937 ഏപ്രിൽ 1-ാംനു- മുതൽ ബർമ്മ ഇന്ത്യയിൽനിന്നു വേർതിരിയ്ക്കപ്പെട്ടിരിക്കുന്നു. ബർമ്മയുടെ വിസ്താരം 2,30,000 ചതുരശ്രനാഴികയാണ്. അതു മുമ്പിലത്തെ ഇന്ത്യാസാമ്രാജ്യത്തിൻെറ വിസ്താരത്തിൽനിന്നു കുറക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു ഇന്ത്യയുടെ ഇപ്പോഴത്തെ വിസ്താരം 15 ലക്ഷത്തിനുമീതെ 16 ലക്ഷത്തിനു താഴെ വരുന്ന ചതുരശ്രനാഴിക മാത്രമാണ്.

ഉത്തരായനരേഖ ഗംഗാനദിയുടെ മുക്കോൺതുരു ത്തിൽ കൂടിയാണ് പോകുന്നതു്. ആ രേഖയ്ക്കു തെക്കും വടക്കും രാജ്യത്തിൻെറ നീളം ഏതാണ്ടു തുല്യമാണ്. തെക്കെ അററം ത്രികോണാകൃതിയിലുള്ള ഒരു അദ്ധ്വീപാണല്ലൊ. അതു ഹിന്തുസമുദ്രത്തിലേക്കു തള്ളിക്കിടക്കുന്നു. രാജ്യത്തിൻെറ തെക്കെ അററം കന്യാകുമാരി മുനമ്പാണെന്നു നിങ്ങഠംക്കറിയാമല്ലൊ. ഇന്ത്യയുടെ വടക്കുഭാഗത്തുള്ള ഹിമാലയൻ മലകഠംക്കപ്പുറത്തു റഷ്യ, തുക്കിസ്ഥാൻ, തിബററു എന്നീ രാജ്യങ്ങഠം സ്ഥിതിചെയ്യുന്നു. കിഴക്കെ അതിരു ബമ്മയാണ്. തെക്കുഭാഗത്തു ഹിന്തുമഹാസമുദ്രമാണുള്ളതെന്നു നാം കണ്ടുവല്ലൊ. പടിഞ്ഞാറുഭാഗത്തു പേഷ്യ, ആഫ്ഗനിസ്ഥാൻ എന്നീ രാജ്യങ്ങളും അറബിക്കടലും സ്ഥിതിചെയ്യുന്നു.

മദ്രാസ് സംസ്ഥാനത്തിൻെറ വിസ്താരം 1,20,000 ചതുരശ്രനാഴികയാണ്. നമ്മുടെ രാജ്യമായ കൊച്ചിയുടെ വിസ്താരം 1,417 ചതുരശ്രനാഴികയാണെന്നു നിങ്ങഠംക്കറിയാം. നമ്മുടെ രാജ്യത്തിൻെറ ഏതാണ്ടു 80 ഇരട്ടി വലുതാണ് മദ്രാസ് സംസ്ഥാനമെന്നും അതിൻെറ 13 ഇരട്ടി വലുതാണ് ഇന്ത്യയെന്നും അറിയുക.

അദ്ധ്യായം 2.

സ്വാഭാവികവിഭാഗങ്ങഠം

സ്ഥാനം, ഭൂപ്രകൃതി, കാലാവസ്ഥ, സ്വാഭാവികമായ സസ്യാദികഠം എന്നിവ ഏതാണ്ടു ഒന്നുപോലെയിരി



INDIA - Physical.

ക്കുന്ന വിഭാഗങ്ങളെയാണ് സ്വാഭാവികവിഭാഗങ്ങളെന്നു പറയുന്നത്. ഇവയെ അടിസ്ഥാനമാക്കി ഇന്ത്യയെ 5 പ്രധാന സ്വാഭാവികവിഭാഗങ്ങളാക്കാം. അവ ഹിമാലയൻതടം, സിന്ധു-ഗംഗാസമതലം, ദക്ഷിണോന്നത തടം, പൂർവ്വപശ്ചിമതീരപ്രദേശങ്ങൾ, വടക്കുപടിഞ്ഞാറൻ ഇന്ത്യ എന്നിവതന്നെ.

ഹിമാലയൻതടം—ഇന്ത്യയുടെ വടക്കുഭാഗത്തായി ഹിമാലയമല സ്ഥിതിചെയ്യുന്നുവെന്നു നാം കണ്ടു. ആ മലകളിൽ ഹിമാലയവും, ട്രാൻസ് ഹിമാലയവും, ഹിമാലയത്തിൻെറ കിഴക്കോട്ടും പടിഞ്ഞാട്ടുമുള്ള ശാഖകളും ഉൾപ്പെടും. പാമീർ ഗ്രന്ഥിയിൽനിന്നാണ് ഹിമാലയത്തിൻെറ പുറപ്പാട്. ആ മലനിര സിന്ധുവിൻേറയും ബ്രഹ്മപുത്രയുടേയും വളവുകൾക്കിടയിൽ തെക്കുകിഴക്കോട്ടായി ഒരു വാളുപോലെ വളഞ്ഞുകിടക്കുന്നു. അതിൽ സമാന്തരങ്ങളായ മൂന്നു നിരകളുണ്ട്. അവ ബഹിർ ഹിമാലയനിര, മുഖ്യനിര, അന്തർനിര എന്നിവയാണ്. രണ്ടാമത്തേയും മൂന്നാമത്തേയും നിരകൾക്കുള്ളിലാണ് കാശ്മീരം.

പാമീർ ഗ്രന്ഥിയിൽനിന്നുതന്നെയാണ് കാരക്കൊറത്തിൻേറയും പുറപ്പാട്. അതു സിന്ധുവിൻെറ ഉത്ഭവസ്ഥാനംവരെ നീണ്ടുകിടക്കുന്നു. ഗോഡ്വിൻ ആസ്റ്റൻ എന്ന കൊടുമുടി കാരക്കൊറം മലയിലുള്ളതാണ്. ഗൌരീശങ്കരം കഴിഞ്ഞാൽ പിന്നെ ലോകത്തിലെ ഏററവും വലിയ കൊടുമുടി അതാണ്. കൈലാസപർവ്വതത്തിൽ നിന്നാണ് സിന്ധു, സത്‌ലജ്, ബ്രഹ്മപുത്ര എന്നീ നദികൾ ഉത്ഭവിക്കുന്നത്.

സിന്ധു-ഗംഗാസമതലം—ഈ മൈതാനത്തിൻെറ വടക്കഭാഗം, വടക്കപടിഞ്ഞാറൻഭാഗം, കിഴക്കഭാഗം എന്നിവിടങ്ങളിൽ മലകഠ ചുമർപോലെ നില്ക്കുന്നു. ഇതിനു കടൽതൊട്ടു കടൽവരെ 2,000 നാഴിക നീളവും 150 മുതൽ 200 വരെ നാഴിക വീതിയുമുണ്ടു്. ലോകത്തിലെ ഏററവുമധികം ജനസംഖ്യയുള്ളതും, ഫലസമൃദ്ധവുമായ പ്രദേശങ്ങളിലൊന്നാണിതു്. ഒരു കാലത്തു ഈ ഭാഗം കടലിന്നടിയിലായിരുന്നു. പിന്നീടുണ്ടായ ഭൂകമ്പംകൊണ്ടു ഹിമാലയം ഉയൎന്നുവന്നുവെന്നാണു് ഭൂമിശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ഹിമാലയത്തിൽനിന്നു ഒഴുകിവന്ന നദികളിലെ ഊറൽമണ്ണു വീണിട്ടാണു് ഈ മൈതാനമുണ്ടായതു്. ഈ മൈതാനത്തിൽ ഒരു സ്ഥലവും കടൽനിരപ്പിൽനിന്നു 700 അടിയിലധികം ഉയരത്തിലല്ല. സിന്ധു, ഗംഗാ, ബ്രഹ്മപുത്ര എന്നീ നദികഠ ഈ സമതലത്തിൽ കൂടിയാണു് പ്രവഹിക്കുന്നതു്.

പീഠഭൂമി—സിന്ധു ഗംഗാ സമതലത്തിൻെറ തെക്കഭാഗത്തുള്ള ഇന്ത്യ ഒരു ഉന്നതപ്രദേശമാണു്. ഈ ഉന്നതഭൂമിയുടെ ഉപരിതലം കട്ടപ്പമേറിയ പാറക്കൂട്ടങ്ങളുള്ളതും, കുന്നും മേട്ടമായി കിടക്കുന്നതുമാകുന്നു. നൎമ്മദാ, സോൺ എന്നീ നദികഠ ഈ പീഠഭൂമിയെ രണ്ടു ഖണ്ഡങ്ങളാക്കി വിഭാഗിക്കുന്നു. അവ മാഠവ പീഠഭൂമിയും, ഡക്കാൻ പീഠഭൂമിയും ആകുന്നു. മാഠവ പീഠഭൂമി ചെറിയതാണു്. അതിൻെറ ചരിവു ഗംഗയിലേക്കാണു്. തെക്കെ ഭാഗമായ ഡക്കാൻ പീഠഭൂമിയിൽ അൎദ്ധദ്വീപിൻെറ ഒട്ടുമുക്കാൽ ഭാഗവും അടങ്ങിയിരിക്കുന്നു.

തീരപ്രദേശങ്ങഠ—ഡെക്കാൺ പീഠഭൂമിയുടെ പടി

ഞ്ഞാറുഭാഗത്തും കിഴക്കുഭാഗത്തും ഓരോ തീരപ്രദേശമുണ്ട്. പടിഞ്ഞാറെ തീരം കാമ്പേ ഉൾക്കടലിൻെറ തീരം മുതൽ തെക്കെ കന്യാകുമാറി മുനമ്പുവരെ സമുദ്രത്തിനും പീഠഭൂമിയുടെ പടിഞ്ഞാറെ അതിരായ കുന്നുകൾക്കും മദ്ധ്യേ ഒരു തിട്ടു കിടക്കുന്നു. ഈ തിട്ടിന്നു ശരാശരി 40 നാഴികയിലധികം വീതിയില്ല. ഇതിൻെറ വടക്കുഭാഗത്തിന്നു കൊങ്കണമെന്നും തെക്കുഭാഗത്തിന്നു മലയാളക്കരയെന്നും പറയുന്നു. ഇവിടെ മഴ സുലഭമാണ്. നെല്ലാണ് പ്രധാനവിളവ്. കറാച്ചി, ബോംബെ, കൊച്ചി മുതലായ തുറമുഖങ്ങൾ ഈ തീരത്താകുന്നു.

ഗംഗാമുഖം മുതൽ കന്യാകുമാരിവരെ നീണ്ടുകിടക്കുന്നതായി കിഴക്കെ തീരത്തും ഒരു തിട്ടുണ്ട്. ഈ തിട്ടിന്നു പശ്ചിമതീരത്തുള്ളതിനേക്കാളധികം വീതി കാണാം. തെക്കെ അററത്തു പൂർവ്വഘട്ടം പടിഞ്ഞാട്ടു തിരിയുന്നു. അതിനാൽ തെക്കെ അററത്തിന്നു വീതി കൂടുതലാണ്. പൂർവ്വതീരത്തിനാസകലം മോഴമണ്ഡലക്കരയെന്നു പറയുന്നു. തെക്കെ അററത്തിന്നു കരനാടകമെന്നാണു പേർ. പടിഞ്ഞാറെ തീരത്തുകൂടി വലിയ നദികളൊന്നും പ്രവഹിക്കുന്നില്ല. പൂർവ്വതീരത്തു മഹാനദി, ഗോദാവരി, കൃഷ്ണ, കാവേരി എന്നീ നദികളുടെ മുക്കോൺ തുരുത്തുകൾ കിടക്കുന്നു. ഈ തീരത്തിലെ മണ്ണു മണൽ ചേൎന്നതാകുന്നു. പൂർവ്വതീരം ഒരു കാലത്തു സമുദ്രവിതാനത്തിന്നു താഴെയാണ് കിടന്നിരുന്നതു്. കാലക്രമേണ അതു സമുദ്രവിതാനത്തിൽനിന്നും പൊന്തിത്തുടങ്ങി. അതുകൊണ്ടാണ് അവിടെ സ്വാഭാവികമായ നൌകാശയങ്ങൾ ഇല്ലാതായതു്.

വടക്കുപടിഞ്ഞാറൻപ്രദേശം—സിന്ധുവിൻെറ മുക്കോൺ തുരുത്തായ സിണ്ട്, രാജപുട്ടാന, ബ്ലൂചിസ്ഥാൻ മുതലായ സ്ഥലങ്ങളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഇന്ത്യയിലെ മററു സ്ഥലങ്ങളിലുള്ളത്ര ഉഷ്ണമേ ഇവിടെ ഉള്ളവെങ്കിലും ഇവിടെ മഴ നന്ന കുറവാകയാൽ മററു പ്രദേശങ്ങളേക്കാൾ ഉഷ്ണം തോന്നും.

അദ്ധ്യായം 3.

രാഷ്ട്രീയവിഭാഗങ്ങൾ.

ഭരണാധികാരികളെ നോക്കി ഇന്ത്യയെ ബ്രിട്ടീഷുകാർ നേരിട്ടു ഭരിക്കുന്ന സംസ്ഥാനങ്ങൾ, സാമന്തരാജ്യങ്ങൾ, സ്വതന്ത്രരാജ്യങ്ങൾ, വിദേശീയരാജ്യങ്ങൾ എന്നിങ്ങിനെ 4 തരമാക്കി തിരിക്കാം.

ആദ്യത്തെ വിഭാഗത്തിൽ 17 സംസ്ഥാനങ്ങളുണ്ട്. അവ ആസ്സാം, ബങ്കാൾ, ബീഹാർ, ഒറീസ്സ, ഏകോപിച്ച സംസ്ഥാനം, ദൽഹി, പഞ്ചാബ്, ബലൂചിസ്ഥാൻ, അജമീർ, മെർവാറ, സിണ്ടു, ബോംബെ, മദ്ധ്യസംസ്ഥാനം, മദ്രാസ്, കൂർഗ്ഗ്, വടക്കുപടിഞ്ഞാറൻ സംസ്ഥാനം, ആൻഡമൻ-നിക്കോബാർ, പാന്ത്പിപ്ലോഡ എന്നിവയാകുന്നു. ഇവയിൽ 11 എണ്ണത്തിലെ ഭരണാധികാരികൾ ഗവർണ്ണർമാരാണ്. അവ ആസ്സാം, ബങ്കാൾ, ബീഹാർ, ഒറീസ്സ, ഏകോപിച്ച സംസ്ഥാനം, പഞ്ചാബ്, സിണ്ട്, വടക്കുപടിഞ്ഞാറൻ സംസ്ഥാനം, ബോംബെ, മദ്ധ്യസംസ്ഥാനം, മദ്രാസ് എന്നിവയാകുന്നു. ബാക്കി



INDIA - Population and Rainfall.

യുള്ള 6 സംസ്ഥാനത്തിലെ ഭരണാധികാരികൾ ചീഫ് കമ്മീഷണർമാരാണ്. അവ ദൽഹി, അജ്മീർ, മെർവാറ, ബലൂചിസ്ഥാൻ, കുടക്, ആൻഡമൻ–നിക്കോബാർ, പാന്ത്പിപ്ലോഡ എന്നിവയാണ്.

രണ്ടാമത്തെ വിഭാഗത്തിൽ ഇന്ത്യയിലുള്ള 562 നാട്ടുരാജ്യങ്ങളും ഉൾപ്പെട്ടു. അവയിൽ പ്രധാനമായവ ഹൈദരാബാദ്, കാശ്മീർ. മൈസൂർ, ബറോഡ, ഗ്വാളിയോർ, ഇന്തോർ, പട്ടിയാല, ബിക്കാനിയർ, തിരുവിതാംകൂർ, കൊച്ചി മുതലായവതന്നെ.

നീപ്പാളും ബൂട്ടാനും സ്വതന്ത്രരാജ്യങ്ങളാണ്.

പുതുശ്ശേരി മുതലായ പരന്ത്രീസ്സുരാജ്യങ്ങളും ഗോവ മുതലായ പോർത്തുഗീസ്സുരാജ്യങ്ങളുമാണ് നാലാമത്തെ ഇനത്തിലുൾപ്പെട്ടവ.

അദ്ധ്യായം 4

ജനങ്ങൾ.

1931_ലെ കാനേഷുമാരി കണക്കപ്രകാരം ഇന്ത്യയിൽ 35,29,86,876 ജനമുണ്ട്. ഇവരിൽ18,19,21,914 പുരുഷന്മാരും, 17,10,64,962 സ്ത്രീകളുമാണ്. ബ്രിട്ടീഷിന്ത്യയിൽത്തന്നെ 26 കോടി അഥവാ 74 ശതമാനം ജനങ്ങളുണ്ട്. ബാക്കിയുള്ള 9 കോടി അഥവാ 26 ശതമാനം ജനങ്ങൾ നാട്ടുരാജ്യങ്ങളിലാണ്.

ആകെയുള്ള 35 കോടിയിൽ 23 കോടി ഹിന്തുക്കളും, 7 കോടി മുസ്ലിമുകളും, 60 ലക്ഷം ക്രിസ്ത്യാനികളും, 43 ലക്ഷം സിക്കുകാരുമാണ്.

രാജ്യത്തിൻെറ എല്ലാ ഭാഗത്തും ജനം ഒരുപോലെ ഇടതിങ്ങിയല്ല പാക്കുന്നതു്. ചതുരശ്രനാഴികക്ക 4 മുതൽ 400 വരെ ജനങ്ങഠം താമസിക്കുന്നുണ്ടു്. കൊച്ചിരാജ്യത്തുള്ള ചതുരശ്രനാഴികക്ക 814 വീതം ആണെന്നു ധരിക്കുക. പശ്ചിമോത്തരസംസ്ഥാനം, മദ്ധ്യേന്ത്യയിലെ കുന്നിൻപ്രദേശങ്ങഠം,വിശാഖപട്ടണത്തിലെ ഏജൻസി എന്നിവിടങ്ങളിൽ ജനത്തിരക്ക നന്ന കുറവാണു്. സിന്ധുഗംഗാതടം, ദക്ഷിണേന്ത്യ, സമുദ്രതീരങ്ങഠം എന്നിവിടങ്ങളിലാണു് ജനത്തിരക്കധികം. ഗംഗാതടത്തിൽത്തന്നെ ബീഹാരത്തിലാണു് തിരക്ക ഏററവുമധികമുള്ളതു്.

പട്ടണങ്ങളിലേക്കാളധികം ആളുകഠം നാട്ടിൻപുറങ്ങളിലാണു് താമസിക്കുന്നതു്.

ഇന്ത്യയിൽ ഇന്നു കാണുന്ന ജനങ്ങളെ ദ്രാവിഡർ, ഇന്തോ–ആൎയ്യന്മാർ, മങ്കോളിയർ എന്നിങ്ങിനെ 3 വൎഗ്ഗക്കാരാക്കിത്തിരിയ്ക്കാം. ഈ വൎഗ്ഗങ്ങളുടെ സങ്കലനംകൊണ്ടുണ്ടായ ഉപവൎഗ്ഗങ്ങളുമുണ്ടു്. ഉപവൎഗ്ഗങ്ങളിൽ പ്രധാനമായവ ആൎയ്യോ–ദ്രാവിഡന്മാർ, മങ്കോളോ–ദ്രാവിഡന്മാർ, സിതിയൊ–ദ്രാവിഡന്മാർ, തുൎക്കോ–ഐറേനിയന്മാർ എന്നിവയാകുന്നു.

ബലൂചിസ്ഥാൻ, വടക്കുപടിഞ്ഞാറെ സംസ്ഥാനം എന്നിവിടങ്ങളിലെ ജനങ്ങഠം തുൎക്കോ–ഐറേനിയൻ വൎഗ്ഗക്കാരാണു്. അവൎക്ക വീതിയുള്ള തലയും, ഉയൎന്ന മൂക്കും, വെളുത്ത നിറവും, കറുത്ത കണ്ണുകളുമുണ്ടു്.

പഞ്ചാബു്, രാജപുത്രസ്ഥാനം, കാശ്മീർ എന്നിവിടങ്ങളിലെ ജനങ്ങഠം ഇന്തോ–ആൎയ്യവൎഗ്ഗക്കാരാണു്. അവൎക്ക സാമാന്യം ഉയരമുണ്ടു്. അവരുടെ തലമുടിയും ക

ണ്ണുകളും കറുത്തിരിക്കുന്നു. അവരുടെ തലയോട്ട നീണ്ടും മൂക്കു വീതികുറഞ്ഞു ഉയന്നുമിരിക്കുന്നു.

മഹാരാഷ്ട്രന്മാർ, കൂൎഗ്ഗിലെ ജനങ്ങൾ എന്നിവർ സിതിയോ_ദ്രാവിഡന്മാരാണു്. അവക്കു വളരെ ഉയരമില്ല. അവരുടെ തലയോട്ട നീണ്ടും, മുഖം പരന്നും, മൂക്കു നീളം കുറഞ്ഞുമിരിക്കുന്നു.

ഐക്യസംസ്ഥാനം, ബീഹാർ, ഒറീസ്സ, രാജപുത്ര സ്ഥാനത്തിലെ ചില ഭാഗങ്ങൾ എന്നിവിടെ ആയ്യോ_ദ്രാവിഡവൎഗ്ഗക്കാരെ കാണുന്നു.

ബങ്കാൾ, ബീഹാർ, ഒറീസ്സ എന്നിവിടങ്ങളിൽ മങ്കോളോ_ദ്രാവിഡന്മാർ വസിക്കുന്നു. അവരുടെ തലയോട്ട പരന്നും മുഖം കറുത്തുമിരിക്കുന്നു.

ആസ്സാം, നീപ്പാൾ, ഹിമാലയൻതടം എന്നിവിടങ്ങളിലെ ജനങ്ങൾ മങ്കോളിയൻവൎഗ്ഗക്കാരാകുന്നു. അവരുടെ കൺപോളകൾ പതിഞ്ഞിരിക്കുന്നു. മുഖത്തു അല്പം മഞ്ഞനിറം കാണും.

ദക്ഷിണേന്ത്യാ, മദ്ധ്യേന്ത്യാ, ഛോട്ടനാഗപുരം, മദ്ധ്യസംസ്ഥാനം എന്നിവിടങ്ങളിലെ ജനങ്ങൾ ദ്രാവിഡന്മാരാണു്.

ഇന്ത്യയിലെ പ്രധാനമതങ്ങൾ ഹിന്തുമതം, മുഹമ്മദ്മതം എന്നിവയാണെന്നു പറഞ്ഞുവല്ലോ. ഇവിടെ ക്രിസ്തുമതം, ബുദ്ധമതം, പാർസിമതം, ജൈനമതം, പിതൃപൂജമതം (ദേവതാരാധനമതം) എന്നിവയും പ്രചാരത്തിലിരിക്കുന്നു. ഏതാണ്ടു് 45 ലക്ഷം സിക്കുകാരും 10 ലക്ഷം ജൈനന്മാരും ഇവിടെയുണ്ടു്. ഏതാണ്ടു ഒരു കോടി ജനം ദേവതാരാധനക്കാരാണു്. വനപ്രദേശങ്ങളിലെ ജ

നങ്ങളാണ് ദേവതാരാധനക്കാർ. ഏതാണ്ട ഒരു കോടി ബുദ്ധമതക്കാരുമുണ്ട്. അവരെ അധികമായി കാണുന്നതു ബമ്മയിലാകുന്നു. ജൈനന്മാർ അധികമായി വസിക്കു ന്നതു രാജപുത്രസ്ഥാനത്തിലാണ്. അവരുടെ സംഖ്യ ഏതാണ്ട 12 ലക്ഷമാണ്. ബോംബെ നഗരമാണ് പാഴ്സികളുടെ സങ്കേതസ്ഥാനം. ഒരു ലക്ഷത്തോളം പാഴ്സികളെ ഇവിടെയുള്ളു. സിക്കുകാരുടെ സങ്കേതം പഞ്ചാബാകുന്നു.

ഇന്ത്യയിൽ ഇന്നു 200-ൽ അധികം ഭാഷകൾ സംസാരിച്ചുവരുന്നു. അവയെ മുണ്ടഭാഷകൾ, ദ്രാവിഡഭാഷകൾ, ഇന്തോ-യൂറോപ്യൻഭാഷകൾ, തിബറ്റോ-ചൈനീസുഭാഷകൾ എന്നിങ്ങിനെ പ്രധാനമായി 4 ഇനങ്ങളാക്കാം.

മുണ്ടഭാഷകളെ കൊലേരിയൻ ഭാഷകളെന്നും വിളിക്കുന്നു. ഉദ്ദേശം 40 ലക്ഷം ജനം ഈ ഭാഷകൾ സംസാരിക്കുന്നു. ചോട്ടാനാഗപുരത്തിലാണ് ഈ ഭാഷകൾ ഇപ്പോൾ അധികം പ്രചാരത്തിലിരിക്കുന്നതു്.

വടക്കുകിഴക്കെ ഇന്ത്യ, തിബററിൻേറയും ഇന്ത്യയുടേയും അതിത്തി, ബമ്മ എന്നിവിടങ്ങളിൽ തിബറ്റോ-ബമ്മൻ ഭാഷകളാണ് സംസാരിച്ചുവരുന്നതു്. ഇവയിൽ പ്രധാനമായതു് ബമ്മീസുതന്നെ. ആകെ 1 കോടി 30 ലക്ഷം ജനം ഈ ഭാഷകൾ സംസാരിക്കുന്നു.

ദ്രാവിഡഭാഷകളെ ദ്രാവിഡഭാഷകളെന്നും ആന്ധ്രഭാഷകളെന്നും രണ്ടായി തിരിയ്ക്കാം. ആന്ധ്രഭാഷകളിൽ പ്രധാനമായതു തെലുങ്കാകുന്നു. 2 കോടി 36 ലക്ഷം ജനം ഈ ഭാഷകൾ സംസാരിക്കുന്നു.

ദ്രാവിഡഭാഷകളിൽ പ്രധാനമായവ തമിഴ്, കർണ്ണാടകം, മലയാളം എന്നിവയാകുന്നു.

1 കോടി 87 ലക്ഷം ജനം തമിഴ സംസാരിക്കുന്നു.

മൈസൂരിലും ദക്ഷിണഖണ്ഡത്തിൻെറ നടുവിലും കർണ്ണാടകം സംസാരിച്ചുവരുന്നു. ഏകദേശം ഒരു കോടി പതിനാലായിരം ജനം ഈ ഭാഷ സംസാരിക്കുന്നു.

മലബാറിലേയും, കൊച്ചിയിലേയും, തിരുവിതാംകൂറിലേയും ഭാഷയാണ് മലയാളം. 80 ലക്ഷം ജനം ഈ ഭാഷ സംസാരിക്കുന്നു.

6 കോടിയിലധികം ജനം സംസാരിക്കുന്നതു ദ്രാവിഡഭാഷകളാണ്.

22 കോടിയിലധികം ജനങ്ങൾ ഇന്തോ-ആര്യൻ ഭാഷകളാണു സംസാരിക്കുന്നത്. ഈ വർഗ്ഗത്തിൽ 17 ഭാഷകളുണ്ട്. ഏവയും സംസ്കൃതത്തിൽനിന്നുണ്ടായവയാണ്.

ഇവയിൽ പ്രധാനമായതു ഹിന്ദിതന്നെ. ഏകദേശം 10 കോടി ജനം ഈ ഭാഷ സംസാരിക്കുന്നു. ഇതിൻെറ ഒരു വകഭേദം മാത്രമാണ് ഹിന്ദുസ്ഥാനി.

രാജസ്ഥാനിയാണ് മറെറാരു ആര്യഭാഷ. ഇതു രാജപുത്രസ്ഥാനത്തു പ്രചാരത്തിലിരിക്കുന്നു. ഒരു കോടി 25 ലക്ഷം ജനം ഈ ഭാഷ സംസാരിക്കുന്നു.

ഗുജാററിലെ ഭാഷയാണ് ഗുജറാത്തി. 95 ലക്ഷം ജനം ഈ ഭാഷ സംസാരിക്കുന്നു.

സിക്കുകാരുടെ ഭാഷയാണ് പഞ്ചാബി. ഒരു കോടി അറുപതു ലക്ഷം ജനം ഈ ഭാഷ സംസാരിക്കുന്നു.

2 കോടി ജനങ്ങളുടെ മാതൃഭാഷയാണ് മറാത്തി.

80 ലക്ഷം ജനം സിണ്ടി സംസാരിക്കുന്നു.

ഉറിയ ഭാഷ സംസാരിക്കുന്നവരായി ഒരു കോടി ജനമുണ്ട്. ഈ ഭാഷ സംസാരിക്കുന്ന ജനങ്ങളിൽ അധികഭാഗവും ഇന്നത്തെ ഒറീസ്സയിലാണ്.

ബങ്കാളികളുടെ മാതൃഭാഷയാണ് ബങ്കാളി. 5 കോടി ജനം ആ ഭാഷ സംസാരിക്കുന്നു.

ഏകദേശം 4 കോടി ജനം ബീഹാരിഭാഷ സംസാരിക്കുന്നു.

15 ലക്ഷം ആസ്സാമികൾ ആസ്സാമീസ് ഭാഷ സംസാരിക്കുന്നു.

ഇങ്ങിനെ നമ്മുടെ രാജ്യത്തു അനവധി ഭാഷകൾ സംസാരിക്കുന്നതുകൊണ്ട് വളരെ വൈഷമ്യം നേരിടുന്നുണ്ട്. തെക്കെ ഇന്ത്യയിൽനിന്നു ഒരാൾ വടക്കെ ഇന്ത്യയിൽ ചെന്നാൽ ആയാൾക്കു അവിടെയുള്ളവരോടു സംസാരിപ്പാൻ പ്രയാസമാകുന്നു. ആയാൾ പറയുന്നതു എന്തെന്നു അവക്കു മനസ്സിലാകുന്നില്ല. വടക്കെ ഇന്ത്യയിൽനിന്നു ഒരാൾ തെക്കെ ഇന്ത്യയിൽ വന്നാലും ഇതു തന്നെയാണ് സ്ഥിതി. പഞ്ചാബിൽനിന്നു ഒരാൾ ബങ്കാളത്തിലെത്തിയാലും മദ്രാസ്സിൽനിന്നു ഒരാൾ മഹാരാഷ്ട്രത്തിലെത്തിയാലും ഈ വൈഷമ്യം നേരിടുന്നു. മദ്രാസുസംസ്ഥാനത്തിൽതന്നെ 4 ഭാഷകൾ സംസാരിക്കുന്നുണ്ട്. മലബാറിൽനിന്നു ഒരാൾ സേലത്തു ചെന്നാൽ വലിയ കഷ്ടപ്പാടുണ്ടാകയില്ല. മലബാറിലെ ഭാഷ മലയാളവും സേലത്തെ ഭാഷ തമിഴുമാണല്ലോ. മലയാളം സംസാരിക്കുന്നവന്നു അല്പം തമിഴും തമിഴ സംസാരിക്കുന്നവന്നു അല്പം മലയാളവും മനസ്സിലായെന്നു വന്നേക്കാം.

മലബാറിൽനിന്ന ഒരാൾ വിശാഖപട്ടണത്തു ചെന്നാൽ കഥയൊക്കെ മാറി. അവിടത്തെ ഭാഷ തെലുങ്കാണല്ലൊ. തെലുങ്കു മലയാളിക്കു മനസ്സിലാകുന്നതല്ല. തെലുങ്കന്നു മലയാളവും അങ്ങിനെതന്നെ. അതുകൊണ്ടു ഇന്ത്യാരാജ്യത്തു ഏവക്കും നല്ലപോലെ മനസ്സിലാകുന്ന ഒരു ഭാഷ ഉണ്ടാകേണ്ടതു അത്യാവശ്യമായിരിക്കുന്നു. ഈ സംഗതിയെപ്പററി ഇന്ത്യൻ നേതാക്കന്മാർ ആലോചിച്ചുതുടങ്ങിയിട്ടു വളരെ കാലമായി. ഏതു ഭാഷയെയാണ് രാജ്യഭാഷയായി സ്വീകരിക്കേണ്ടതു് എന്ന കാൎയ്യം ഇന്നും വാദത്തിലാണ് ഇരിക്കുന്നതു്. ഔദ്യോഗികഭാഷ ഇംഗ്ലീഷാണ്. അതു ഇന്നത്തെ ഭാഷകളിൽ പ്രഥമസ്ഥാനം അൎഹിക്കുന്നതുമാണല്ലൊ. അതു് ഇന്നു ഒരു പ്രത്യേകം നാട്ടുകാരുടെ മാത്രം ഭാഷയല്ല. അതിന്നു ഇന്നു സാൎവ്വലൌകികഭാഷയെന്നുതന്നെ പേരിടാം. ഇംഗ്ലണ്ടിൽനിന്നു ഇന്ത്യയിലേക്കും ജപ്പാനിൽനിന്ന് അമേരിക്കയിലേക്കും കത്തെഴുതുന്നതു് ആ ഭാഷയിലാണ്. ഇന്ത്യയിലും വളരെ ആളുകൾക്ക് ആ ഭാഷ അറിയാം. അതുകൊണ്ടു് ഇംഗ്ലീഷിനെത്തന്നെ രാജ്യഭാഷയാക്കുന്നതാണ് ഉത്തമമെന്നു ചിലർ വാദിക്കുന്നു. വിദേശീയഭാഷയെ രാജ്യഭാഷയാക്കേണ്ടുന്ന ആവശ്യമില്ലെന്ന് എതിരാളികൾ ശഠിക്കുന്നു. ഏതെങ്കിലും ഭാരതീയഭാഷയെത്തന്നെ രാജ്യഭാഷയാക്കാമെന്നു അവർ പറയുന്നു അവിടേയും അഭിപ്രായവ്യത്യാസമുണ്ടു്. ഹിന്ദിയെ രാജ്യഭാഷയാക്കാൻ മുഹമ്മദീയൎക്കു നല്ല സമ്മതമില്ല. അതിലൊരു ഹിന്തുച്ഛായ ഉണ്ടെന്നു അവർ സംശയിക്കുന്നു. ആ ഭാഷയ്ക്കു രണ്ടു തരത്തിലുള്ള ലിപികളുണ്ടു്. അവ നാഗരലിപി (സംസ്കൃതാക്ഷരം)

യും ഊർഡുലിപിയും ആകുന്നു. ഊർഡുഭാഷ മുഹമ്മദീയരുടെ ഭാഷയാണ്. അതുകൊണ്ടു ഹിന്ദിയെ ഏതു ലിപിയിൽ എഴുതിയാലും വിരോധമില്ല എന്നു ഹിന്ദുകക്ഷിക്കാർ മുഹമ്മദീയരെ സമാധാനിപ്പിക്കുന്നു. ചിലർ അങ്ങിനെ സമ്മതിക്കുന്നു ഹിന്ദിയേക്കാൾ മഹത്തായതാണ് ബങ്കാളിയെന്നു ചിലർ വാദിക്കുന്നു. അതതു നാട്ടിലെ ഭാഷ പഠിപ്പിക്കാതെ ഹിന്ദി പഠിപ്പിക്കുന്നതു് ആപല്ക്കരമാണെന്നു ചിലർ സിദ്ധാന്തിക്കുന്നു. അങ്ങിനെയിരിക്കുമ്പോഴാണ് ഭാരതീയ മഹാജനസഭക്കാർ ഭരണഭാരം കൈയേററതു്. ലോകവന്ദ്യനായ മഹാത്മജിയാണല്ലോ മഹാസഭക്കാരുടെ നേതാവു്. അദ്ദേഹത്തിൻെറ ഉപദേശപ്രകാരം ഗവമ്മേണ്ടു ഇപ്പോൾ ഹിന്ദിപഠനം നിർബ്ബന്ധമാക്കിയിരിക്കുന്നു. ഹിന്ദിയെ രാജ്യഭാഷയാക്കാൻ ചില ന്യായങ്ങളുണ്ടു്. ഇന്ത്യയിൽത്തന്നെ ഏററവുമധികം ജനം സംസാരിക്കുന്നതു് ആ ഭാഷയാണ്. 35 കോടിയിൽ 10 കോടിയിലധികവും ജനം ആ ഭാഷ സംസാരിക്കുന്നു. ഹിന്ദുസ്ഥാനി അതിൻെറ ഒരു വകഭേദം മാത്രമാണ്. ഹിന്ദിയെ സംസ്കൃതലിപിയിലും ഊർഡുലിപിയിലും എഴുതാം. സംസ്കൃതലിപി ഹിന്ദുക്കൾക്കും ഊർഡുലിപി മുസ്ലിമുകൾക്കും പരിചിതമാണ്. ലോകത്തിൽ ഇന്നു പ്രചാരത്തിലിരിക്കുന്ന ഭാഷകളിൽ മൂന്നാംസ്ഥാനം അർഹിക്കുന്നതു ഹിന്ദിയാണ്. അതുകൊണ്ടു് അടുത്തകാലത്തു ഹിന്ദി ഭാരതീയരുടെ രാജ്യഭാഷയാകുമെന്നുതന്നെ നമുക്കു സമാധാനിക്കുക.

അദ്ധ്യായം 5.

തൊഴിലുകൾ.

ഒരു രാജ്യത്തെ ജനങ്ങൾക്ക എന്തെങ്കിലും തൊഴിലുകളെടുത്തിട്ടുവേണമല്ലൊ ഉപജീവനം സമ്പാദിപ്പാൻ. ഇന്ത്യാരാജ്യത്തെ ജനങ്ങൾ എന്തെല്ലാം തൊഴിലുകളാണ് എടുക്കുന്നത് എന്നു നോക്കുക.

നമ്മുടെ രാജ്യത്തെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാകുന്നു. ആടുമാടുകളെ മേയ്ക്കലും ഒരുതരം കൃഷിപ്രവൃത്തിതന്നെയാണ്. ജനങ്ങളിൽ 75 ശതമാനവും കൃഷിയിലാണ് ഏർപ്പെട്ടിരിക്കുന്നത്.

കൃഷി കഴിഞ്ഞാൽ ജനങ്ങളുടെ പ്രധാന തൊഴിൽ നാനാതരത്തിലുള്ള വ്യവസായമാകുന്നു. വ്യവസായങ്ങളെത്തന്നെ കുടിൽവ്യവസായമെന്നും, യന്ത്രശാലാവ്യവസായമെന്നും വേർതിരിയ്ക്കാം. ഇവയെപ്പററി വിസ്തരിച്ചു അന്യത്ര പ്രസ്താവിക്കുന്നതാണ്.

കാടുകളിൽ നായാടിയും കടലുകളിലും നദികളിലും മത്സ്യം പിടിച്ചും ഉപജീവനം കഴിക്കുന്നവരും നമ്മുടെ നാട്ടിൽ സുലഭമാണ്.

സ്വർണ്ണം മുതലായ ധാതുക്കൾ ഖനനം ചെയ്തു ഉപജീവനം സമ്പാദിക്കുന്നവരും നമ്മുടെ രാജ്യത്തു ധാരാളമുണ്ട്.

കച്ചവടമാണ് മറെറാരു തൊഴിൽ.

ഇവയ്ക്കെല്ലാം പുറമെ നാനാതരത്തിലുള്ള ഉദ്യോഗങ്ങൾ നോക്കിയും ജനങ്ങൾ ഉപജീവനം സമ്പാദിക്കുന്നു.

തൊഴിലില്ലാത്തവരുടെ സംഖ്യ വളരെയധികമാണ്. നിരക്ഷരകുക്ഷികളും അഭ്യസ്തവിദ്യരും തൊഴിലില്ലാത്തവരുമുണ്ടു്. ഭിക്ഷക്കാരെ നിങ്ങൾ സാധാരണ കാണുന്നതാണല്ലൊ.

നമ്മുടെ രാജ്യത്തെ ജനങ്ങൾ മഹാ ദരിദ്രന്മാരാണ്. ജനങ്ങളുടെ ശരാശരി വരവു കണക്കാക്കുന്നതായാൽ, ഒരാൾക്കു ഒരു മാസത്തിൽ രണ്ടു ഉറുപ്പികയാണ് വരവെന്നു കാണാം കൊല്ലത്തേക്കു അതു 24 ഉറുപ്പിക മാത്രമാണല്ലൊ. ഇംഗ്ലണ്ടിലും അമേരിക്കയിലും ഉള്ള ജനങ്ങൾ നമ്മളേക്കാൾ വളരെ ധനികരാണ്.

അദ്ധ്യായം 6.

കൃഷി

ഇന്ത്യയിലെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാണെന്നു പറഞ്ഞുവല്ലൊ. ഇവിടത്തെ പ്രധാന വിളവുകൾ നെല്ല്, ഗോതമ്പ്, അരിച്ചോളം, കമ്പ്, റാജി മണിച്ചോളം, എണ്ണബീജങ്ങൾ, കരിമ്പ്, ചായ, കാപ്പി, പുകയില, പരുത്തി മുതലായവ ആകുന്നു.

<u>നെല്ല്</u>— ഈ ധാന്യം ആസാമിലെ താഴ്ന്ന പ്രദേശങ്ങൾ, ഗംഗാതടം, പൂൎവ്വപശ്ചിമതീരങ്ങൾ എന്നിവിടങ്ങളിൽ സുലഭമായി കൃഷി ചെയ്തുവരുന്നു. നെൽകൃഷിക്കു ഉഷ്ണവും വെള്ളവും ധാരാളം ആവശ്യമാണെന്നു നിങ്ങൾക്കു അറിയാമല്ലൊ. അതുകൊണ്ടു മഴ സുലഭമായി പെയ്യുന്ന സ്ഥലങ്ങളിലും നദീതടങ്ങളിലുമാണു നെല്ല് സാധാരണയായി ധാരാളമായി കൃഷി ചെയ്തുവരുന്നത്.

ഇന്ത്യയിലെ പ്രധാന നദികളെ ഉത്തരേന്ത്യയിലെ നദികളെന്നും, ദക്ഷിണേന്ത്യയിലെ നദികളെന്നും രണ്ടായി തിരിക്കാം. ഉത്തരേന്ത്യയിലെ നദികളിൽ പ്രധാനമായവ ഗംഗ, സിന്ധു, ബ്രഹ്മപുത്ര എന്നിവയാണല്ലോ.

ഗംഗ— ഈ നദി ഹിമാലയത്തിലുള്ള ഗംഗോത്രി എന്ന സ്ഥലത്തുനിന്നാണ് ഉത്ഭവിക്കുന്നത്. ഉത്ഭവസ്ഥാനത്തു അതിന്നു ഭാഗീരഥി എന്നാണ് പേർ. തെഹിദി എന്ന സ്ഥലത്തിന്നു സമീപംവെച്ച് അലക്സ്നന്ദ എന്ന നദി ഭാഗീരഥിയോടു ചേരുന്നു. യമുനയുമായുള്ള സമ്മേളനംവരെ നദിയുടെ ഗതി തെക്കുകിഴക്കോട്ടാകുന്നു. യമുനയും ഗംഗയും ഒന്നിച്ചു ചേരുന്നതു് അലഹബാദ് അഥവാ പ്രയാഗാ എന്ന സ്ഥലത്തുവെച്ചാണല്ലോ. പിന്നെ ഗോഗ്ര എന്ന നദിയും ഗംഗയിൽ ചേരുന്നു. അതുമുതൽ ഗംഗയുടെ ഗതി കിഴക്കോട്ടാണ്. രാജമഹാൽകുന്നുകൾവരെ ഈ നദി കിഴക്കോട്ടുതന്നെ ഒഴുകുന്നു. രാജമഹാളിൽനിന്നു ഗംഗയുടെ ശാഖകളുടെ പുറപ്പാടായി. പ്രധാനനദി പത്മാ എന്ന പേരോടുകൂടി ഗോലന്ധവരെ ഒഴുകുന്നു. അവിടെവെച്ചു ബ്രഹ്മപുത്രാനദി ഗംഗയിലേക്ക് ഒഴുകിച്ചേരുന്നു. ഗംഗയുടെ മുഖത്തു് ഒരു മുക്കോൺ തുരുത്തുണ്ടു്. ആ മുക്കോൺതുരുത്തു 3 നദികളുടെ മുക്കോൺതുരുത്താണ്. അവ ഗംഗ, ബ്രഹ്മപുത്ര, ശർമ്മ എന്നിവതന്നെ. മുക്കോൺതുരുത്തിന് അമ്പതിനായിരം ച. നാഴിക വിസ്താരമുണ്ടു്. കാടും ചളിയും ഇല്ലാത്ത സ്ഥലങ്ങളിൽ നെല്ല് സമൃദ്ധിയായി കൃഷിചെയ്തുവരുന്നു. ചളിയും വളവും നിറഞ്ഞ പ്രദേശമാണ്

സൻഭർബൻസ് (സുന്ദരവനങ്ങൾ). ഗംഗയെപ്പോലെയുള്ള ഒരു പുണ്യനദി ലോകത്തിൽ വേറെയില്ല.

ഗംഗയുടെ മുഖത്ത് ഒരു മുക്കോൺതുരുത്ത് ഉണ്ടെന്നു പറഞ്ഞുവല്ലൊ. 3 കോണുള്ള ഒരു തുരുത്ത് ആയതുകൊണ്ടാണ് അതിനു ഈ പേർ കിട്ടിയതു്. മുക്കോൺതുരുത്ത് ഉണ്ടാകുന്നതു് എങ്ങിനെയാണെന്നു നിങ്ങൾക്ക് അറിയാമോ? ഇന്ത്യയിലെ മിക്ക നദികൾക്കും പർവ്വതപദ്ധതി, സമതിലപദ്ധതി, മുക്കോൺതുരുത്തുപദ്ധതി എന്നിങ്ങിനെ 3 പദ്ധതികൾ ഉണ്ട്. മിക്ക നദികളും പർവ്വതങ്ങളിൽനിന്നാണല്ലൊ ഉത്ഭവിക്കുന്നതു്. ഉത്ഭവസ്ഥാനംമുതൽ കുറെ ദൂരത്തോളം അവ മലംപ്രദേശങ്ങളിൽക്കൂടിയാണ് ഒഴുകുന്നതു്. അവിടെ അവയുടെ ഗതിക്കുവേഗം കൂടും. സമീപപ്രദേശത്തുള്ള കല്ലും, മണ്ണും, മരങ്ങളും നദികളിലെ വെള്ളത്തിൽ ചേരുന്നതാണ്. സമതിലപദ്ധതിയിൽ ചിലപ്പോൾ നദികളിൽ പ്രവാഹങ്ങളും ഉണ്ടാവും. ആ സമയങ്ങളിൽ കരകൾ ഇടിഞ്ഞുവിഴുവാനും സംഗതിയുള്ളതാണ്. ഇങ്ങിനെയുള്ള കല്ല്, മണ്ണ് മുതലായ സാധനങ്ങൾ ഒഴുക്കോടുകൂടി നദികളുടെ മുഖംവരെ എത്തുന്നു. നദികൾ സമുദ്രത്തിലേക്കാണല്ലൊ പ്രവഹിക്കുന്നതു്. നദീമുഖങ്ങളിലേക്കു സമുദ്രത്തിലെ വെള്ളം ഒഴുകി കയറുക സാധാരണമാണ്. ഇങ്ങിനെയുള്ള കയററത്തിന്നു നദിയുടെ പ്രവാഹത്തേക്കാൾ ശക്തി കൂടുമല്ലൊ. നദി കൊണ്ടുവരുന്ന സാധനങ്ങളെ സമുദ്രത്തിലേക്കു തള്ളുവാൻ നദിയിലെ വെള്ളം ഉത്സാഹിക്കുമ്പോൾ അവയെ നദീമുഖത്തുതന്നെ നിക്ഷേപിക്കുവാൻ സമുദ്രവെള്ളം ശ്രമിക്കുന്നു. സമുദ്രവെള്ളത്തിന്നു

നദിയിലെ ഒഴുക്കിനേക്കാൾ ശക്തി കൂടുന്നതുകൊണ്ട് നദിയിലെ സാധനങ്ങൾ നദീമുഖത്തുതന്നെ നിക്ഷേപിക്കപ്പെടുന്നു. ഇങ്ങിനെ അനവധി കാലം കഴിയുമ്പോൾ ഈ കല്ലും മണ്ണും ഉയന്നു നദിയുടെ മുഖത്ത് ഒരു തുരുത്തായിത്തീരുന്നു. ഗംഗാനദി ശ്രീരാമന്റെ കാലംമുതൽ ഉള്ളതാണെന്നുള്ളതിനു ലക്ഷ്യമുണ്ട്. ശ്രീരാമന്റെ കാലം ഉദ്ദേശം മുവ്വായിരം കൊല്ലങ്ങൾക്കു മുമ്പാണെന്നു ചരിത്രകാരന്മാർ സമ്മതിക്കുന്നു. ഇങ്ങിനെ മുവ്വായിരം കൊല്ലത്തോളംകാലം നദീമുഖത്തു നിക്ഷിപ്തമാകുന്ന കല്ലും, മണ്ണും ഒരു തുരുത്തായിത്തീരുന്നതിൽ എന്താണ് അത്ഭുതം?

സിന്ധു— ഹിമാലയത്തിന്റെ വടക്കുഭാഗത്തുനിന്നാണ് സിന്ധുനദി ഉത്ഭവിക്കുന്നത്. അതു കാശ്മീരത്തിൽകൂടി പടിഞ്ഞാട്ടൊഴുകി പെട്ടെന്നു തെക്കുപടിഞ്ഞാട്ട് തിരിയുന്നു. നദിക്കു ഓരായിത്തിഎണ്ണൂറുനാഴികനീളം കാണും. സിന്ധുവിന്റെ പോഷകനദികളിൽ പ്രധാനമായവ പഞ്ചനദങ്ങൾ എന്നു പേർകേട്ട നദികൾതന്നെ. അവ ജിലം, ചിനാബ്, റാവി ബിയസ്സ്, സട്ലജ് എന്നിവയാണല്ലോ. മറെറാരു പോഷകനദിയാണ് കാബൂൾ. ഈ നദി സിന്ധുവിൽ പ്രവഹിക്കുന്നതുവരെയുള്ള ദൂരത്തോളം നദീമുഖത്തുനിന്നു ഗതാഗതസൌകൎയ്യമുണ്ട്. നദിയുടെ മുഖത്ത് അതു അനവധി കൈവഴികളായി പിരിയുന്നു. അവിടെ ഒരു മുക്കോൺതുരുത്തുണ്ട്.

ബ്രഹ്മപുത്രാ— ഈ നദിക്കു തിബററിൽ സാംഗ്പോ

എന്നാണ് പേർ. മാനസസരസ്സിനു സമീപമാണ് ഈ നദി ഉത്ഭവിക്കുന്നത്. നദിയുടെ പകുതിയോളം ദൂരം അതു ഹിമാലയത്തിനു സമരേഖയായി ഒഴുകുന്നു. ഹിമാലയത്തിന്റെ അററത്തു ചെന്നു് നദി തെക്കുപടിഞ്ഞാട്ടു തിരിയുന്നു. ഇവിടെ അനവധി പോഷകനദികൾ ബ്രഹ്മപുത്രയിലേക്ക് ഒഴുകി ചേരുന്നു. നദിയുടെ മുഖത്തുനിന്നു 800 നാഴിക ദൂരത്തോളം അതിൽക്കൂടി ഗതാഗതം ചെയ്യാം. ആ നദി ഗോലന്ധയിൽവെച്ചു ഗംഗയിലേക്കു പ്രവഹിക്കുന്നുവെന്നു മുമ്പുതന്നെ പറഞ്ഞുവല്ലോ.

നർമ്മദയാണ് മദ്ധ്യേന്ത്യയിലെ പ്രധാന നദികളിൽ ഒന്നു്.അതു വിന്ധ്യനും ശതപുരമലഃക്കും മദ്ധ്യേ ഒഴുകുന്നു. നദിയിൽക്കൂടി ചെറിയ തോണികൾക്കു ഗതാഗതം ചെയ്യാം.

മദ്ധ്യേന്ത്യയിലെ മറെറാരു നദിയാണ് തപതി. നർമ്മദയും തപതിയും പടിഞ്ഞാട്ടാണ് ഒഴുകുന്നത്.

മഹാനദി ബങ്കാൾ ഉൾക്കടലിലേക്കു പ്രവഹിക്കുന്നു. അതിന്റെ പ്രധാന പോഷകനദിയാണ് ബ്രാമിണി.

ഗോദാവരിനദി പശ്ചിമഘട്ടങ്ങളിൽ ഉത്ഭവിച്ചു ഹൈദ്രാബാദിൽ കൂടി ഒഴുകുന്നു. പിന്നെ അതു മദ്രാസ് സംസ്ഥാനത്തിൽ പ്രവേശിച്ചു ബങ്കാൾ ഉൾക്കടലിൽ വീഴുന്നു.

കൃഷ്ണാനദിയും പശ്ചിമഘട്ടത്തിൽ ഉത്ഭവിച്ചു ബങ്കാൾ ഉൾക്കടലിലേക്കു പ്രവഹിക്കുന്നു. അതിന്റെ പ്രധാന പോഷകനദികൾ ഭീമാ, തുംഗഭദ്ര, എന്നിവയാകുന്നു.

കാവേരിയാണ് ദക്ഷിണേന്ത്യയിലെ മറെറാരു പ്ര

ധാന നദി. അതു് കുടകിൽനിന്നു് ഉത്ഭവിച്ച് ബംഗാൾ ഉൾക്കടലിലേക്കു പ്രവഹിക്കുന്നു. അതിൻെറ മുക്കോൺ തുരുത്താണു് തഞ്ചാവൂർ ജില്ല.

ഉത്തരേന്ത്യയിലെ നദികളിൽ വേനൽക്കാലത്തും വർഷക്കാലത്തും ജലം സുലഭമായുണ്ടു്. ഗംഗാ, സിന്ധു മുതലായ നദികളിൽ ഹിമാലയത്തിലെ മഞ്ഞു് ഉരുകുന്നതുകൊണ്ടു വേനൽക്കാലത്തു ജലത്തിനു യാതൊരു കുറവുമില്ല ദക്ഷിണേന്ത്യയിലെ നദികളിൽ വേനൽക്കാലത്തു വെള്ളം നന്ന ദുർല്ലഭമായിരിക്കും. കൃഷിയുടെ ആവശ്യത്തിനു ദക്ഷിണേന്ത്യയിലെ നദികൾ ഉത്തരേന്ത്യയിലെ നദികളോളം ഉപകരിക്കുന്നില്ല. അവയിൽ വെള്ളച്ചാട്ടങ്ങളുള്ളതിനാൽ ഗതാഗതത്തിനും അവ അത്ര ഉപകരിക്കുന്നില്ല.

കൃഷിയുടെ ആവശ്യത്തിനു വെള്ളം എത്ര ആവശ്യമാണെന്നു നിങ്ങൾക്കറിയാമല്ലോ. മഴ പെയ്തിട്ടാണു് വെള്ളം അധികവും ലഭ്യമാകുന്നതു്. നദികളിൽ വെള്ളമുണ്ടാകേണമെങ്കിൽ മഴ പെയ്യാതെ നിവൃത്തിയില്ലല്ലോ. മഴ യഥാകാലം ഏതു കൊല്ലത്തിലും പെയ്യേണമെന്നില്ല. മഴയെപ്പററി അന്യത്ര പ്രസ്താവിക്കുന്നുണ്ടു്. യഥാകാലം മഴ പെയ്തില്ലെങ്കിലും കൃഷിക്കു താമസമൊ വിഘ്നമൊ വരരുതു് എന്നു വിചാരിച്ച് ഇന്ത്യയിൽ അനവധി മുൻകരുതലുകൾ ചെയ്തിരിക്കുന്നു. മഴ പെയ്തുണ്ടാകുന്ന വെള്ളം കെട്ടിനിറുത്തുവാൻ ഗവർമ്മേണ്ടു ഏപ്പാടുകൾ ചെയ്തിരിക്കുന്നുവെന്നു ധരിക്കുക. ഇങ്ങിനെ വെള്ളം കെട്ടിനിറുത്തിയ സ്ഥലങ്ങൾക്കു അണകളെന്നു പേർ. അണകളിലും നദികളിലും ഉള്ള വെള്ളം രാജ്യത്തിൻെറ

നാനാഭാഗത്തും എത്തിക്കുവാൻ ഗവമ്മേണ്ടു തോടുകളും കുത്തിച്ചിരിക്കുന്നു. അവയെപ്പററി ചിലതു ധരിക്കുക.

പെരിയാരണയെപ്പററി നിങ്ങഠം കേട്ടിട്ടുണ്ടല്ലൊ. പെരിയാർ എന്നു പറയുന്നതു നമ്മുടെ ആലുവാപ്പുഴയാണു്. അതു് അറബിക്കടലിലേക്കാണു് ഒഴുകുന്നതെന്നു നിങ്ങഠംക്കറിയാം. ആ നദിയിലെ വെള്ളം അണകെട്ടി തിരിച്ചുകൊണ്ടുപോയി തിരുനൽവേലിയിലെ ജനങ്ങഠംക്കു ഉപകരിക്കത്തക്കവിധത്തിലാക്കുന്നു. ഒരു തുരങ്കംവഴിയായി നദിയിലെ വെള്ളം വൈഗൈയുടെ ഒരു പോഷകനദിയിലെത്തിക്കുന്നു. ജനങ്ങഠംക്കു യാതൊരു ഉപകാരവുമില്ലാതെ പടിഞ്ഞാട്ടൊഴുകുന്ന വെള്ളം ഇങ്ങിനെ കിഴക്കുഭാഗത്തുള്ള ജനങ്ങഠംക്കു ഉപയോഗമാക്കിത്തീക്കുന്നു.

കാവേരി നദിയിൽ മേട്ടൂർ എന്ന സ്ഥലത്തു് ഒരു അണയുണ്ടു്. അതിന്നു മേട്ടൂരണ എന്നു പേർ. ബ്രട്ടീഷുസാമ്രാജ്യത്തിലെ ഒന്നാമത്തെ അണയാണിതു്. ലോകത്തിലെ അണകളിൽത്തന്നെ അതു രണ്ടാംസ്ഥാനം അഹിക്കുന്നുണ്ടത്രെ. അണക്കു് ഒരു നാഴിക നീളമുണ്ടു്. അതിൻെറ വിസ്താരം 60 ചതുരശ്രനാഴികയാണു്. അതിൽനിന്നു വെള്ളം കൊണ്ടുപോയി പത്തുലക്ഷം ഏക്കർ സ്ഥലത്തു നെൽകൃഷി ചെയ്യുന്നുവെന്നു ധരിക്കുക. 10 കൊല്ലംകൊണ്ടാണു് അണ പണിതീന്നതു. 1934-ൽ അതു പൊതുജനങ്ങഠംക്കു് ഉപകരിക്കത്തക്കവിധത്തിലായി.

ബന്തർദ്ര എന്ന സ്ഥലത്തു 1927-ൽ വിൽസൻ അണ എന്നൊന്നു തുറക്കപ്പെട്ടു. ഭത്തു്ഗാറിൽ 1928-ൽ

തുറക്കപ്പെട്ടതായി ലോയിഡ് അണ എന്നൊരു അണയുണ്ട്. ആ അണയ്ക്കു് ഒരു നാഴിക നീളമുണ്ടത്രെ. അവിടെ കെട്ടിനിറുത്തിയിരിക്കുന്ന ജലാശയത്തിനു 17 നാഴിക നീളം കാണും. കൃഷ്ണാനദിക്കു നീര എന്നു പേരായി ഒരു പോഷകനദിയുണ്ട്. ആ നദിയുടെ തടത്തിലേക്കാണ് അണയിൽനിന്നു വെള്ളം പോകുന്നതു്. 1,300 ചതുരശ്രനാഴിക വിസ്താരമുള്ള സ്ഥലത്തേക്കു അണയിൽനിന്നു വെള്ളം കൊണ്ടുപോകുന്നുണ്ടു്.

ബങ്കാളത്തിൽ മഴ സുലഭമായതുകൊണ്ടു് അണകൾ വളരെ ആവശ്യമില്ല. എങ്കിലും അവിടേയും ഒറീസ്സ, സോൺ എന്നിങ്ങിനെ രണ്ടു തോടുസംഘങ്ങളുണ്ടു്.

ഐക്യസംസ്ഥാനത്തിലും പഞ്ചാബിലും തോടുകൾ സുലഭമാണ്. ഗംഗയ്ക്കും യമുനയ്ക്കും മദ്ധ്യേ കിടക്കുന്ന സ്ഥലത്തു തോടുകൾ കുത്തിയിരിക്കുന്നു. സാററ്ലജ്, റാവി, ബിയസ്സ്, ജിലം, യമുന എന്നീ നദികളിൽനിന്നെല്ലാം തോടുകൾ വെട്ടീട്ടുണ്ടു്. ചീനാബിൽനിന്നു കുത്തീട്ടുള്ള തോടുകൾ 20 ലക്ഷം ഏക്കർ സ്ഥലം നനയ്ക്കുന്നു. ഈ പണിക്കെല്ലാം കൂടി സാററ്ലജ്തടത്തിലെ തോടുകൾ എന്നാണ് പേർ.

1932 ലാണ് സുക്കുരണ പണിതീൎന്നതു്. സുക്കൂർ എന്ന സ്ഥലത്തു സിന്ധുനദിയിൽ ഒരു അണ കെട്ടിയിരിക്കുന്നു. അതിനു ഒരു നാഴിക നീളമുണ്ടു്. അതിന്മേൽ രണ്ടു പാലമുണ്ടത്രെ. 60 അടി വീതം വീതിയുള്ള 66 ദ്വാരങ്ങൾ അണയിലുണ്ടു്. വെള്ളപ്പൊക്കം ഉണ്ടാകുന്ന സമയത്തു മാത്രമേ ദ്വാരങ്ങൾ തുറന്നുവെയ്ക്കുകയുള്ളു. 37,000 നാഴിക നീളമുള്ള തോടുകളാണ് ഇവിടെനിന്നു

കുത്തപ്പെട്ടിരിക്കുന്നതു്. 75 ലക്ഷം ഏക്കർ സ്ഥലത്തേക്കു ഇവിടെനിന്നു വെള്ളം കൊണ്ടുപോകുന്നുണ്ടു്.

1928_ൽ പണി തീൎന്നതാണു് സർദാ അണ. സർദാ എന്നു പറയുന്നതു് ഒരു നദിയാണു്. അതു ഹിമാലയത്തിൽ ഉത്ഭവിച്ചു ഗോഗ്രയിൽ പ്രവഹിക്കുന്നു. നീപ്പാളിൻെറ പടിഞ്ഞാറെ അതിൎത്തിയിലുള്ള ബൽബാസ്സ എന്ന സ്ഥലത്താണു് അണ. അവിടെനിന്നു വെള്ളം കൊണ്ടുപോകാൻ 3,000 നാഴിക നീളമുള്ള തോടുകളുണ്ടു്. 15 ലക്ഷം ഏക്കർ സ്ഥലത്തേക്കു ഇവിടെനിന്നു വെള്ളം പോകുന്നു. ഈ പ്രദേശം അടുത്തകാലത്തു് ഇന്ത്യയിലെ ഏററവും പ്രധാനമായ കരിമ്പിൻതോട്ടമാകാൻ വഴിയുണ്ടു്.

1938_ൽ പണിതീൎന്നതാണു് മുക്കുത്തിയണ. അതുകൊണ്ടു കോയമ്പത്തൂർകാൎക്കു വളരെ ഉപകാരമുണ്ടായിരിക്കും.

നെൽകൃഷി ചെയ്യുന്നതിനുള്ള സൌകൎയ്യത്തെപ്പററിയാണു് ഇത്രയും പറഞ്ഞതു്. ഇനി നമുക്കു മററു വിളവുകളെപ്പററി പഠിക്കാം.

ഗോതമ്പ് — ഗോതമ്പിനു നെല്ലിനേക്കാറം കുറച്ചു ചൂടുമാത്രമേ ആവശ്യമുള്ളൂ. ഈ ധാന്യം ചതപ്പുനിലങ്ങളിൽ സമൃദ്ധിയായി വളരുന്നതല്ല. ഉത്തരേന്ത്യയിലെ വരാംച്ച കൂടിയ സ്ഥലങ്ങളായ സിൻഡ്, പഞ്ചാബ്, ഐക്യസംസ്ഥാനങ്ങറം എന്നിവിടങ്ങളിലും മദ്ധ്യസംസ്ഥാനങ്ങളിൽ കുറെ ഭാഗത്തും ഇതു് ഒരു ശീതകാലവിളവായി കൃഷി ചെയ്യപ്പെടുന്നു.

അരിച്ചോളം, കമ്പ്, റാഗി എന്നിവ — ഈ ധാന്യ

ങ്ങൾ വളരുന്നതിന്നു ധാരാളം വെള്ളം ആവശ്യമാണ്. പക്ഷെ അവ ഉഷ്ണമയമായ വരണ്ട പ്രദേശങ്ങളിൽമാത്രമേ വളരുകയുള്ളു. അതുകൊണ്ട് അവയുടെ കൃഷിക്കു വെള്ള ച്ചാലുകൾ അത്യാവശ്യമായിരിക്കുന്നു. അതുകൊണ്ട് അവ ഡെക്കാൺ, രാജപുട്ടാന, സിൻഡ് എന്നിവിടങ്ങളിലെ മഴയില്ലാത്ത കുന്നിൻചെരുവുകളിൽ കൃഷി ചെയ്യപ്പെടുന്നു.

<u>മണിച്ചോളം</u>— ഇത് ആദ്യകാലത്ത് അമേരിക്കയിലുണ്ടായിരുന്ന ഒരു സാധനമായിരുന്നു. അന്നു അമേരിക്കയിലെ ജനങ്ങളെ ഇന്ത്യക്കാർ എന്നാണ് വിളിച്ചിരുന്നത്. അതുകൊണ്ട് ഈ ധാന്യത്തിന്നു ഇന്ത്യൻ ധാന്യം എന്ന പേർ കിട്ടി. സാമാന്യമായ മഴയുള്ള ഗംഗയുടെ മേൽത്തടത്തിലും ഡെക്കാൻ പീഠഭൂമിയിലുമാണ് ഇതു പ്രധാനമായി കൃഷി ചെയ്തുകാണുന്നത്.

<u>എണ്ണവിത്തുകൾ</u>— ഇന്ത്യയിലെ മുഖ്യ എണ്ണവിത്തുകൾ ചണവിത്ത്, എള്ള്, കടുക്, നിലക്കടല, ആവണക്കിൻകുരു, ചെറുകടുക് എന്നിവയാകുന്നു. മിതമായ മഴയും വരൾച്ചയും ഉള്ള സ്ഥലങ്ങളിലാണ് ഇവ സാധാരണയായി ഉണ്ടാവുന്നത്. മദ്രാസ് സംസ്ഥാനത്തിലെ കരനാടകത്തിൽ സമൃദ്ധിയായി കൃഷി ചെയ്തുവരുന്ന സാധനങ്ങളാണ് എണ്ണവിത്തുകൾ. ചണവിത്തു മദ്ധ്യസംസ്ഥാനം, ബിഹാർ, ഒറീസ്സാ, ഐക്യസംസ്ഥാനം എന്നിവിടങ്ങളിൽ സുലഭമായി കൃഷിചെയ്തുവരുന്നു. ചെറുകടുക് ബങ്കാൾ, ആസ്സാം, എന്നിവിടങ്ങളിൽ ഒരു ശീതകാലവിളവായി കൃഷിചെയ്യുന്നു. പഞ്ചാബിലും ഇതു സുലഭമായി കൃഷിചെയ്യുന്നുണ്ട്. മദ്രാസ് സംസ്ഥാനം,

മദ്ധ്യസംസ്ഥാനം, ബീഹാർ എന്നിവിടങ്ങളിൽ സുലഭമായും ബോംബെയിൽ അല്പമായും കൃഷി ചെയ്തുവരുന്ന ഒരു എണ്ണക്കുരുവാണ് എള്ള്. ധാന്യങ്ങൾ കൃഷി ചെയ്യുന്ന വയലുകളിലും ചെറിയ ഉദ്യാനങ്ങളിലും അതൃത്തികളിൽ വെച്ചുപിടിപ്പിച്ചിരുന്ന ഒരു സസ്യമായിരുന്നു ആവണക്ക്. മണ്ണെണ്ണ ഇറക്കുമതി സുലഭമായിതുടങ്ങിയപ്പോൾ ഇതിൻെറ കൃഷിക്കു കുറവു വന്നു. നിലക്കടല പ്രധാനമായി കൃഷി ചെയ്യുന്നതു മദ്രാസിലാകുന്നു.

കരിമ്പ് — ഗംഗാതടത്തിലാണ് കരിമ്പു പ്രധാനമായി കൃഷി ചെയ്യപ്പെടുന്നത്. ഐക്യസംസ്ഥാനത്തിൽ വളരെ അധികമായും ബീഹാർ, ഒറീസ്സാ എന്നിവിടങ്ങളിൽ അല്പമായും കരിമ്പു കൃഷിചെയ്തുവരുന്നു. ഇയ്യിടെയായി മൈസൂറിലേയും ഒരു പ്രധാനവിളയാണ് കരിമ്പ്.

പുകയില — ഇന്ത്യയിലേക്കു പുകയില കൊണ്ടുവന്നതു പോർത്തുഗീസുകാരാണ്. അത് ഏതാണ്ടു 300 കൊല്ലങ്ങൾക്കു മുമ്പാണുതാനും. മദ്രാസ്, തിരുവിതാംകൂർ, ബർമ്മ, ബങ്കാൾ, ബീഹാർ, ഒറീസ്സാ, ഐക്യസംസ്ഥാനം, പഞ്ചാബ്, മാൾവ ഉന്നതതടത്തിനും കാംബെ ഉൾക്കടലിനും മദ്ധ്യേയുള്ള പ്രദേശം എന്നിവിടങ്ങളിൽ പുകയില സുലഭമായി കൃഷി ചെയ്തുവരുന്നു.

കറപ്പ് — സക്കാരിൽനിന്നു ലൈസൻസ് വാങ്ങിയിട്ടാണ് ഈ സാധനം കൃഷി ചെയ്യപ്പെടുന്നത്. ഗംഗാതടത്തിലാണ് ഇതു പ്രധാനമായും വിളയുന്നത്. ഗംഗാതടത്തിലെ കറപ്പ് ഗാസിപുരത്തിലെ യന്ത്രശാലയിലേക്ക് അയക്കപ്പെടുന്നു. രാജപുട്ടാന, മദ്ധ്യേന്ത്യാ എന്നി

വിടങ്ങളിലും കറപ്പ് അല്പമായി കൃഷി ചെയ്തുവരുന്നുണ്ട്.

ചായയും കാപ്പിയും— മലഞ്ചെരിവുകളിലാണ് ഇവ സാധാരണയായി കൃഷി ചെയ്തുവരുന്നത്. ആസ്സാമിലെ കുന്നുകൾ, ഹിമാലയൻ ചെരിവുകൾ, ഡാർജിലിങ്ങ് എന്നിവിടങ്ങളിൽ ചായ സുലഭമായി കൃഷി ചെയ്തുവരുന്നു. ഐക്യസംസ്ഥാനം, പഞ്ചാബ്, നീലഗിരിമലകൾ എന്നിവിടങ്ങളിലും ചായ കൃഷി ചെയ്തുവരുന്നുണ്ട്. ഇന്ത്യയിലുണ്ടാകുന്ന ചായയിൽ പകുതി ഭാഗവും ആസ്സാമിൽനിന്നാണ് വരുന്നതെന്നു പ്രസ്താവയോഗ്യമത്രെ.

കാപ്പിക്കും അത്യധികമായ ചൂടും ജലബാഷ്പവും ആവശ്യമാണ്. പക്ഷെ അതിവർഷവും അതിശക്തിയായ കാററും അതിനു തട്ടിക്കൂടാ. അതിനാൽ മററുള്ള വൃക്ഷങ്ങളുടെ നിഴലിലാണ് അതു കൃഷിചെയ്തുവരുന്നത്. പശ്ചിമഘട്ടത്തിൻെറ കിഴക്കൻചെരിവുകളിലും, മൈസൂർ, തിരുവിതാംകൂർ എന്നീ രാജ്യങ്ങളിലും സുലഭമായി കാപ്പി കൃഷിചെയ്തുവരുന്നു.

കാപ്പിയും ചായയും മലകളിലാണ് കൃഷി ചെയ്യുന്നതെന്നു പറഞ്ഞുവല്ലൊ. ഇന്ത്യയിലെ മലകളെപ്പററി ചില സംഗതികൾ പഠിക്കുവാനുള്ള അവസരം ഇതാണ്. ഇന്ത്യയിലെ മലകളെ വടക്കെ ഇന്ത്യയിലെ മലകളെന്നും മദ്ധ്യേന്ത്യയിലെ മലകളെന്നും ദക്ഷിണേന്ത്യയിലെ മലകളെന്നും വിഭാഗിക്കാവുന്നതാണ്.

ഉത്തരേന്ത്യയിലെ പ്രധാന മലകൾ ഹിമാലയം തന്നെ.

ഹിമാലയം— മദ്ധ്യേഷ്യയിൽനിന്നും ഇന്ത്യയെ

വേർതിരിക്കുന്ന ഹിമാലയമാണ് ലോകത്തിലെ ഏററവും വലിയ മലകൾ. ഈ മലകൾ മൂന്നോ നാലൊ നിരകളായിട്ടാണ് കിടക്കുന്നതു്. സിന്ധു മുതൽ ബ്രഹ്മപുത്രവരെ വ്യാപിച്ചുകിടക്കുന്ന ഈ മലനിരക്ക് ഏതാണ്ടു 1500 നാഴിക നീളമുണ്ടു. വീതിയേറിയ സ്ഥലത്തു 220 നാഴിക വീതിയുള്ളതായും കാണുന്നു. മലനിരയുടെ ശരാശരി ഉയരം മൂന്നര നാഴികയാകുന്നു. ഈ മലകളിലുള്ള അനവധി കൊടുമുടികൾക്കു 20,000 അടിയിൽ അധികം ഉയരം കാണുന്നുണ്ടു്. അവയിൽ പ്രധാനമായവ പടിഞ്ഞാറുനിന്നു കിഴക്കോട്ടു നംഗപർവ്വതം, നന്ദദേവി, ധവളഗിരി, മൌണ്ടുഎവറസ്റ്റ് (ഗൌരീശങ്കരം) കഞ്ചൻജംഗാ (കാഞ്ചനശൃംഗം), ചുമലാരി എന്നിവയാകുന്നു. ഏററവും വലിയ കൊടുമുടി ഗൌരീശങ്കരം ആണ്. അതിനു 29,000 അടി ഉയരം ഉണ്ടു്.

കാശ്മീരത്തിൻെറ വടക്കേ അതിരായി കാരക്കറം, ഹിന്ദുക്കുഷ് എന്നീ മലകൾ കിടക്കുന്നു. പാമീർ പീഠഭൂമിയിൽനിന്നാണ് രണ്ടിൻേറയും പുറപ്പാടു്. കാരക്കറം, തെക്കുകിഴക്കുഭാഗത്തേക്കും ഹിന്ദുക്കുഷ് തെക്കുപടിഞ്ഞാറുഭാഗത്തേക്കും നീണ്ടുകിടക്കുന്നു.

സൂലൈമാൻ മലകൾ സിന്ധുവിൻെറ പടിഞ്ഞാറുഭാഗത്തു് അതിനു സമാന രേഖയായി കിടക്കുന്നു.

ഇന്ത്യയുടെ വടക്കുകിഴക്കെ അററത്തു ഹിമാലയത്തിൽനിന്നും ചിന്നിച്ചിതറിക്കിടക്കുന്ന അനവധി മലനിരകൾ ഉണ്ടു്. ആസാമിൽ നാഗ, കാശി, ഗ്യാറൊ എന്നീ മലകൾ കിടക്കുന്നു. അവയുടെ തുടർച്ചയാണ്

പാതകൈമലകൾ. ഈ മലകൾ അപ്പർബൎമ്മയെ ആസാമിൽനിന്നു വേർതിരിക്കുന്നു. ചിററഗോങ്ങ്, അരക്കാൻ എന്നീ മലകൾ തെക്കോട്ടു നീണ്ടുകിടക്കുന്നു.

മദ്ധ്യേന്ത്യയിൽ കിടക്കുന്ന വിന്ധ്യൻമലകൾക്കു 600 നാഴിക നീളമുണ്ട്. ഏററവും ഉയൎന്ന ഭാഗത്തിനു 2400 അടി പൊക്കം കാണും.

ശതപുരമലകൾ നൎമ്മദക്കും തപതിക്കും മദ്ധ്യേ കിടക്കുന്നു.

ദക്ഷിണോന്നതതടത്തിൻെറ പടിഞ്ഞാറെ അതിരാണ് പശ്ചിമഘട്ടം. സമുദ്രത്തിൽനിന്നു 30 മുതൽ 40 നാഴികവരെ ഉള്ളിലേക്കു തള്ളിക്കിടക്കുന്നു. ശരാശരി 4000 അടി ഉയരം കാണും.

മൈസൂർ ഉന്നതതടത്തിൻെറ തെക്കെ അററമാണ് നീലഗിരി മലകൾ. അവിടെ പശ്ചിമഘട്ടവും പൂൎവ്വഘട്ടവും കൂട്ടിമുട്ടുന്നു. ഏററവും ഉയൎന്ന കൊടുമുടിയായ ടോഡാബെററക്ക് 8,800 അടി പൊക്കമുണ്ട്.

ദക്ഷിണോന്നതതടത്തിൻെറ കിഴക്കെ അതിരായ പൂൎവ്വഘട്ടത്തിനു പശ്ചിമഘട്ടത്തോളം പൊക്കമില്ല. പൂൎവ്വഘട്ടം തുടൎച്ചയായി കിടക്കുന്ന ഒരു മലനിരയുമല്ല. മദ്രാസ്സ് പട്ടണത്തിൻെറ തെക്കുപടിഞ്ഞാറുഭാഗത്തുനിന്നു ഒരു നിര നീലഗിരിക്കു ചാഞ്ഞുപോകുന്നുണ്ട്. നീലഗിരിക്കു തെക്കുഭാഗത്തായി പാലക്കാട്ട്ചുരം കിടക്കുന്നു. അതിന്നും തെക്കുഭാഗത്താണ് ആനമല. ആനമലയിലെ ഏററവും ഉയൎന്ന കൊടുമുടിയാണ് ആനമുടി.

മലകളെപ്പററി പറയുന്ന അവസരത്തിൽ അവകളിലുള്ള സുഖവാസസ്ഥലങ്ങളെപ്പററിയും പ്രസ്താവിക്കേ

ണ്ടതാണ്. ഈ സുഖവാസസ്ഥലങ്ങൾ 6,000 അടിമുതൽ 8,000 അടിവരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളാണ്. സിംലയാണ് ഏററവും പ്രധാനമായ സുഖവാസസ്ഥലം. ഇതു ഡെൽഹിയുടെ നേരെവടക്കഭാഗത്താണ്. ഇന്ത്യാഗവമ്മേണ്ടിൻേറയും പഞ്ചാബ് ഗവമ്മേണ്ടിൻേറയും സുഖവാസസ്ഥലമാണിതു്. സിംലയിൽനിന്നു പടിഞ്ഞാറുഭാഗത്താണ് കങ്കരാതടം. ഇതു ലാഹോറിൽനിന്നു 100 നാഴിക പടിഞ്ഞാട്ടു മാറിയാണ്. രാവൽപിണ്ടിയിൽനിന്നും മുകളിലിരിക്കുന്ന ഒരു സ്ഥലമാണ് മ്യൂരി.

സിംലയുടെ കിഴക്കുഭാഗത്താണ് മുസ്സോറിയും നാനിററലും. ഐക്യസംസ്ഥാനത്തിലെ ഗവമ്മേണ്ടിൻെറ സുഖവാസസ്ഥലമാണ് നാനിററാൾ. സിക്കിമിൻെറ കിഴക്കുഭാഗത്തുള്ള ഡാർജീലിങ്ങ് ബങ്കാൾ ഗവമ്മേണ്ടിൻെറ സുഖവാസസ്ഥലമാണ്.

അരാവലി മലയുടെ തെക്കെ അററമായ മൌണ്ട് ആബുവും ഒരു സുഖവാസസ്ഥലമാകുന്നു.

ബോംബെക്ക് ഏററവും അടുത്തുള്ള സുഖവാസസ്ഥലമാണ് മാതറൻ.

പഴനിമലയിൽ സമുദ്രനിരപ്പിൽനിന്നു 7,000 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന കൊടേക്കനാൽ തെക്കെ ഇന്ത്യയിലെ സുഖവാസസ്ഥലങ്ങളിൽ പ്രധാനമായ ഒന്നാണ്. നീലഗിരിമലയിലുള്ള ഊട്ടക്കമെണ്ട് സുഖവാസസ്ഥലങ്ങളുടെ രാജ്ഞിയാണത്രെ. ഇതാണ് മദ്രാസ് ഗവമ്മേണ്ടിൻെറ സുഖവാസസ്ഥലം. നീലഗിരിയിൽത

ന്നെ കുന്നൂർ, കോട്ടഗിരി എന്നിങ്ങിനെ രണ്ടു സുഖവാസ സ്ഥലങ്ങൾ കൂടിയുണ്ട്.

മദ്ധ്യസംസ്ഥാനത്തിലെ സുഖവാസസ്ഥലമാണ് പാച്ച്മാരി.

ഇന്ത്യയിലെ മിക്ക ഗവൎമ്മേണ്ടുകൾക്കും സുഖവാസ സ്ഥലങ്ങളുണ്ടെന്നു ധരിക്കുക.

ഈ മലകളിലുള്ള കാട്ടുകളിൽനിന്നു വളരെ വില പിടിച്ച മരങ്ങൾ കിട്ടിവരുന്നു. തേക്ക്, വീട്ടി, കരിമരം മുതലായവ കാട്ടുകളിൽ സുലഭമാണ്. മൈസൂറിലെ കാട്ടുകളിൽനിന്നു കിട്ടിവരുന്ന ചന്ദനമരം പ്രസിദ്ധമാണല്ലൊ. കാട്ടുകളിൽനിന്നു മുളയും സിൻജോണയും സുലഭമായി ലഭിക്കുന്നു.

മരങ്ങൾകൊണ്ടു വീട്ടുസാമാനങ്ങൾ ഉണ്ടാക്കാമല്ലൊ. മുളകളും നമുക്കു നാനാതരത്തിൽ ഉപകരിക്കുന്നുണ്ട്. സിൻജോണാ എന്ന മരത്തിൻെറ പൊടിയാണ് പ്രസിദ്ധമായ കുയിന.

നമ്മുടെ രാജ്യത്തെ കാലാവസ്ഥയെ ക്രമപ്പെടുത്തുന്നതിൽ ഈ മലകൾക്കുള്ള പ്രാധാന്യത്തെപ്പററിയും ചില സംഗതികൾ നിങ്ങൾ ഗ്രഹിക്കേണ്ടതാണ്. ലോകത്തിൽവെച്ചു ഏററവും വലിയ മലനിരയാണ് ഹിമാലയം എന്നു പ്രസ്താവിച്ചുവല്ലൊ. ഹിമാലയത്തിൻെറ വടക്കുഭാഗത്തു കിടക്കുന്ന രാജ്യങ്ങളിൽ വടക്കുഭാഗത്തുനിന്നു അതിശീതമായ ഒരു കാററു വീശുന്നുണ്ട്. ഈ കാററിനു ഹിമാലയത്തെ കടന്നു ഇന്ത്യയിൽ പ്രവേശിപ്പാൻ സൌകൎയ്യമില്ല. അതുകൊണ്ട് ഈ കാററുകൊണ്ടുള്ള ഉപദ്രവം ഇന്ത്യയിലെ ജനങ്ങൾക്ക് ഉണ്ടാകുന്നില്ല. നമ്മുടെ

രാജ്യത്തു മഴ പെയ്യുന്നതു ഇടവം മുതൽ തുലാംവരെയുള്ള മാസങ്ങളിലാണല്ലൊ. ഇടവംമുതൽ കക്കിടകംവരെ പെയ്യുന്ന മഴക്കു നാം കാലവഷം എന്നു പറയുന്നു. ഇ ക്കാലത്തു കാററു വീശുന്നതു പടിഞ്ഞാറുനിന്നാണെന്നു നിങ്ങൾ കണ്ടിരിക്കുമല്ലൊ. അറബിക്കടലിൽനിന്നാണു ഈ കാററിൻെറ പുറപ്പാട്. കാററിൻെറ ശക്തികൊണ്ടു മേഘങ്ങൾ നമ്മുടെ രാജ്യത്തിനു മേൽഭാഗത്തു വന്നുചേ രുന്നു. വടക്കോട്ടു പോകുന്ന മേഘങ്ങളെ തടുത്തുനിത്തി ഹിമാലയപവ്വതം ഗംഗാതടത്തിൽ സുലഭമായി മഴ പെ യ്യിക്കുന്നു. ഹിമാലയത്തിലും ഇക്കാലത്താണ് മഴ സുല ഭമായി പെയ്യുന്നത്. ഹിമാലയത്തിലുള്ള ചിറപ്പുഞ്ചി എന്ന സ്ഥലത്താണ് ലോകത്തിൽവെച്ചു ഏററവും അ ധികം മഴ പെയ്യുന്നതെന്നു കുട്ടികൾ ധരിക്കേണ്ടതാണ്. അവിടെ ഒരു കൊല്ലത്തിൽ 500 ഇഞ്ചുവരെ മഴ പെയ്ത തായി കണക്കെടുത്തിട്ടുണ്ടുപോലും.

നമ്മുടെ രാജ്യത്തിൻെറ കിഴക്കുഭാഗത്തും മദ്രാസ് സംസ്ഥാനത്തിൻെറ പടിഞ്ഞാറുഭാഗത്തുമായി കിടക്കുന്ന മലനിരകളാണല്ലൊ പശ്ചിമഘട്ടം. നമ്മുടെ രാജ്യത്തു സമൃദ്ധിയായി പെയ്യുന്ന മഴക്കു കാരണം ഈ മലകളാണ്. അറബിക്കടലിൽനിന്നു വരുന്ന മേഘങ്ങളെ പശ്ചിമ ഘട്ടം തടുത്തുനിത്തുന്നില്ലെങ്കിൽ നമ്മുടെ രാജ്യമായ കേര ളത്തിൽ ഇത്ര സുലഭമായ മഴ പെയ്യുന്നതല്ലായിരുന്നു.

ബങ്കാൾ ഉൾക്കടലിൽനിന്നു വീശുന്ന കാററുകളെ തടുത്തുനിത്തി പൂവ്വഘട്ടം ഇന്ത്യാരാജ്യത്തിൻെറ കിഴക്കുഭാ ഗത്തു സുലഭമായി മഴ പെയ്യിക്കുന്നു.

പശ്ചിമതീരത്തു പശ്ചിമഘട്ടം കഴിഞ്ഞാൽ ഹിമാല

യത്തിലെത്തുന്നതുവരെ മലകളില്ലെന്നു ഭൂപടം നോക്കിയാൽ നിങ്ങൾക്കു കാണാവുന്നതാണ്. അതുകൊണ്ട് അവിടെ മഴ ദുർല്ലഭമായേ പെയ്യുന്നുള്ളു. സിൻഡ് ഒരു മരുഭൂമിയാകാൻ ഇതുതന്നെയാണ് കാരണമെന്നു ധരിക്കുക.

രാജ്യത്തിന്റെ മദ്ധ്യഭാഗത്തു കിടക്കുന്ന മലകളാണു വിന്ധ്യനും ശതപുരവും എന്നു പറഞ്ഞുവല്ലോ. ഈ മലകൾ രാജ്യത്തെ ഉത്തരേന്ത്യയെന്നും ദക്ഷിണേന്ത്യയെന്നും രണ്ടായി വിഭാഗിക്കുന്നു.

ഇന്ത്യയിൽ അനവധി ചെടികൾ അവയുടെ നാരിനുവേണ്ടി കൃഷി ചെയ്യപ്പെടുന്നുണ്ട്. അവയിൽ പ്രധാനമായവ പരുത്തിയും ചണയുമാകുന്നു.

<u>പരുത്തി</u>— പ്രധാനമായി കൃഷി ചെയ്യുന്നതു ഡെക്കാണിന്റെ വടക്കുപടിഞ്ഞാറുഭാഗത്താകുന്നു. കത്തിയവാർ അർദ്ധദ്വീപു, ഗുജറാറ്, ബോംബെ സംസ്ഥാനത്തിന്റെ വടക്കുഭാഗം, മദ്ധ്യേന്ത്യാ എന്നിവിടങ്ങളിൽ പരുത്തി സുലഭമാണ്. ഇവിടത്തെ മണ്ണു കറുത്തു പശിമയുള്ളതാകുന്നു. അതിനു പരുത്തിമണ്ണ് എന്നുതന്നെയാണു പേർ. ഈ പ്രദേശങ്ങളിൽ മഴ സുലഭമാണെന്നു പറയാൻ തരമില്ല. എങ്കിലും മഴയായി പെയ്യുന്ന വെള്ളം മണ്ണു വലിച്ചെടുക്കുന്നു. ഐക്യസംസ്ഥാനം, പഞ്ചാബ്, സിൻഡ്, മദ്രാസ് സംസ്ഥാനത്തിന്റെ വടക്കുഭാഗം എന്നിവിടങ്ങളിൽ പരുത്തി കൃഷി ചെയ്യുന്നുണ്ട്. ഇവിടങ്ങളിൽ പരുത്തിക്കു നനക്കേണ്ടിയിരിക്കുന്നു. മദ്രാസ് സംസ്ഥാനത്തിലുള്ള കാർഡമൺകുന്നുകളുടെ കിഴക്കുഭാ

ശത്തും പരുത്തി ഇപ്പോഠം കൃഷി ചെയ്തുവരുന്നുണ്ടു്. ഇവിടത്തെ ചുവന്ന മണ്ണിൽ വളരുന്ന പരുത്തി മേത്തരമായതാണത്രെ.

ലോകത്തിൽവെച്ചു ഏററവും അധികം ചണകൃഷി ചെയ്യുന്നതു് ഇന്ത്യയിലാണു്. ഇതിന്നും നെല്ലിനേപ്പോലെയുള്ള സ്ഥിതികഠംതന്നെയാണത്രേ വേണ്ടതു്. എന്നാൽ കൃഷിസ്ഥലത്തുള്ള വളമാസകലം ഈ ചെടി വലിച്ചെടുത്തുകളയുന്നുവത്രെ. അതുകൊണ്ടു വെള്ളപ്പൊക്കമുള്ള സ്ഥലങ്ങളിൽ മാത്രമെ ഈ ചെടി കൃഷി ചെയ്യുവാൻ പാടുള്ളു. ഗംഗാ, ബ്രഹ്മപുത്ര എന്നീ നദികളുടെ കീഴൊഴുക്കുകരകളിലാണു് ചണച്ചെടി ഇന്നു പ്രധാനമായി കൃഷിചെയ്യപ്പെടുന്നതു്. ചണച്ചെടിയിൽനിന്നു ലഭിക്കുന്ന ഉറപ്പുള്ള നാരുകൊണ്ടു ചാക്കുകഠം, കപ്പപ്പായകഠം മുതലായവ ഉണ്ടാക്കിവരുന്നു.

ഇന്ത്യയിലെ പ്രധാന വിളവുകഠം നെല്ലു്, ഗോതമ്പു്, പരുത്തി, എണ്ണവിത്തുകഠം, ചണം, കരിമ്പു്, ചായ എന്നിവയാണെന്നു നിങ്ങഠം പഠിച്ചുവല്ലൊ. ഏതാണ്ടു 8 കോടി ഏക്ര സ്ഥലങ്ങളിൽ നെല്ലും, 2 കോടി 50 ലക്ഷം ഏക്ര സ്ഥലങ്ങളിൽ ഗോതമ്പും, 1 കോടി 80 ലക്ഷം ഏക്ര സ്ഥലങ്ങളിൽ പരുത്തിയും, 1 കോടി 50 ലക്ഷം ഏക്ര സ്ഥലങ്ങളിൽ എണ്ണവിത്തുകളും, 30 ലക്ഷം ഏക്ര സ്ഥലങ്ങളിൽ ചണയും, 25 ലക്ഷം ഏക്ര സ്ഥലങ്ങളിൽ കരിമ്പും, 15 ലക്ഷം ഏക്ര സ്ഥലങ്ങളിൽ ചായയും കൃഷി ചെയ്യുന്നു എന്നു നിങ്ങഠം ധരിച്ചിരിക്കുന്നതു നന്നു.



INDIA - PRODUCTS.

വിളവുകൾ	കൃഷി ചെയ്യുന്ന സ്ഥലം (ഏക്ര)
1. നെല്ല്	8 കോടി.
2. ഗോതമ്പ്	2 കോടി 50 ലക്ഷം.
3. പരുത്തി	1 കോടി 80 ലക്ഷം.
4. എണ്ണവിത്തുകൾ	1 കോടി 50 ലക്ഷം.
5. ചണ	30 ലക്ഷം.
6. കരിമ്പ്	25 ലക്ഷം.
7. ചായ	15 ലക്ഷം.

മേല്പറഞ്ഞ സംഗതികളിൽനിന്നു കുട്ടികൾ നമ്മുടെ രാജ്യത്തെ ഉല്പന്നങ്ങളെ കൃഷിചെയ്തുണ്ടാക്കുന്നവയെന്നും, തോട്ടങ്ങളിൽനിന്നു കിട്ടുന്നവയെന്നും, കാടുകളിൽനിന്നു കിട്ടുന്നവയെന്നും മൂന്നാക്കി തിരിക്കാമെന്നു ധരിക്കണം. ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ എന്നിവ കൃഷിചെയ്തുണ്ടാക്കുന്ന വിളവുകളാണ്. ഈ വിളവുകൾ ഇറക്കുന്നതിനു നിലം ഉഴുതു ശരിപ്പെടുത്തേണമെന്നും, മഴത്തഞ്ചം നോക്കേണമെന്നും നിങ്ങൾക്ക് അറിയാമല്ലൊ.

തോട്ടങ്ങളിൽനിന്നു കിട്ടുന്ന സാധനങ്ങളിൽ പ്രധാനമായവ കാപ്പി, ചായ, റബ്ബർ, പരുത്തി, നാളികേരം എന്നിവയാകുന്നു. ഇവക്ക് കൊല്ലംതോറും മണ്ണു ശരിപ്പെടുത്തേണ്ടുന്ന ആവശ്യമില്ല. അപ്രകാരംതന്നെ മഴയുടെ തഞ്ചവും നോക്കേണ്ട ആവശ്യമില്ല. ഇവയെ ഒരിക്കൽ വെച്ചുപിടിപ്പിച്ചുകഴിഞ്ഞാൽ നശിക്കുന്നതുവരെ ഇവയിൽനിന്നു ഫലം കിട്ടുന്നതാണല്ലൊ.

ഇന്ത്യയിലെ വനങ്ങളിൽനിന്നു കിട്ടുന്ന സാധനങ്ങൾക്ക് മുൻപറഞ്ഞതരത്തിലുള്ള മനുഷ്യപ്രയത്നം യാതൊന്നുംതന്നെ ആവശ്യമില്ലല്ലോ. കാടുകളിൽ നില്ക്കുന്ന മരങ്ങളെ വെട്ടിയെടുക്കുകയാണ് മനുഷ്യർ സാധാരണ ചെയ്യുന്നത്. കാടുകൾ വെട്ടിത്തെളിയിച്ച് അധികം ആദായകരങ്ങളായ റബ്ബർ മുതലായ ചെടികൾ കൃഷിചെയ്യുന്നുണ്ടെന്നും നിങ്ങൾക്കറിയാമല്ലോ.

കൃഷിയുടെ ആവശ്യത്തിനു വേണ്ടുന്ന വെള്ളത്തെ അനുസരിച്ചു കൃഷിയെ നഞ്ചകൃഷി, പുഞ്ചകൃഷി എന്നു രണ്ടായി തിരിക്കാം. നെൽകൃഷി നഞ്ചകൃഷിയാണെന്നു സുപ്രസിദ്ധമാണല്ലോ. ചണകൃഷിയും, കരിമ്പുകൃഷിയും ഈ ഇനത്തിൽതന്നെ ഉൾപ്പെടുത്തേണ്ടതാണ്.

ചായ, കാപ്പി മുതലായ തോട്ടവിഭവങ്ങളെ പുഞ്ചകൃഷിയിൽ ഉൾപ്പെടുത്താം.

കൃഷിചെയ്തുണ്ടാക്കുന്ന ഗോതമ്പ്, എണ്ണവിത്തുകൾ, അരിച്ചോളം, കമ്പ്, റാഗി മുതലായവയേയും പുഞ്ചകൃഷിയിൽ ഉൾപ്പെടുത്തേണ്ടതാണ്. തോട്ടകൃഷിയിലെ പരുത്തി മുതലായവയും പുഞ്ചകൃഷിയാണെന്നു പറഞ്ഞുവല്ലോ. ഇങ്ങിനെ നാനാതരത്തിലുള്ള വിളവുകൾക്ക് നാനാതരത്തിലുള്ള കാലാവസ്ഥയാണു വേണ്ടതെന്നു നിങ്ങൾക്കു മനസ്സിലായല്ലോ. അതുകൊണ്ടു ഇന്ത്യയുടെ കാലാവസ്ഥയെപ്പററി ചില സംഗതികൾ നിങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ട്.

ഇന്ത്യാഗവമ്മേണ്ടിൻെറ കാലാവസ്ഥാവിദഗ്ദ്ധൻ ഒരു സംവത്സരത്തെ രണ്ടു പ്രധാനഖണ്ഡങ്ങളായി വിഭാഗിക്കുന്നു. അവ വടക്കുകിഴക്കൻ വഷ്വാഹിനിക്കാററു

കാലം, തെക്കുപടിഞ്ഞാററൻ വർഷവാഹിനിക്കാററുകാലം എന്നിവയാകുന്നു. അവയിൽ ഓരോന്നിനേയും പിന്നെ അദ്ദേഹം ഈരണ്ടു് ഉപഖണ്ഡങ്ങളാക്കുന്നു. ആദ്യത്തെ ഖണ്ഡത്തിൻെറ ഉപഖണ്ഡങ്ങൾ ശീതകാലവും ഉഷ്ണകാലവുമാണു്. ശീതകാലം ജാനുവരി, ഫെബ്രുവരി എന്നീ മാസങ്ങളും; ഉഷ്ണകാലം മാർച്ച് മുതൽ ജൂൺ നടുവെ വരെയുള്ള സമയവുമാണു്. രണ്ടാമത്തെ ഖണ്ഡത്തെ അദ്ദേഹം സാധാരണമഴക്കാലമെന്നും, പിന്തിരിയുന്ന വർഷവാഹിനിക്കാററുകാലമെന്നുമാണു വിഭാഗിക്കുന്നതു്. സാധാരണമഴക്കാലം ജൂൺ നടുവുമുതൽ സെപ്തംബർ നടുവെവരെ നീണ്ടുനില്ക്കുന്നു. മറേറ ഉപഖണ്ഡം സെപ്തംബർ നടുമുതൽ ഡിസംബർ അവസാനംവരെയുള്ള കാലമാണു്.

ഇന്ത്യയിലെ കാലാവസ്ഥയെ രൂപവൽക്കരിക്കുന്ന പ്രധാനശക്തി വർഷവാഹിനിക്കാററുകളാകുന്നു. സാധാരണയായി വർഷവാഹിനിക്കാററുകൾ ഊതുന്ന പ്രദേശങ്ങളിൽ കൊല്ലത്തിൽ രണ്ടു കാലങ്ങളുണ്ടു്. അവ ഒരു ഉഷ്ണമഴക്കാലവും ഒരു ശീതവരൾക്കാലവുമാണു്. ഉഷ്ണമഴക്കാലത്തു കാററുകൾ കടലിൽനിന്നു വീശുന്നു. ശീതവരൾക്കാലത്തു് കാററുകൾ കരയിൽനിന്നു വീശുന്നവയായിരിക്കും.

<u>ശീതകാലം</u>—ഡിസമ്പർ, ജാനുവരി എന്നീ മാസങ്ങളിൽ സൂര്യൻ ആകാശത്തു നന്ന താഴ്ന്നിരിക്കുന്നു. അതുകൊണ്ടു് അക്കാലത്തു സൂര്യരശ്മികൾ ചാഞ്ഞാണു് നിലത്തു പതിക്കുന്നതു്. അതിനാൽ അപ്പോൾ ശീതകാലമാകുന്നു. അപ്പോൾ രാജ്യത്തിൻെറ വടക്കുപടിഞ്ഞാറു

ഭാഗത്തു ശരാശരി ചൂട് ഏറിയതു 55° യും, ഗംഗാതടം, മദ്ധ്യോന്നതതടം, വടക്കൻബമ്മ എന്നിവിടങ്ങളിലെ ഏറിയ ചൂട് 70° യും, ദക്ഷിണേന്ത്യയിലെ ഏറിയ ചൂട് 80° യും മാത്രമാകുന്നു. കടൽതീരപ്രദേശങ്ങളിൽ രാജ്യത്തിൻെറ അകത്തുഭാഗത്തുള്ളത്ര ഏററക്കുറവു ചൂടിൽ ഉണ്ടാകുന്നില്ലെന്നുള്ളതു പ്രസ്താവ്യമാണ്.

സാമാന്യമായി പറയുന്നതായാൽ ആകാശം മേഘരഹിതമായിരിക്കും. സൂൎയ്യൻ പ്രസന്നനായി പ്രകാശിക്കുകയും ചെയ്യും. പക്ഷെ ഇറാൻ ഉന്നതതടത്തിൽനിന്നു പുറപ്പെടുന്ന ചുഴലിക്കാററുകൾ ഇടക്കിടെ ഗംഗാതടമാസകലം വീശുന്നു. ആ കാററുകൾകാരണം ഹിമാലയത്തിൽ മഞ്ഞും താഴ്ന്ന പ്രദേശങ്ങളിൽ മഴയും ഉണ്ടാകുന്നു. ഈ മഴ ഇന്ത്യയിലെ വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിലെ ജനങ്ങൾക്കു വലിയ ഒരുപകാരമാണ്. ശീതകാലവിളവുകളിറക്കുന്നതിനു ഈ മഴ അവരെ സഹായിക്കുന്നു.

ഉഷ്ണകാലം—മാച്ച് 21-ാംനു- സൂൎയ്യൻ ഉത്തരായനത്തിൽ മദ്ധ്യരേഖയെ കടക്കുന്നു. അപ്പോൾ ഉഷ്ണക്കാലാരംഭമായി. ബെങ്കാൾ ഉൾക്കടലിൻെറ ഇരുഭാഗങ്ങളിലും സ്ഥിതിചെയ്യുന്ന കരകളിൽ കടൽക്കാററു വീശുന്നു. രാജ്യത്തിൻെറ അകഭാഗത്ത് അപ്പോഴും വായു വരണ്ടും ആകാശം മേഘരഹിതമായുമിരിക്കും. സൂൎയ്യരശ്മികൾ അധികമധികം ഋജുവായി പതിക്കുമ്പോൾ ചൂട് ഏറുകയും ചെയ്യുന്നു. ഇക്കാലത്തു സിംലാ, ഡാർജിലിങ്ങ് എന്നിവിടങ്ങളിലെ ശരാശരി ചൂട് 70° യിൽ കടക്കുന്നില്ല. എന്നാൽ മേയ്മാസത്തിൽ അലഹബാദ്, കോൺപൂർ,

ഡെൽഹിയെന്നിവിടങ്ങളിൽ ചൂട് 92° വരേയും, ജൂൺ മാസത്തിൽ ജക്കോബബാദിൽ ചൂട് 98° യും ആയിത്തീരുന്നു.

നട്ടുച്ചയ്ക്കു ഗൃഹത്തിന്റെ പുറഭാഗത്തു പണിയെടുക്കുക സാദ്ധ്യമല്ല. സസ്യാദികൾ വരണ്ടുപോകുന്നു. ചിലസമയത്ത് അത്യധികം ശക്തിയുള്ള കാററ് ഊതുന്നു. അതുകൊണ്ടു വായു തണുക്കുന്നില്ലെന്നില്ല. എന്നാൽ വരണ്ട പ്രദേശങ്ങളിൽ പൊടി ഉയരുന്നതുകൊണ്ട് പകലും രാത്രിയേപ്പോലെതന്നെ ഇരുണ്ടിരിക്കുന്നു. ഇക്കാലത്തു ബെംഗാൾ, ആസ്സാം, ബർമ്മ എന്നിവിടങ്ങളിലും കാററുണ്ടായേക്കാം. പക്ഷെ അവിടങ്ങളിൽ പൊടിക്കു പകരം മഴയാണുണ്ടാകുന്നത്. അതുകൊണ്ടു ചായത്തോട്ടക്കാരനു സന്തോഷമാകുന്നു.

ശീതകാലത്തു ദക്ഷിണേന്ത്യയിൽ ഉത്തരേന്ത്യയിലോളം തണുപ്പില്ല. പക്ഷെ, ഉഷ്ണകാലത്ത് അവിടെ ഉത്തരേന്ത്യയിലേക്കാൾ തണുപ്പുണ്ട്.

സാമാന്യമഴക്കാലം—ജൂൺമാസത്തിന്റെ നടുവിൽ മൈതാനപ്രദേശത്തു ചൂടും വരൾച്ചയും അസഹ്യമാണ്. അപ്പോൾ അവിടെ വായുവിന്റെ സമ്മർദ്ദം കുറയുന്നു. അതുകൊണ്ട് അവിടെയൊരു മാററം സംഭവിക്കുന്നു. വായുവിന്റെ സമ്മർദ്ദം കുറഞ്ഞ പ്രദേശങ്ങളിലേക്കു കാററ് ഊതുന്നു. തെക്കുകിഴക്കൻ വാണിജ്യവാതങ്ങൾ മദ്ധ്യരേഖകടന്നു വടക്കോട്ടു പ്രവേശിക്കുന്നു. അപ്പോൾ അവ വലത്തോട്ടു ചായുന്നു. അതുകൊണ്ട് അവ ഇന്ത്യയിൽ തെക്കുപടിഞ്ഞാറൻ കാററുകളായി തീരുന്നു. അവ അനേകായിരം ദൂരത്തോളം വെള്ളത്തിനുമിതെയാണ് ഊ

തിവററിട്ടുള്ളതു് എന്നു ധരിക്കുക. ആകാശത്തു മേഘങ്ങൾ ശേഖരിക്കുന്നു; ഇടിനിനദം മുഴങ്ങുന്നു; മഴ ആരംഭിക്കുന്നു. ഈ കാററു് തെക്കുപടിഞ്ഞാറുനിന്നു അതിശക്തിയായി ഊതുന്നു. വായു ജലബാഷ്പസമ്പൂർണ്ണമായിതീരുന്നു. അത്യുഷ്ണമായ സൂര്യനിൽനിന്നും നിലത്തിനെ മേഘങ്ങൾ രക്ഷിക്കുന്നു. മഴക്കാലം മുമ്പോട്ടു പോകുംതോറും ചൂടു കുറയുന്നു. മഴ അതികഠിനമായി പെയ്യുന്നു. സസ്യാദികൾ പുനരാവിർഭവിക്കുന്നു. തവിട്ടുനിറമായിരുന്ന നിലം പച്ചനിറമായി ശോഭിക്കുന്നു.

എന്നാൽ മഴ എല്ലാസ്ഥലത്തും ഒരുപോലെ പെയ്യുന്നില്ല. വർഷവാഹിനിക്കാററുകൾ മലകൾ തടഞ്ഞുനിർത്തുന്ന പ്രദേശങ്ങളിലാണു് മഴ ഏററവുമധികം പെയ്യുന്നതു്. കാമ്പേ ഉൾക്കടൽ മുതൽ കന്യാകുമാരിവരെ നീണ്ടുകിടക്കുന്ന പശ്ചിമതീരപ്രദേശത്തും, സിലോണിന്റെ തെക്കുപടിഞ്ഞാറു ഭാഗത്തും, ബർമ്മയുടെ തീരത്തും, ബെങ്കാൾ, ആസ്സാം എന്നിവിടങ്ങളിലും മഴ സുലഭമായി പെയ്യുന്നു. കാശിക്കുന്നുകളുടെ തെക്കൻ ചെരിവിലുള്ള ചിറാപുഞ്ചിയിൽ കൊല്ലത്തിൽ ശരാശരി 458 ഇഞ്ചു മഴ പെയ്യുന്നുണ്ടത്രെ. ഒരു കൊല്ലത്തിൽ 900 ഇഞ്ചു മഴപെയ്തതായി കണക്കെടുത്തിട്ടുണ്ടു്. ആ കുന്നിന്റെ വടക്കെ ചെരിവിലുള്ള ഷില്ലോങ്ങിൽ കൊല്ലത്തിൽ 82 ഇഞ്ചു മഴയാണത്രെ പെയ്യുന്നതു്.

ഒരുകൊല്ലത്തിൽ ആകെ പെയ്യുന്ന മഴയുടെ തോതു കണക്കാക്കി ഒരു സ്ഥലത്തു പെയ്യുന്ന മഴ ഇത്രയെന്നു ഖണ്ഡിച്ചുപറവാൻ പ്രയാസം. മാസക്കണക്കുകൾ നോക്കുമ്പോൾ വളരെ വ്യത്യാസമുള്ളതായി കാണുന്നു.

വർഷവാഹിനിക്കാററുകളെ ഹിമാലയം തടഞ്ഞുനിർത്തി ഗംഗാതടത്തിൽ പ്രവേശിപ്പിക്കുന്നു. പക്ഷെ കാററുകൾ രാജ്യത്തിൻെറ അകഭാഗത്തേക്കു പോകുംതോറും മഴ കുറയുന്നു. അതുകൊണ്ടു ഇന്ത്യയുടെ കിഴക്കുഭാഗത്തുനിന്നു പടിഞ്ഞാട്ടു പോകുംതോറും കൃഷി നനക്കുന്നതിനു വെള്ളച്ചാലുകൾ അധികമധികം ആവശ്യമായി തീരുന്നു.

അരാവല്ലി മലകൾക്കും ഇറാൻ ഉന്നതതടത്തിനും മദ്ധ്യേകിടക്കുന്ന ഭാഗമാണു ഇന്ത്യയിലെ ഏററവും വരണ്ട പ്രദേശം. രാജപുട്ടാന, സിണ്ട്, ബലൂചിസ്ഥാൻ എന്നീ പ്രദേശങ്ങൾ ഇവിടെയാണല്ലോ. ഇവിടങ്ങളിൽ കൊല്ലത്തിൽ ഏതുകാലത്തും വരണ്ട ഒരു കാററുവീശുന്നു. കറാച്ചിയിൽ കൊല്ലത്തിൽ എട്ടു ഇഞ്ചും, ജക്കോബബാദിൽ കൊല്ലത്തിൽ ഒരു ഇഞ്ചും മാത്രമേ മഴപെയ്യുന്നുള്ളു എന്നു ധരിക്കുക.

പശ്ചിമഘട്ടങ്ങളുടെ കിഴക്കെ ചെരിവു മഴമറവിലുള്ള പ്രദേശമാണു. പശ്ചിമതീരത്തുള്ള കോഴിക്കോടിൽ ജൂൺ, ജൂലായി എന്നീ മാസങ്ങളിൽ 66 ഇഞ്ചു മഴ പെയ്യുമ്പോൾ ബെങ്കളൂരിൽ അക്കാലത്തു 7 ഇഞ്ചു മഴ മാത്രമാണു പെയ്യുന്നതു.

പിൻതിരിയുന്ന വർഷവാഹിനിക്കാററുകാലം — സൂര്യൻ സപ്തമ്പർ 23-ാംനു- വീണ്ടും മദ്ധ്യരേഖയെ കടക്കുന്നുവല്ലൊ; അപ്പോൾ സൂര്യരശ്മികൾ രാജ്യത്തു ചാഞ്ഞു പതിക്കുന്നു. രാജ്യത്തു തണുപ്പു വർദ്ധിക്കുന്നു; വ. കി. വാണിജ്യ വാതമണ്ഡലം തെക്കോട്ടു മാറുന്നു; വർഷവാഹിനിക്കാററു പിന്തിരിയുന്നു. ഈ കാററു ബെങ്കാൾ ഉൾക്കടലിൻെറ മീതെ കടന്നുപോകുമ്പോൾ മദ്രാസിൻെറ തീര

പ്രദേശങ്ങളിലും, സിലോണിൻെറ വടക്കു കിഴക്കുഭാഗത്തും മഴ പെയ്യുന്നു.

ആകാശം മേഘരഹിതമാകുമ്പോൾ ഇന്ത്യയിൽ അത്യധികമായ സൂര്യപ്രകാശമുണ്ടാവുകയും രാജ്യത്ത് ഉഷ്ണം അല്പകാലത്തേക്കു വർദ്ധിക്കുകയും ചെയ്യുന്നു. പക്ഷെ, സൂര്യൻെറ ചാഞ്ഞ രശ്മികളിൽനിന്നുള്ള അനുഭവം വേഗം പ്രത്യക്ഷപ്പെടുന്നു. രാജ്യത്തു തണുപ്പു വർദ്ധിക്കുന്നു. വരണ്ട വ. കി. വർഷവാഹിനിക്കാററൂതുവാൻ തുടങ്ങുന്നു. ഇക്കാലത്തു ബെങ്കാൾ ഉൾക്കടലിൽ ചുഴലിക്കാററിൻെറ ആവിർഭാവമുണ്ടാകുന്നു. അവ ദക്ഷിണോപദ്വീപിൽക്കൂടി കടന്നു ഗംഗാതടംവരെ എത്തുന്നു. മദ്രാസ്, ബെങ്കാൾ, ബർമ്മ എന്നിവിടങ്ങളിൽ ഈ കാററുകൾകൊണ്ടു് ഉപദ്രവമുണ്ടാകുന്നു.

മേല്പറഞ്ഞ സംഗതികളിൽനിന്നും ഇന്ത്യയിലെ ചില ഭാഗങ്ങളിൽ സസ്യവളച്ചക്ക് അത്യാവശ്യമായ മഴ ലഭിക്കുന്നില്ലെന്നു വ്യക്തമായല്ലൊ. സിന്ധുതടം, ഗംഗയുടെ മേലൊഴുക്കുപ്രദേശം, അർദ്ധദ്വീപിൻെറ മഴമറവുപ്രദേശം എന്നിവിടങ്ങളിൽ മഴ കുറവാണു്. മദ്രാസിൽ മഴ നിശ്ചിതവുമല്ല.

മഴയെ നിയന്ത്രിക്കുന്നതു മലകൾ, രാജ്യത്തിൻെറ സമുദ്രസാമീപ്യം, കാററുകളുടെ ഗതി എന്നിവയാണെന്നു സിദ്ധമായല്ലൊ. ഒരു കൊല്ലത്തിൽ പെയ്യുന്ന മഴയെ അടിസ്ഥാനമാക്കി ഇന്ത്യയെ അതിവർഷമുള്ള പ്രദേശമെന്നും, മിതവർഷമുള്ള പ്രദേശമെന്നും, ലഘുവർഷമുള്ള പ്രദേശമെന്നും മൂന്നായി ഭാഗിക്കാം. ഹിമാലയം, ഗംഗയുടെ കീ

ഴൊഴുക്കപ്രദേശം, പശ്ചിമതീരം എന്നിവ അതിവർഷപ്രദേശങ്ങളും, മദ്രാസിലെ കരനാടകം, ഐക്യസംസ്ഥാനം മുതലായവ മിതവർഷപ്രദേശങ്ങളും, സിണ്ട്, ബലൂചിസ്ഥാൻ, രാജപുട്ടാന മുതലായവ ലഘുവർഷപ്രദേശങ്ങളും ആണെന്നു സിദ്ധമായല്ലൊ.

അതിവർഷപ്രദേശം.	മിതവർഷം	ലഘുവർഷപ്രദേശം.
1. ഹിമാലയം. 2. ഗംഗയുടെ കീഴൊഴുക്കപ്രദേശം. 3. പശ്ചിമതീരം.	1. മദ്രാസിലെ കരനാടകം. 2. ഐക്യസംസ്ഥാനം.	1. സിണ്ട്. 2. ബലൂചിസ്ഥാൻ. 3. രാജപുത്രസ്ഥാനം

പട്ടണങ്ങൾ	കൊല്ലത്തിൽ പെയ്യുന്ന മഴ (അംഗുലം)
1. കല്ക്കത്ത	60
2. പാട്നാ	44
3. അലഹബാദ്	39
4. ഡെൽഹി	27
5. ലാഹോർ	21
6. പെഷവാർ	13
7. ഷില്ലോങ്ങ്	82
8. കോഴിക്കോട്	66
9. ബങ്കളൂർ	40
10. ചിറപ്പുഞ്ചി	460

ഇന്ത്യയിൽ ഒരു ഉഷ്ണക്കാലവും ഒരു മഴക്കാലവും ഒരു

ശീതകാലവും ഉണ്ടെന്നും മഴ പെയ്യുന്നതു് ഉഷ്ണകാലത്തിൻെറ അപരാദ്ധത്തിലാണെന്നും നിങ്ങഠം ധരിച്ചിരിക്കുമെന്നു വിശ്വസിക്കുന്നു.

ജനങ്ങളുടെ മുഖ്യതൊഴിലായ കൃഷിയെപ്പററിയാണല്ലോ ഇത്രയും പറഞ്ഞതു്. മറെറാരു തൊഴിലായ മേച്ചിലിനെപ്പററിയാണു് ഇനി പ്രസ്താവിക്കുന്നതു്. ലഘുവായ മഴയുള്ള പ്രദേശങ്ങളിലും മലകളുടെ ഉയൎന്ന പ്രദേശങ്ങളിലും പുല്ലു് സുലഭമായിരിക്കും. ബൎമ്മയിലെ അരക്കൺമലകളിൽ പുൽപ്രദേശങ്ങളുണ്ടു്. അവിടെ ഒററക്കൊമ്പനായ കണ്ടാമൃഗം സുലഭമാണു്. പക്ഷെ അതു നാമാവശേഷമായിതീരുന്നുണ്ടു്. മദ്ധ്യോന്നതതടത്തിലും ഡെക്കാനിലെ നദികളുടെ ഇടയിലുള്ള പ്രദേശങ്ങളിലും പുല്ലു് സുലഭമാണു്. ഈ പ്രദേശങ്ങളിൽ കാട്ടുപോത്തുകളെ സുലഭമായി കാണാം. ഹിമാലയത്തിലെ കാടുകളിലും, കാടുകഠംക്കു് മീതെയുള്ള ചെരിവുകളിലും പുല്ലു് ധാരാളമുണ്ടു്. അവിടെ ചെന്നായ്ക്കളെ കാണാം. അവ ആടുകളെ പിടിച്ചുതിന്നുന്നു.

ഇന്ത്യയുടെ വരണ്ട വ. പടിഞ്ഞാറൻപ്രദേശമാസകലം മേച്ചിൽപ്രദേശമാണു്. അതു കത്തിയവാറിൽ തുടങ്ങി രാജപുട്ടാന, പഞ്ചാബു് എന്നിവിടങ്ങളിൽക്കൂടി കടന്നു കാശ്മീരിൽ അവസാനിക്കുന്നു. ഇവിടത്തെ മണ്ണിൽ ഉപ്പു കലൎന്നിട്ടുണ്ടു്. ഗുജറാററിലെ ആടുമാടുകഠം പ്രസിദ്ധമായവയാണു്. മാഠംവ ഉന്നതതടത്തിലും കാളകഠം സുലഭമാണു്. ബങ്കാളത്തിലെ നനവുള്ള മൈതാനങ്ങളിൽ കാളകഠംക്കുപകരം പോത്തുകളെയാണു കാണുന്നതു്.

കത്തിയവാറിലേയും, പഞ്ചാബിലേയും പശുക്കൾ പ്രസിദ്ധമായവയാണ്. അവിടത്തെ ഗവ്യങ്ങളും (പാൽ, മോര് മുതലായവ) പ്രസിദ്ധമത്രെ.

കാശ്മീരം, പഞ്ചാബിലെ വരണ്ട പ്രദേശം, ഡെക്കാൺകുന്നുകൾ എന്നിവിടങ്ങളിൽ ചെമ്മരിയാടുകളും കോലാടുകളും സുലഭമാണ്.

മഴ നന്ന കുറഞ്ഞിരിക്കുന്ന രാജപുട്ടാനയും സിണ്ടും മരുഭൂപ്രദേശമാണ്. താർ എന്ന മരുഭൂമി സിന്ധു, ലൂനി എന്നീ നദികൾക്കു മദ്ധ്യെയാണു കിടക്കുന്നതെന്നു നിങ്ങൾക്കറിയാമല്ലൊ. വനക്കപ്പൽ എന്നു പറയുന്ന ഒട്ടകത്തെ ഇവിടെ ധാരാളം കാണുന്നതിൽ അത്ഭുതമില്ല.

സസ്യങ്ങൾ ധാരാളമായി വളരുന്ന ബർമ്മ, ആസ്സാം, സിലോൺ, കൊച്ചി, തിരുവിതാംകൂർ എന്നിവിടങ്ങളിലെ കാടുകളിലെ ആനയും പ്രസിദ്ധമാണല്ലൊ.

അദ്ധ്യായം 7.

വ്യവസായങ്ങൾ.

ഇന്ത്യയിലെ വ്യവസായങ്ങളെ കുടിൽവ്യവസായം, യന്ത്രശാലാവ്യവസായം എന്നിങ്ങിനെ രണ്ടായി തിരിക്കാം. ഇന്ത്യയിലെ കുടിൽവ്യവസായങ്ങൾ ലോകപ്രസിദ്ധങ്ങളാണ്. ഉണ്ടാക്കുന്ന സാധനങ്ങളുടെ ഗുണമാണ് ഇതിന്നു കാരണം. ആദ്യകാലത്തുണ്ടായിരുന്ന പ്രാധാന്യം കുടിൽവ്യവസായങ്ങൾക്കില്ലെന്നുള്ളതു വ്യസനകരം തന്നെ. യന്ത്രശാലാവ്യവസായത്തിൻെറ ആവിർഭാവമാ

ണ് ഈ പ്രാധാന്യക്കുറവിനു കാരണമായതെന്നു പറയേണ്ടതില്ലല്ലൊ.

കുടിൽവ്യവസായങ്ങളിൽ പ്രധാനമായവ നൂൽനൂല്പ്, പരുത്തിത്തുണിനെയ്ത്ത്, പട്ടുനെയ്ത്ത്, സാൽവകളും, പരവധാനികളുമുണ്ടാക്കൽ, ലോഹപ്പണി എന്നിവയാകുന്നു. കയറുപിരിക്കൽ, ബീഡി ഉണ്ടാക്കൽ എന്നിവയും ഇന്നു പ്രധാനങ്ങളായ കുടിൽവ്യവസായങ്ങളാണ്.

നൂൽനൂൽപ്പും നെയ്ത്തും വളരെ പുരാതനകാലം മുതല്ക്കുതന്നെ ഇന്ത്യയിലെ ഒരു വ്യവസായമായിരുന്നു. ഡക്കാമസ്ലിൻ അന്നു പ്രസിദ്ധമായിരുന്നു. അന്നത്തെ കാലത്തു ഈജിപ്തിലെ രാജാക്കന്മാർ ധരിച്ചിരുന്ന വസ്ത്രങ്ങൾക്കു ഡെക്കാമസ്ലിൻ ഉപയോഗിച്ചിരുന്നു. ലക്ക്നോവിൽ പ്രസിദ്ധമായ ഒരു നെയ്ത്തുശാലയുണ്ടായിരുന്നു. അഹമ്മദ്ബാദിലെ ദോത്തികളും പ്രസിദ്ധങ്ങളാണ്. ഇന്നു മൽത്തുണികൾ പ്രധാനമായി ഉണ്ടാക്കിവരുന്നതു ബങ്കാൾ, ആസ്സാം എന്നിവിടങ്ങളിലാണ്.

പട്ടുണ്ടാക്കൽ പ്രധാനമായ മറെറാരു വ്യവസായമാണ്. ബങ്കാൾ, കാശി, അഹമ്മദ്ബാദ് എന്നിവിടങ്ങളിലാണ് അതു പ്രചാരത്തിലിരിക്കുന്നത്.

കാശ്മീരം, പഞ്ചാബിലെ അമൃതസരസ്സ്, ലൂഢിയാന എന്നീ പ്രദേശങ്ങൾ കമ്പിളിവ്യവസായത്തിനു ശ്രുതിപ്പെട്ടിരിക്കുന്നു.

ഇന്ത്യയിലെ ലോഹപ്പണികൾ പ്രസിദ്ധങ്ങളാണല്ലൊ. രാജപുട്ടാനയിൽ ഇന്നും വാളുകൾ, കഠാരികൾ, പരിചകൾ, കവചങ്ങൾ എന്നിവ ഉണ്ടാക്കിവരുന്നു.

സ്വൎണ്ണംപൂശൽ അഥവാ മുക്കൽ ഇന്ത്യയിൽ വളരെകാലമായി നടന്നുവരുന്ന ഒരു വ്യവസായമാണ്. ജയപുരത്തുള്ളവരാണ് ഈ വേലയിൽ മുമ്പന്മാർ. ഭവാനിപുരം, ബൂജ് എന്നീ സ്ഥലങ്ങളിലും ഇതു നടന്നുവരുന്നുണ്ട്. വെള്ളി പൂശുന്നതിനു പ്രസിദ്ധമായ പട്ടണങ്ങൾ മൂൾട്ടാൻ, ലക്ക്നോ, രാമപുരം എന്നിവയാണ്. ചെമ്പു പൂശൽ കാശ്മീരത്തിലാണു നടന്നുവരുന്നത്.

ബങ്കളൂർ, മൈസൂർ, തിരുവിതാംകൂർ, തൃശ്ശിനാപ്പിള്ളി, മദ്രാസ് പട്ടണം, പൂന, ബീജപുരം, ഷോലാപുരം, അഹമ്മദ്ബാദ്, ബറോഡ, ലക്ക്നോ, കല്ക്കത്ത, കട്ടാക്ക്, ഡെക്കാ, മോൺഹീർ, ജാൻസി എന്നിവിടങ്ങളിലെ സ്വൎണ്ണാഭരണങ്ങൾ പ്രസിദ്ധമത്രെ.

മൺപാത്രങ്ങളുണ്ടാക്കൽ ഇന്ത്യയിലെ മറെറാരു വ്യവസായമാണ്. പെഷവാർ, ഡെൽഹി, ജയപുരം, വെല്ലൂർ, ബമ്മ, ചാലക്കുടി എന്നിവിടങ്ങളിലെ മൺപാത്രവ്യവസായമാണു പ്രസിദ്ധമായതു്. മദ്രാസിലെ വെങ്കലപ്പാത്രങ്ങൾ സുപ്രസിദ്ധങ്ങളാണല്ലോ. പാലക്കാട്ടുണ്ടാക്കുന്ന ഓട്ടുപാത്രങ്ങളും അങ്ങിനെതന്നെ. ദന്തംകൊണ്ടുള്ള വേലകൾ ഇന്നു പ്രധാനമായി ഡെൽഹി, മൂഷിദബാദ്, മൈസൂർ, തിരുവിതാംകൂർ, മൂൾമെയിൻ എന്നിവിടങ്ങളിൽ നടന്നുവരുന്നു. ഇന്ത്യയിലെ കൊത്തുപണി ലോകപ്രസിദ്ധമാണ്. കയറുപിരിക്കൽ പശ്ചിമതീരത്തിലെ പ്രധാനമായ ഒരു കുടിൽവ്യവസായമാണല്ലോ. ബീഡിയുണ്ടാക്കൽ നാട്ടിലെങ്ങുംതന്നെ നടന്നുവരുന്നുണ്ടെന്നു പറയാം.

ഇപ്പോൾ ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലേയും

ഭരണം ഭാരതമഹാജനസഭക്കാരാണല്ലോ നടത്തുന്നതു്. ഇന്ത്യയുടെ ജനങ്ങളുടെ അസഹനീയമായ ദാരിദ്ര്യസ്ഥിതിക്കു് കാരണം അവർ കൃഷിയെ ആശ്രയിച്ചുനില്ക്കുന്നതും, യന്ത്രശാലാവ്യവസായത്തിൻെറ ആവിർഭാവവുമാണെന്നു മഹാജനസഭക്കാക്കറിയാം. കുടിൽവ്യവസായങ്ങളെ പുഷ്ടിപ്പെടുത്തിയാൽ മാത്രമേ ജനങ്ങളുടെ ദാരിദ്ര്യം നീക്കുവാൻ സാധിക്കയുള്ളവെന്നു അവക്കു ബോദ്ധ്യം വന്നിരിക്കുന്നു. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നൂൽനൂല്പിനും, തുണിനെയ്ത്തിനും ആധുനികകാലത്തു ഇന്ത്യയിലുണ്ടായിട്ടുള്ള പ്രചാരവും പ്രശസ്തിയും ഇത്രമാത്രമാണെന്നു പറവാൻ തരമില്ല. ബിഹാറിലെ കോൺഗ്രസ്സ് ഗവമ്മേണ്ടു കുടിൽവ്യവസായം പഠിപ്പിക്കുന്നതിനു ഒരു പാഠശാലകൂടി സ്ഥാപിച്ചിരിക്കുന്നുവെന്നു പ്രസ്താവിക്കുന്നതു് അഭിമാനകരംതന്നെയാണ്.

ഇനി പറയേണ്ടതു യന്ത്രശാലാവ്യവസായങ്ങളെപ്പററിയാണു്. അവയെപ്പററി പ്രസ്താവിക്കുന്നതിനുമുമ്പു് ഖനനത്തെപ്പററി ചില വിവരങ്ങൾ നിങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ടു്.

ഇന്ത്യയിൽ കുഴിച്ചെടുക്കുന്ന സാധനങ്ങൾ പ്രധാനമായി കല്ക്കരി, ഇരിമ്പ്, സ്വർണ്ണം, അഭ്രം, മാൻഗനീസ്, എന്നിവയാകുന്നു.

തെ. പടിഞ്ഞാറൻബംഗാൾ, ബീഹാർ, ഒറീസ്സ എന്നിവിടങ്ങളിൽനിന്നാണ് കല്ക്കരി അധികമായും ലഭിച്ചുവരുന്നതു്. ഇവിടെനിന്നു ഇന്നു് കുഴിച്ചെടുത്തുവരുന്ന കല്ക്കരി വളരെ അധികമില്ലെങ്കിലും ഇന്ത്യയിലെ ആവശ്യം

കഴിച്ച കല്ക്കരി കയററി അയച്ചുവരുന്നു. ഇവിടെ ഏതാണ്ട് 39,000 ച. നാഴിക വിസ്താരമുള്ള സ്ഥലത്തുനിന്നു കല്ക്കരി എടുത്തുവരുന്നു. ആസ്സാം, സിണ്ട്, ബലൂചിസ്ഥാൻ, പഞ്ചാബ് എന്നിവിടങ്ങളിൽ കല്ക്കരി കണ്ടുവരുന്നു. കല്ക്കരിയുടെ കാര്യത്തിൽ ലോകത്തിലെ രാജ്യങ്ങളിൽ ഇന്ത്യക്ക് 9-ാം സ്ഥാനമാണു ലഭ്യമായിരിക്കുന്നതെന്നു നിങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്.

ഇന്ത്യയിൽനിന്നു കുഴിച്ചെടുക്കുന്ന മറെറാരു ധാതുവാണ് സ്വർണ്ണം.

മൈസൂരിൽനിന്നാണ് ഇന്നു സ്വർണ്ണം അധികമായി കുഴിച്ചെടുത്തുവരുന്നത്. ഹൈദരബാദ്, മദ്രാസ്, ബോംബെ, കാശ്മീരം എന്നീ സ്ഥലങ്ങളിലും സ്വർണ്ണം കണ്ടുവരുന്നുണ്ട്.

മദ്ധ്യസംസ്ഥാനം, ബങ്കാൾ, ബീഹാർ, ഒറീസ്സ എന്നീ സ്ഥലങ്ങളിൽനിന്നു ഇരിമ്പു കുഴിച്ചെടുത്തുവരുന്നു.

ദക്ഷിണേന്ത്യാ, രാജപുട്ടാന, ഹിമാലയം എന്നിവിടങ്ങളിൽ ചെമ്പു കണ്ടുവരുന്നു.

മാൻഗനീസ് മദ്ധ്യസംസ്ഥാനം, മദ്രാസ്, ബോംബെ, ബങ്കാൾ, മൈസൂർ എന്നിവിടങ്ങളിൽനിന്നു ലഭിച്ചുവരുന്നു.

പഞ്ചാബ്, പശ്ചിമോത്തരസംസ്ഥാനം, രാജപുട്ടാന എന്നിവിടങ്ങളിൽനിന്നു ഉപ്പെടുത്തുവരുന്നു.

ബലൂചിസ്ഥാൻ, ആസ്സാം, പഞ്ചാബ് എന്നിവിടങ്ങളിൽനിന്നു മണ്ണെണ്ണ കുഴിച്ചെടുക്കുന്നു.

ദക്ഷിണേന്ത്യയിൽനിന്നും, വിന്ധ്യൻമലകളിൽനിന്നും വൈരം കുഴിച്ചെടുക്കുന്നു.

ഗോൾകൊണ്ടയിലെ ഖനികളിൽനിന്നു ലഭിച്ച 'കോഹിനൂർ' എന്ന വൈരം പ്രസിദ്ധമായതാണ്. അതു ഇന്നും നമ്മുടെ ചക്രവർത്തിയുടെ കിരീടത്തിൽ പതിച്ചിരിക്കുന്നു.

യന്ത്രശാലാവ്യവസായങ്ങളിൽ പ്രധാനമായവ പരുത്തിവ്യവസായം, ചണവ്യവസായം, രോമവ്യവസായം, തോൽവ്യവസായം, ഇരിമ്പുവ്യവസായം എന്നിവയാകുന്നു രണ്ടാംസ്ഥാനമർഹിക്കുന്നവയാണ് സിമൻറ്, സോപ്പ്, പഞ്ചസാര, തീപ്പെട്ടി എന്നീ വ്യവസായങ്ങൾ.

മരം അറക്കൽ, ഓട്ടുണ്ടാക്കൽ മുതലായവ മററു വ്യവസായങ്ങളാണ്.

ഏററവും പ്രധാനമായ വ്യവസായം പരുത്തിവ്യവസായംതന്നെ. നൂൽനൂൽപ്പും, വസ്ത്രനിർമ്മാണവുമാണ് വ്യവസായശാലകളിൽ നടന്നുവരുന്നതു്. 1914_ൽ തുടങ്ങിയ യൂറോപ്യൻ യുദ്ധകാലത്താണ് ഇന്ത്യയിൽ ഈ വ്യവസായത്തിനു അഭിവൃദ്ധിയുണ്ടായതു്. അതിനുമുമ്പ് ഇന്ത്യൻ മില്ലുകളിൽ നല്ല വസ്ത്രങ്ങൾ ഉണ്ടാക്കിയിരുന്നില്ല. എന്നാൽ 1918_നുശേഷം ഇന്ത്യക്ക് വേണ്ടുന്ന സകലവിധ പരുത്തിത്തുണികളും ഇന്ത്യയിൽതന്നെ ഉണ്ടാക്കാമെന്നായിട്ടുണ്ട്. 1927_ൽ ഇന്ത്യയിൽ 3,400 മില്ല്യൺവാര തുണിയുണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്. 1936_ൽ 379 മില്ലുകളിൽ പരുത്തിത്തുണി വ്യവസായം നടന്നിരുന്നു. അക്കൊല്ലത്തിൽ 2 കോടി 51 ലക്ഷത്തി 38000 ഏക്ര സ്ഥലത്തു ഇന്ത്യയിൽ പരുത്തി കൃഷി ചെയ്തിരുന്നു. ഇന്നു ഇന്ത്യയിൽ ഒരു കൊല്ലത്തിൽ 5000 മില്ല്യൺവാര തുണി ഉണ്ടാക്കിവരുന്നുണ്ടെന്നും 5 ലക്ഷം

ആളുകൾ അതിലേപ്പെട്ടിട്ടുണ്ടെന്നും ധരിക്കുമ്പോൾ അതിൻെറ മാഹാത്മ്യത്തെപ്പററി ഒരു ജ്ഞാനം നിങ്ങൾക്കുണ്ടാകുമല്ലൊ.

ഇന്ത്യയിലെ വ്യവസായങ്ങളിൽ രണ്ടാംസ്ഥാനമഹിക്കുന്നതു ചണവ്യവസായമാണ്. ലോകത്തിൽവെച്ചു ഏററവും അധികം ചണയുണ്ടാകുന്നതു ബങ്കാളത്തിലാണ്. ബീഹാർ, ആസ്സാം എന്നിവിടങ്ങളിലും ചണയുണ്ടാകുന്നുണ്ട്. 1855-ൽ ആണ് ഒന്നാമത്തെ ചണമിൽ സ്ഥാപിതമായതു്. 1938-ൽ ഇന്ത്യയിൽ 100 ചണമില്ലുകൾ ഉണ്ടത്രെ.

രോമവ്യവസായം പ്രധാനമായി നടക്കുന്നതു പഞ്ചാബ്, ബോംബെ, ഐക്യസംസ്ഥാനം, മദ്രാസ് എന്നിവിടങ്ങളിലാണ്. ആകെ 26 മില്ലുകളിൽ രോമവ്യവസായം നടക്കുന്നുണ്ടത്രെ.

തോൽകൊണ്ടു നാനാതരത്തിലുള്ള സാമാനങ്ങളുണ്ടാക്കൽ പ്രധാനമായ ഒരു വ്യവസായമാണ്. കോൺപുരത്തിലെ ബൂട്സ്, ബെൽട്ട്, കുതിരസാമാനമെന്നിവ പ്രസിദ്ധമത്രെ.

ഇരിമ്പുവ്യവസായം ഇന്ത്യയിൽ ഇദംപ്രഥമമായി തുടങ്ങിയതു 1831-ൽ മദ്രാസിലാണ്. അന്നു ഇതു വിജയമായ ഒരു വ്യവസായമായി കലാശിച്ചില്ല. ഇന്നു ഇരിമ്പുവ്യവസായം ഇന്ത്യയിലെ പ്രധാന വ്യവസായങ്ങളിൽ ഒന്നാണ്. ജെ. യൻ. താത എന്ന മഹാൻെറ അക്ഷീണപരിശ്രമത്തിൻെറ ഫലമായാണ് ഇരിമ്പുവ്യവസായം വിജയമായി കലാശിച്ചിട്ടുള്ളതു്. 1875-ൽ ബരക്ക്പുരത്തിലെ പ്രവത്തനശാലക്കാരാണ് ഇരിമ്പുവ്യവ

സായം ഇദംപ്രഥമമായി തുടങ്ങിയതു്. ആ വ്യവസായത്തെ 1889-ൽ ബങ്കാൾ കമ്പനിക്കാർ കരസ്ഥമാക്കി. 1907-ൽ മുൻപറഞ്ഞ താത തൻെറ വ്യവസായപദ്ധതി ആരംഭിച്ചു. 1913-ൽ ആണു് ആദ്യത്തെ ഉരുപ്പിടികഠം പുറത്തുവന്നതു്. പിന്നീടു് അതിനു അടിക്കടി വദ്ധനയാണുണ്ടായിട്ടുള്ളതു്. 1927-ൽ 16 ലക്ഷത്തി 44,000 ടൺ തൂക്കമുള്ള ഇരിമ്പുസാമാനങ്ങഠം ഉണ്ടാക്കുവാൻ അവക്കു സാധിച്ചു. 1932-ൽ ആകെ 20,18,000 ടൺ തൂക്കമുള്ള ഇരിമ്പുസാമാനങ്ങഠം ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ടത്രെ. ജാമ്ഷഡ്പുരം എന്ന സ്ഥലത്താണു് ഈ വ്യവസായശാല സ്ഥാപിതമായിരിക്കുന്നതു്. താതയുടെ സ്മാരകമായി അതിനു 'താതാനഗരം' എന്നും പേരുണ്ടു്. വണ്ടികഠം, കൃഷിസാമഗ്രികഠം, കമ്പികഠം എന്നിവയാണത്രെ അവിടെ അധികമായി ഉണ്ടാക്കിവരുന്നതു്.

ഇന്ത്യയിൽ 1938-ൽ ആകെ 154 പഞ്ചസാരവ്യവസായശാലകളുണ്ടു്. അവയിൽ 75 എണ്ണം ഐക്യസംസ്ഥാനത്താണു്. ഇന്ത്യയിൽ ഉണ്ടാക്കിവരുന്ന പഞ്ചസാരയിൽ 53 ശതമാനവും അവിടെയാണത്രെ ഉണ്ടാക്കുന്നതു്. ബീഹാറിൽ 35-ം പഞ്ചാബിൽ 4-ം, മദ്രാസിൽ 10-ം, ബങ്കാളിൽ 20-ം, ഒറിസ്സയിൽ 2-ം, നാട്ടുരാജ്യങ്ങളിൽ 11-ം, പഞ്ചസാരവ്യവസായശാലകളുണ്ടു്. നാട്ടുരാജ്യങ്ങളിൽ പ്രധാനമായതു മൈസൂരാണു്. നാട്ടുരാജ്യങ്ങളിൽനിന്നു ഇന്ത്യയിൽ ആകെ ഉണ്ടാക്കുന്നതിൻെറ 8% പഞ്ചസാര ലഭിച്ചുവരുന്നു. വ്യവസായത്തിൽ നാട്ടുരാജാക്കന്മാരും ഉത്സാഹിച്ചു പ്രവത്തിക്കുന്നുണ്ടു് എ

ന്നല്ലെ ഇതു തെളിയിക്കുന്നതു്. കൊല്ലത്തിൽ ഇന്ത്യയിൽ 10,44,800 ടൺ പഞ്ചസാര ഉണ്ടാക്കിവരുന്നുണ്ടത്രെ. ഇന്നു ഇന്ത്യയിലേക്കു പഞ്ചസാര നന്നെ കുറച്ചു മാത്രമേ അന്യരാജ്യങ്ങളിൽനിന്നു വരുന്നുള്ളൂ.

മറെറാരു പ്രധാന വ്യവസായമാണു് ചായവ്യവസായം. 10 ലക്ഷം ജനം അതിലേപ്പെട്ടിരിക്കുന്നു. 1938-ൽ 40 കോടി റാത്തൽ ചായ ഇന്ത്യയിൽ ഉണ്ടായത്രെ.

യുദ്ധത്തിനുമുമ്പു് ഇന്ത്യയിൽ ഒരു സിമൻണ്ടുശാല മാത്രമേ ഉണ്ടായിരുന്നുള്ളൂ. പിന്നീടു കാത് നി, പോർബന്തർ എന്നിവിടങ്ങളിലും മററനവധി സ്ഥലങ്ങളിലും സിമണ്ടുശാലകഠം ആവിർഭവിച്ചു.

തീപ്പെട്ടിവ്യവസായം ഇന്നു ഇന്ത്യയിലെ പ്രധാന വ്യവസായങ്ങളിൽ ഒന്നാണു്. ഇന്ത്യയിൽ ഇന്നു പുറമെനിന്നു തീപ്പെട്ടി ഇറക്കുന്നില്ലെന്നുതന്നെ പറയാം.

കോഴിക്കോട്ടുള്ള സോപ്പുവ്യവസായശാല പ്രസിദ്ധമാണല്ലോ. മൃഗങ്ങളുടെ കൊഴപ്പുകൂടാതെയുള്ള സോപ്പുണ്ടാക്കാൻ അവിടെ എളുപ്പമാണു്. മൈസൂരിലെ സോപ്പുവ്യവസായവും പ്രസിദ്ധമാണല്ലോ.

കോഴിക്കോടു്, റംഗൂൺ എന്നിവിടങ്ങളിൽ മരം അറക്കൽ നടന്നുവരുന്നു.

ബങ്കാളത്തിൽ കടലാസ്സുണ്ടാക്കിവരുന്നു.

ബങ്കാഠം, മദ്രാസ് എന്നിവിടങ്ങളിലെ പ്രധാനമായ ഒരു വ്യവസായമാണു് നെല്ലുകുത്തു്.

പഞ്ചാബ്, സിണ്ടു്, ഐക്യസംസ്ഥാനം എന്നിവിടങ്ങളിൽ ഗോതമ്പു കുത്തി അരിയാക്കിവരുന്നു.

മംഗലാപുരത്തെ ഓട്ടു പ്രസിദ്ധമാണല്ലൊ. അതിനു യോജിച്ച മണ്ണാണു് അവിടെയുള്ളതു്.

ഇന്ത്യയിലെ ആകെയുള്ള ജനങ്ങളിൽ ഏതാണ്ടു ¼ ഭാഗം നാനാതരത്തിലുള്ള വ്യവസായങ്ങളിലാണു് ഏർപ്പെട്ടിരിക്കുന്നതെന്നു ധരിക്കുക. ഏതാണ്ടു 8 കോടി ജനം ഈ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. കൃഷി കഴിഞ്ഞാൽ പിന്നെയുള്ള മുഖ്യതൊഴിൽ വ്യവസായമാണു്.

ചില സ്ഥലങ്ങളിൽ നിവസിക്കുന്നവരുടെ നിത്യതൊഴിലാണു നായാട്ടും മീൻപിടുത്തവും.

കാട്ടുകളിലും കാട്ടുകളുടെ സമീപത്തും വസിക്കുന്നവർക്കുമാത്രമേ നായാട്ടിനു സൌകൎയ്യമുള്ളു. കാട്ടുമൃഗങ്ങളെ വേട്ടയാടി വിനോദിക്കുന്ന ഒരു സമ്പ്രദായം മുൻകാലങ്ങളിലെ രാജാക്കന്മാർക്കുണ്ടായിരുന്നു. ഈ സമ്പ്രദായം കാലാന്തരത്തിൽ നാമാവശേഷമായി. പക്ഷെ, യൂറോപ്യന്മാരുടെ ആഗമനത്തോടുകൂടി ഇതു വീണ്ടും പ്രചാരത്തിൽ വന്നു.

വേട്ടയാടുന്നതിനു മനുഷ്യരെ സഹായിക്കുന്ന പ്രത്യേകതരം നായ്ക്കളുണ്ടു്. അടുത്തുള്ള മൃഗങ്ങളെ തേടിപ്പിടിപ്പാൻ ഘ്രാണശക്തി അവയെ സഹായിക്കുന്നു. മദ്ധ്യസംസ്ഥാനത്തിലും മററുമുള്ള കാട്ടുകളിൽ വേട്ടയാടുന്നതിനു സൌകൎയ്യമുണ്ടു്. മൃഗങ്ങളെ വേട്ടയാടുന്നതു അവയുടെ മാംസത്തിനും തോലിനും വേണ്ടിയാണു്.

സമുദ്രതീരത്തു വസിക്കുന്നവരുടെ ഒരു പ്രധാനതൊഴിലാണു മീൻപിടുത്തം. മത്സ്യം അനവധി ആളുകൾക്കു ഒരു ഭക്ഷണസാധനമാണല്ലൊ. മദ്രാസിലും ബങ്കാള

ത്തിലും അനവധി ജനം ഈ തൊഴിലിൽ ഏപ്പെട്ടിരിക്കുന്നുണ്ട്. ഈ രണ്ടു സംസ്ഥാനങ്ങളിലും ഓരോ മത്സ്യം പിടുത്തവകുപ്പുമുണ്ട്.

അദ്ധ്യായം 8.

വാണിജ്യം.

ഇന്ത്യയിലെ ജനങ്ങളിൽ വലിയൊരു സംഘം കച്ചവടത്തിൽ ഏപ്പെട്ടിരിക്കുന്നു. കച്ചവടത്തെ സ്വദേശവാണിജ്യമെന്നും വിദേശവാണിജ്യമെന്നും മൊത്തമായി രണ്ടായി തിരിക്കാം. സ്വദേശവാണിജ്യം വിജയമാകേണമെങ്കിൽ രാജ്യത്തിനകത്തു നല്ല ഗതാഗതമാർഗ്ഗങ്ങൾ ഉണ്ടായിരിക്കണം. ഗതാഗതമാർഗ്ഗങ്ങളെ സ്ഥലമാർഗ്ഗങ്ങളെന്നും ജലമാർഗ്ഗങ്ങളെന്നും ആകാശമാർഗ്ഗങ്ങളെന്നും മൂന്നായി വിഭാഗിക്കാവുന്നതാണ്. ഇവയിൽ കച്ചവടത്തിനുതകുന്നവ സ്ഥലമാർഗ്ഗങ്ങളും ജലമാർഗ്ഗങ്ങളുമാകുന്നു. സ്ഥലമാർഗ്ഗങ്ങളെതന്നെ തീവണ്ടിപ്പാതകളെന്നും നിരത്തുകളെന്നും വേർതിരിക്കാം. ജലമാർഗ്ഗങ്ങളെ നദികളെന്നും തോടുകളെന്നും ഭാഗിക്കാവുന്നതാണ്.

<u>തീവണ്ടിപ്പാതകൾ</u>— പാശ്ചാത്യരാജ്യങ്ങളിലെന്നപോലെ ഇന്ത്യയിലേയും പ്രധാന ഗതാഗതമാർഗ്ഗം തീവണ്ടിപ്പാതയാകുന്നു. ഇന്ത്യയിൽ ഇന്നേവരെയായി ഉദ്ദേശം 38,000 നാഴിക നീളമുള്ള തീവണ്ടിപ്പാതകൾ പണിചെയ്തുകഴിഞ്ഞിട്ടുണ്ട്. അവയെ ബ്രോഡ്ഗേജെന്നും മീററർഗേജെന്നും രണ്ടുതരമാക്കി തിരിക്കാം. സാമാന്യം

പകുതിയോളം ബ്രോഡ്ഗേജും ബാക്കി മീററർഗേജും ആകുന്നു. 5 അടി 6 ഇഞ്ച് വീതിയുള്ള പാതയ്ക്കാണ് ബ്രോഡ്ഗേജ് എന്നു പറയുന്നതു്. 3 അടി $3\frac{3}{8}$ ഇഞ്ച് വീതിയുള്ള പാതയ്ക്കാണു മീററർഗേജ് എന്നു പറയുന്നതും.

ഇന്ത്യയിലെ പ്രധാന തീവണ്ടിപ്പാതകൾ ഇന്ത്യയിലെ പ്രധാന തുറമുഖങ്ങളായ കല്ക്കത്ത, ബോംബെ, കറാച്ചി, മദ്രാസ്, ചിററഗോങ്ങ് എന്നിവയിൽനിന്നു പുറപ്പെടുന്നവയാണെന്നു പറയേണ്ടതാണ്.

കല്ക്കത്ത— കല്ക്കത്തയുടെ ഒരു വിഭാഗമായ ഹൌറ എന്ന നഗരത്തിലാണ് പൂർവ്വേന്ത്യാ തീവണ്ടിപ്പാത അവസാനിക്കുന്നതു്. ഈ പാത പാട്ന, കാശി, എന്നീ നഗരങ്ങളിൽകൂടി അല്ലഹബാദിലെത്തുന്നു. അവിടെനിന്നു ഒരു ശാഖ ബോംബെയിൽനിന്നു വരുന്ന ജി. ഐ. പി. പാതയുടെ ജങ്ങ്ഷനായ ജബൽപൂരിൽ എത്തുന്നു. പ്രധാനപാത കോൺപൂർ വഴിക്ക് ഡെൽഹി, അമ്പാല എന്നിവിടങ്ങളിലേക്കു ചെന്നു പശ്ചിമോത്തരതീവണ്ടിപ്പാതയുമായി യോജിക്കുന്നു. പൂർവ്വേന്ത്യാതീവണ്ടിപ്പാതയുടെ മററൊരു ശാഖ കാശിവഴിക്ക് പോയി അയോദ്ധ്യയിലെത്തി മുൻപറഞ്ഞ പശ്ചിമോത്തരതീവണ്ടിപ്പാതയുമായി യോജിക്കുന്നു. ബങ്കാളിലെ കൽക്കരിഖനികളിലേക്കു ചെല്ലുന്ന പാതയും ഇതുതന്നെയാണ്. ബങ്കാൾ പശ്ചിമോത്തരതീവണ്ടിപ്പാതയും ഔഡ്–റോഹിൽകണ്ഡ പാതയും ഗംഗയുടെ വടക്കുഭാഗത്തുള്ള സമതലങ്ങളിലെല്ലാം പ്രയോജനപ്പെടുന്നു. കിഴക്കൻബങ്കാൾ തീവണ്ടിപ്പാത ആസ്സാംബങ്കാൾ തീവണ്ടിപ്പാത എന്നിവ കിഴക്കൻബങ്കാളിലും ആസ്സാമിലും പരന്നുകിടക്കുന്നു. രണ്ടാമത്തേതു് ചിററഗോങ്ങ് വരെ എത്തുന്നുണ്ട്.

INDIA - Railways and Airways.

ഹൌറയിൽനിന്നു പുറപ്പെടുന്ന മറെറാരു പാതയാ ണ് ബങ്കാൾ നാഗ്പൂർ തീവണ്ടിപ്പാത. അതു പടിഞ്ഞാ റുള്ള ഖരഗപുരിയിലേക്ക് ചെല്ലുന്നു. അവിടെനിന്നു അതു രണ്ടു ശാഖകളായി പിരിയുന്നു. ഒന്നു ബിലാസപു രിയിൽകൂടി നാഗപുരത്തിലെത്തി ബോംബെയിൽനിന്നു വരുന്ന ജി. ഐ. പി. പാതയുമായി യോജിക്കുന്നു. ബി ലാസപുരിയിൽനിന്നു പുറപ്പെടുന്ന മറെറാരു ശാഖ മ ദ്ധ്യേന്ത്യാ, രാജപുട്ടാന എന്ന സ്ഥലങ്ങളിലേക്കെത്തുന്നു. ഖരഗപുരത്തുനിന്നു പുറപ്പെടുന്ന പ്രധാന പാത കട്ടാ ക്കിൽകൂടി വാൾട്ടയറിലേക്ക് ചെല്ലുന്നു. അവിടെ അതു യം. എസ്. എം. തീവണ്ടപ്പാതയുമായി യോജിക്കുന്നു. യം. എസ്. എം. പാത മദിരാശിയിലെത്തുന്നുണ്ടല്ലോ. ബങ്കാൾ നാഗ്പൂർ പാതയുടെ ഒരു ശാഖ റെയ്പൂരിൽ നിന്നു വിജയനഗരത്തിലേക്കു പോകുന്ന ഒരു ശാഖയുമായി യോജിക്കുന്നു. അതുകൊണ്ടു വിശാഖപട്ടണം തുറമുഖ ത്തിലേക്ക് അനവധി സ്ഥലങ്ങളിൽനിന്നു സാമാനങ്ങൾ വന്നുചേരുവാൻ വഴിയുണ്ട്.

<u>ബോംബെ</u>—ഈ നഗരം ജി. ഐ. പി, ബി. ബി. ആൻഡ് സി. ഐ. എന്നീ പാതകൾവഴിക്കു ഇന്ത്യയു ടെ മറെറല്ലാ ഭാഗങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നു. ജി. ഐ. പി. യുടെ പ്രധാനപാത താൻഘട്ടം വഴിക്കു വടക്കു കിഴക്കോട്ടു ഗുഡ്‌വാനിലെത്തുന്നു. പിന്നെ അവിടെനി ന്നു അതു നാഗപുരത്തിലേക്കു ചെല്ലുന്നു. അവിടെവെച്ചു അതു ബങ്കാൾ നാഗ്പൂർ പാതയുമായി യോജിക്കുന്നു. ബോംബെയിൽനിന്നു കല്ക്കത്തയിലേക്കുള്ള മെയിൽപാത ഇറാർസിവഴിക്കു ജബൽപൂരിലേക്കു ചെല്ലുന്നു. കല്ക്ക

ത്തയിൽനിന്നു അലഹബാദ് വഴിക്ക് അവിടേക്കു വരുന്ന പാതയുമായി അതു യോജിക്കുന്നു. ഇററാർസിയിൽനിന്നു ഒരു ശാഖ ബോപാൽവഴിക്ക് ജാൻസിയിലെത്തി അവിടെനിന്നും ശാഖകളായി അലഹബാദ്, കോൺപൂർ, മട്ട്റാ എന്നീ സ്ഥലങ്ങളിലേക്ക് പോകുന്നു.

ജി. ഐ. പി. യുടെ ഒരു പാത ബോംബെയിൽനിന്നു തെക്കുകിഴക്കോട്ടായി പൂനവഴിക്കു റെയിച്ചൂരിലെത്തുന്നു. അവിടെവെച്ചു അതു മദ്രാസിൽനിന്നുവരുന്ന എം. എസ്. എം. ആയി യോജിക്കുന്നു. ജി. ഐ. പി. യുടെ വടക്കുകിഴക്കൻപാതയും തെക്കുകിഴക്കൻപാതയും യോജിപ്പിക്കപ്പെട്ടിട്ടുമുണ്ട്. ഈ പാതകളുമായി മൈസാംരാജ്യത്തിലെ തീവണ്ടിപ്പാതകൾ യോജിച്ചിരിക്കുന്നു.

ബോമ്പെബറോഡമദ്ധ്യേന്ത്യാ പാത ബോമ്പെയിൽനിന്നു പുറപ്പെട്ട് വടക്കൻവഴിക്ക് സൂറത്തിൽകൂടി ബറോഡക്കും അവിടെനിന്നു റത്ലം, അജ്മീർ എന്നിവയിൽകൂടി ഡെൽഹിക്കും പോകുന്നു. ഇതിൻെറ ഒരു ശാഖ ജയ്പൂർവഴി ആഗ്രയിലെത്തുന്നു.

കറാച്ചി — സിണ്ട്, ബലൂചിസ്ഥാൻ, പശ്ചിമോത്തരസംസ്ഥാനം, പഞ്ചാബ് എന്നീ ദിക്കുകളിലേക്കു പോപോകുന്ന വടക്കുപടിഞ്ഞാറൻ പാതകൾ അവസാനിക്കുന്നതു കറാച്ചിയിലാകുന്നു. അവയുടെ കേന്ദ്രം ലാഹോറാണ്. കറാച്ചിയിൽനിന്നുള്ള ഈ പാത സിന്ധുവിൻെറ വലത്തുഭാഗത്തുകൂടി പോയി സിന്ധു മുറിച്ച് സിണ്ടിലുള്ള ഹൈദരബാദിലെത്തുന്നു. ഇവിടെവെച്ചു അതു രണ്ടു ശാഖകളായി പിരിയുന്നു. ഒന്നു താർ മരുഭൂമിയിൽകൂടി ജോഡ്പൂർവഴി ഡെൽഹിയിലെത്തുന്നു. മറെറാന്നു

സിന്ധു താഴ്വരയിൽക്കൂടിതന്നെ പഞ്ചാബിലെത്തുന്നു. റോഹ്രി എന്ന സ്ഥലത്തുനിന്നൊരു ശാഖ സിന്ധുവിനെ മുറിച്ചുകടന്നു സൂക്കൂറിലെത്തുകയും ബോലാൻപാസ്സ്‌വഴി ക്വെറ്റയിലെത്തുകയും ചെയ്യുന്നു. ക്വെറ്റയിൽനിന്നും ഒരു ശാഖ അഫ്ഗാനിസ്ഥാനിന്റെ അതൃത്തിയിലേക്കും മറ്റൊന്നു പേഴ്സ്യയുടെ അതൃത്തിയിലേക്കും പോകുന്നു. ഡെൽഹിയിൽനിന്നും അംബ്ബാലയിൽനിന്നും പാതകഠ ലാഹോറിലെത്തുന്നുണ്ട്. ആ പാത അട്ടോക്കിൽവെച്ചു സിന്ധു കടന്നു പെഷവാറിലേക്കു പോകുന്നു.

മദ്രാസ് — എം. യസ്. എം. തീവണ്ടിപ്പാതയും തെന്നിന്ത്യാ പാതയും മദ്രാസിലാണവസാനിക്കുന്നത്. യം. എസ്. എമിന്റെ ഒരു ശാഖ കിഴക്കെ കരയിൽ കൂടി വാഠട്ടയറിലെത്തുന്നു. അവിടെവെച്ച് അതു ബി. യൻ. പാതയുമായി യോജിക്കുന്നു. മറ്റൊരു ശാഖ വ. പടിഞ്ഞാട്ടു പോയി ഗുണ്ടക്കൽവഴി റെയിച്ചൂർ ചെന്നു അവിടെവെച്ചു ജി. ഐ പി. യോടു ചേരുന്നു. മൂന്നാമതൊരു പാത നേരെ പടിഞ്ഞാട്ടു ജോലാർപേട്ടവഴി ബങ്കളൂരിലേക്കു പോകുന്നു.

തെന്നിന്ത്യാ തീവണ്ടിപ്പാതയുടെ പ്രധാനശാഖ ജോലാർപേട്ടയിൽനിന്നു പാലക്കാട് വിടവുവഴിക്ക് പടിഞ്ഞാറെ കടലോരത്തിൽക്കൂടി മംഗലാപുരത്തേക്കു പോകുന്നു. ഈ പാതയുടെ ഒരു ശാഖയാണു ഷൊർണ്ണൂർനിന്നു എറണാകുളത്തേക്ക് പോകുന്നത്. അതിന്നു ഷൊർണ്ണൂർ കൊച്ചിൻ തീവണ്ടിപ്പാതയെന്നാണു പേരെന്നു നിങ്ങഠ ക്കറിയാമല്ലൊ. കൊച്ചി തുറമുഖം പരിഷ്ക്കരിച്ചുകഴിഞ്ഞതിനാൽ പാത അങ്ങോട്ടു കൊണ്ടുപോകുവാൻ ആലോച

നയുണ്ട്. ഇടപ്പിള്ളിക്കും എറണാകുളത്തിനും മദ്ധ്യേയു ള്ള ഒരു സ്ഥലത്തുനിന്നു കിഴക്കോട്ടു തിരിച്ച് എറണാകു ളത്തിൻെറ തെക്കുഭാഗത്തുകൂടി പാത കൊച്ചിയിലെത്തു ന്നതാണ്. തെന്നിന്ത്യാ പാതയുടെ മറെറാരു പ്രധാന ശാഖ തൃശ്ശിനാപ്പിള്ളിയിൽനിന്നു ചെങ്കോട്ടവഴിക്ക് കൊ ല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിലേക്കു പോകുന്നു. പൂർവ്വതീരത്തുകൂടി ധനുഷ്കോടിയിലെത്തുന്ന ഒരു പാതയും ഈ കമ്പനിക്കാരുടെ വകയാണ്. ഇന്ത്യയിലെ തീവ ണ്ടിപ്പാതകളെപ്പററി സാമാന്യമായ ഒരറിവു നിങ്ങൾക്കു സിദ്ധമായെന്നു വിശ്വസിക്കുന്നു.

<u>നിരത്തുകൾ</u>—ഇനി പറയേണ്ടതു നിരത്തുകളെപ്പ ററിയാണ്. ഇന്ത്യയിൽ പണ്ടുകാലത്തു നല്ല നിരത്തുക ളുണ്ടായിരുന്നില്ല. എങ്കിലും അക്കാലത്തുള്ള വഴികളിലും നടക്കാവുവൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ചിരുന്നു. ഇവയിൽ കല്ലിട്ടു തല്ലിയിരുന്നില്ലെന്നുള്ളതു വാസ്തവമാണ്. അക്കാ ലത്തുള്ളവയിൽ കാവല്ക്കാരുണ്ടായിരുന്നു. വിക്രമാദിത്യ ൻെറകാലത്ത് ഇന്ത്യയിൽ വന്ന ചൈനീസ് പാതിരിയാ യ ഫാഹിയൻ രാജപാതകൾ സുരക്ഷിതങ്ങളായിരുന്നെ ന്നു പ്രസ്താവിച്ചിട്ടുണ്ട്. അന്നു നിരത്തുകളിൽകൂടി വണ്ടി കൾ പോയിരുന്നില്ല. എങ്കിലും അക്കാലത്തുതന്നെ കല്ക്ക ത്തയിൽനിന്നു പെഷവാറിലേക്കു വലിയൊരു പാത ഉ ണ്ടായിരുന്നു. 19-ാം നൂററാണ്ടിൻെറ മദ്ധ്യകാലത്താ ണ് ഗവമ്മേണ്ടിൽനിന്നു നിരത്തുകൾ വെട്ടുവാൻ ഉത്സാ ഹിച്ചതു്. അതിൻെറ ഫലമായി ഇന്നു രാജ്യത്തിൻെറ ഒരററത്തുനിന്നു മറേറ അററംവരെ നിരത്തുകളിൽകൂടി

ബസ്സിലോ കാറിലോ സഞ്ചരിക്കാവുന്നതാണ്. മിക്ക പാതകളും കല്ലിട്ടു തല്ലിയവയുമാണ്.

ഇനി പറയേണ്ടതു ജലമാൎഗ്ഗങ്ങളെപററിയാണ്. ജലമാൎഗ്ഗങ്ങൾ തോടുകളും നദികളുമാണല്ലൊ.

വെള്ളംവഴിക്കു പോക്കുവരവും കച്ചവടവും കരവഴിക്കുള്ളതിനേക്കാൾ ആദായകരമാണ്. ഇന്ത്യയിൽ പണ്ടുകാലംമുതല്ക്കുതന്നെ നദികൾ ഗതാഗതത്തിനും വാണിജ്യത്തിനും ഉപകരിച്ചിരുന്നു. ദക്ഷിണേന്ത്യയിലെ നദികളിൽ വേനൽക്കാലത്തു വെള്ളമില്ലാത്തതിനാൽ അവ ഗതാഗതത്തിനു ഉപകരിക്കപ്പെടുന്നില്ല. വടക്കൻപ്രദേശങ്ങളിലെ നദികളിൽനിന്നു കൃഷിയുടെ ആവശ്യത്തിനു വെള്ളം തിരിച്ചുകൊണ്ടുപോകുന്നതുമുണ്ടല്ലൊ. അതിനാലവയും ഗതാഗതത്തിനു വളരെ ഉപകരിക്കുന്നില്ല തീവണ്ടിയുടെ ആവിൎഭാവത്തോടുകൂടി നദികൾക്ക് ഉണ്ടായിരുന്ന പ്രാധാന്യത്തിനും കുറവു തട്ടി. എങ്കിലും ബ്രഹ്മപുത്രയിൽ കടലിൽനിന്നു 800 നാഴിക അകത്തുള്ള ഡിബ്രൂഗാർ വരേയും, ബ്രഹ്മപുത്രയുടെ പോഷകനദിയായ സമ്മയിൽ സിൽഹററ് വരേയും, ഗംഗാനദിയിൽ കോൺപൂർ വരേയും നദിക്കപ്പലുകൾക്കു സഞ്ചരിക്കാവുന്നതാണ്. ചെറുതോണികൾ എന്നും സഞ്ചരിക്കുന്നുണ്ടെന്നു പറയേണ്ടതില്ലല്ലൊ.

ഇന്ത്യയിലെ തോടുകളിൽ മിക്കവയും കൃഷി ആവശ്യാൎത്ഥം കുത്തപ്പെട്ടവയാണ്. എങ്കിലും അവയിലും ചെറുതോണികൾ സഞ്ചരിക്കുന്നുണ്ട്. ഐക്യസംസ്ഥാനത്തിൽ ഗംഗാതോടും, ആഗ്രാതോടും, ഗോദാവരിയുടേയും കൃഷ്ണയുടേയും മുക്കോൺതുരുത്തുകളിലെ തോടുകളും

മദ്രാസിലെ ബക്കിങ്ങ്ഹാംതോട്ടം ഗതാഗതസൌകൎയ്യമുള്ളവയാണ്. മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിവിടങ്ങളിലെ കായലുകളും ഗതാഗതമാൎഗ്ഗങ്ങളാണ്. അവയിൽകൂടി ചെറുതോണികളും ബോട്ടുകളും മററും സഞ്ചരിക്കുന്നതു നിങ്ങൾതന്നെ കണ്ടിട്ടുണ്ടാകും.

രാജ്യത്തിൻെറ അകത്തു ഇത്രവളരെ ഗതാഗതസൌകൎയ്യമുള്ളതുകൊണ്ടു അന്തർരാഷ്ട്രീയമായ കച്ചവടം ധാരാളം നടക്കുന്നുണ്ടെന്നു പറയേണ്ടതില്ലല്ലോ. നമ്മുടെ രാജ്യത്തുതന്നെ തീവണ്ടിസ്റ്റേഷനുകളിൽ എത്രയെത്ര സാധനങ്ങൾ വന്നിറങ്ങുന്നുണ്ടെന്നും അവിടെനിന്നു എത്ര സാധനങ്ങൾ കയററി അയക്കുന്നുണ്ടെന്നും നിങ്ങൾതന്നെ കണ്ടിരിക്കും. കോയമ്പത്തൂരിൽനിന്നു നിരത്തുവഴിക്കു പുകയില മുതലായ സാധനങ്ങൾ നമ്മുടെ അങ്ങാടിയിൽ വന്നുചേരുന്നതും നിങ്ങൾ കണ്ടിട്ടുണ്ടാകും. ഇത്തരത്തിലുള്ള കച്ചവടം രാജ്യത്തിൻെറ ഏതുഭാഗത്തും നടക്കുന്നുണ്ടെന്നു മനസ്സിലാക്കുക.

തപ്പാൽ, കമ്പി, ടെലഫോൺ എന്നിവയെപ്പററി ചില സംഗതികൾ ഗ്രഹിക്കുവാനുള്ള അവസരം ഇതാണ്.

തപ്പാലേൎപ്പാടു ഇന്ത്യയിൽ ഒന്നാമതായി നടപ്പിൽ വന്നതു 1540 മുതൽ 1545 വരെ രാജ്യം ഭരിച്ച ഷേർഷാസൂരിൻെറ കാലത്താണ്. അന്നു എഴുത്തുകൾ കൈമാററം ചെയ്തിരുന്നതു ആളുകൾ വഴിക്കായിരുന്നു. അക്ബരുടെ കാലത്തു കുതിരതപ്പാൽ നടപ്പിൽവന്നു. ദൽഹിക്കു ചുററും മാത്രമേ ഇതുണ്ടായിരുന്നുള്ളു.

ഇംഗ്ലീഷുകമ്പനിക്കാരുടെ എഴുത്തുകൾ കൊണ്ടുപോകുന്നതിന്നു 1766_ൽ ക്ലൈവ് ഒരു തപ്പാലേപ്പാടു നടപ്പിൽ വരുത്തി. വാറൻഹെസ്റ്റിങ്ങ്സിൻെറ കാലത്തു പൊതുജനങ്ങളുടെ എഴുത്തുകളും തപ്പാൽവഴിക്കു കൊണ്ടുപോകാമെന്നായി. 1837_ൽ തപ്പാലേപ്പാടു ഇന്ത്യ മുഴുവൻ വ്യാപിച്ചു. പിന്നെ അനവധി മാററങ്ങൾ വരുത്തി 1893_ൽ ഇന്നത്തെ സമ്പ്രദായം നടപ്പിലായി. അതിനുശേഷവും തപ്പാലിൽ അനവധി മാററങ്ങൾ വരികയുണ്ടായി. ഇന്നു ഇന്ത്യയിൽ ആകെ 23,695 തപ്പാലാപ്പീസ്സുകളുണ്ട്. തപ്പാലേപ്പാടിൻെറ ആകെ ദൂരം 1,70,000 നാഴികയാണ്.

1851_ലാണ് ഇന്ത്യയിൽ ഒന്നാമതായി കമ്പിത്തപ്പാലേപ്പാട് നടപ്പിൽവന്നത്. ദൽഹൌസി പ്രഭുവിൻെറ കാലത്തു ആ ഏപ്പാടു പുഷ്ടിപ്പെടുത്തി കല്ക്കത്തയിൽനിന്നു ആഗ്രാവഴി ബോംബെയിലെത്തിച്ചു. പിന്നെ ആ ഏപ്പാടു ബോംബെയിൽനിന്നു മദിരാശിയിലേക്കും, ആഗ്രയിൽനിന്നു പെഷവാറിലേക്കും എത്തി. 1936_ൽ ഇന്ത്യയിൽ ആകെ ഒരു ലക്ഷത്തിലധികം നാഴിക നീളമുള്ള കമ്പി ഏപ്പാടുണ്ട്.

ഇന്ത്യയും ബ്രിട്ടനുമായി കമ്പിയില്ലാക്കമ്പിമൂലവും സംഘടിതമായിരിക്കുന്നു. ഇങ്ങിനെ ഒരേപ്പാടു ബമ്മ, ഇന്ത്യാ എന്നീ രാജ്യങ്ങൾ തമ്മിലും; ഇന്ത്യാ, ജപ്പാൻ എന്നീ രാജ്യങ്ങൾ തമ്മിലുമുണ്ട്.

1851_ലാണ് കല്ക്കത്ത, ബോംബെ, മദിരാശി, കറാച്ചി എന്നീ പട്ടണങ്ങളിൽ ടെലിഫോൺ ഏപ്പെട്ടു

ത്തിയതു്. 1938-ൽ ഇന്ത്യയിലാകെ 73,146 ടെലിഫോൺ ആപ്പീസ്സുകളുണ്ടു്.

ഇനി പറയേണ്ടതു വിദേശവാണിജ്യത്തെപ്പററിയാണു്. ഒരു രാജ്യത്തുനിന്നു മററു രാജ്യങ്ങളിലേക്കു കയററി അയക്കുന്ന സാധനങ്ങൾക്കു കയററുമതികളെന്നും, മററു രാജ്യങ്ങളിൽനിന്നു അവിടെ വരുന്ന സാധനങ്ങൾക്കു ഇറക്കുമതികളെന്നും പറയുന്നുവെന്നു നിങ്ങൾക്കറിയാമല്ലോ.

ഇന്ത്യ കൃഷിപ്രധാനമായ ഒരു രാജ്യമാണല്ലോ. അതുകൊണ്ടു ഇവിടത്തെ കയററുമതികളധികവും കൃഷിവിഭവങ്ങളാണു്. നല്ലാത്ത പരുത്തിയാണു് ഒന്നാംസ്ഥാനത്തു നില്ക്കുന്നതു്. ഇതു ബോംബെ, കറാച്ചി, മദ്രാസ് എന്നീ തുറമുഖങ്ങളിൽനിന്നു ബ്രിട്ടൻ, ചൈന, ജപ്പാൻ, ഫ്രാൻസു എന്നിവിടങ്ങളിലേക്കു അയക്കപ്പെടുന്നു. ഇന്ത്യയിൽനിന്നു തുണിച്ചരക്കുകൾ പെയ്റാക്കു, പേഷ്യ, സ്റ്റ്റൈട്സ് സെററിൽമൻഡ്സ് എന്നിവിടങ്ങളിലെത്തുന്നു.

ബങ്കാളത്തിലെ ചണ അവിടെത്തന്നെ തൊഴില്ലന്നമായി മാറുന്നുണ്ടെങ്കിലും, പകുതിയോളം സ്കോട്ട്ലണ്ടിലെ ഡൻണ്ടി, ജമ്മനി, ഫ്രാൻസ്, ഐക്യരാജ്യങ്ങൾ എന്നിവിടങ്ങളിലേക്കു പോകുന്നു. ബങ്കാളത്തിലുണ്ടാക്കുന്ന ചാക്കുകളും കയററി അയക്കപ്പെടുന്നു.

ഗോതമ്പാണു മറെറാരു കയററുമതി. അതു പഞ്ചാബ്, ഐക്യസംസ്ഥാനങ്ങൾ, മദ്ധ്യേന്ത്യാ എന്നിവിടങ്ങളിൽനിന്നാണു് അയക്കുന്നതു്.

മലയോപദ്വീപ്, കിഴക്കെ ആഫ്രിക്ക, ഇംഗ്ലണ്ട്,

ജർമ്മനി എന്നീ സ്ഥലങ്ങളിലേക്കു അരി കയററി അയക്കുന്നു.

ആസ്സാമിലും, ഡാർജിലിങ്ങിലുമുണ്ടാകുന്ന ചായ ഇംഗ്ലണ്ടിലേക്കു പോകുന്നു. ഇംഗ്ലീഷുകാർ അധികമായി ഉപയോഗിക്കുന്നതു ഇന്ത്യൻ ചായയാണ്.

പശ്ചിമതീരത്തുനിന്നു കാപ്പിക്കുരുവും കയററി അയക്കുന്നുണ്ട്.

എണ്ണവിത്തുകൾ, കൊപ്പര എന്നിവ ഇംഗ്ലണ്ട്, പശ്ചിമയൂറോപ്പിലെ രാജ്യങ്ങൾ എന്നിവിടങ്ങളിലേക്കു പോകുന്നു.

ബങ്കാളത്തിൽനിന്നും മദ്രാസിൽനിന്നും തോല് ജർമ്മനി, ഐക്യനാടുകൾ എന്നിവിടങ്ങളിലെത്തുന്നു.

അരക്കു, രോമം, ഐരുകൾ (മണ്ണു കലൻ ലോഹം) സുഗന്ധദ്രവ്യങ്ങൾ, വക്ക, കയർ എന്നിവ മററു കയററുമതികളാണ്.

ഇറക്കുമതികളിൽ പ്രധാനമായവ സംസ്കൃതവിഭവങ്ങൾ—തൊഴിലുല്പന്നങ്ങൾ—തന്നെ. പരുത്തിനൂലും പരുത്തിത്തുണിയുംതന്നെയാണ് ഏററവും പ്രധാനമായ ഇറക്കുമതി. യന്ത്രസാമഗ്രികൾ, തീവണ്ടിസ്സാമാനങ്ങൾ, മോട്ടോർവണ്ടികൾ, ടൈപ്പ്റൈററുകൾ മുതലായ ഇരിമ്പുസാമാനങ്ങൾ ഗ്രെററുബ്രിട്ടൻ, ജർമ്മനി, ഐക്യനാടുകൾ എന്നിവിടങ്ങളിൽനിന്നു വരുന്നു.

ജാവയിൽനിന്നും മൊറീഷ്യയസ്സിൽനിന്നും പഞ്ചസാര വരുന്നു.

ഐക്യനാടുകൾ, ഡച്ചുബോർണിയൊ എന്നിവിടങ്ങളിൽനിന്നു മണ്ണെണ്ണ വരുന്നു.

സ്ഫടികസാമാനങ്ങൾ ആസ്ത്രീയാ (ഇപ്പോൾ ജർമ്മനിയുടെ ഒരു ഭാഗം) ചെക്കൊസ്ലവോക്കിയ, ഇംഗ്ലണ്ട്, ജപ്പാൻ എന്നിവിടങ്ങളിൽനിന്നാണ വരുന്നത്.

പട്ടുതുണിയും ഇറക്കിവരുന്നുണ്ട്.

ബിസ്കറ്റ, മാംസം, പാൽക്കട്ടി, കൊക്കൊ മുതലായ പദാർത്ഥങ്ങൾ യൂറോപ്യന്മാരുടെ ആവശ്യത്തിന്ന വന്നുചേരുന്നുണ്ട്.

സാൻസിബാർ, പൂർവ്വേന്ത്യാദ്വീപുകൾ എന്നിവിടങ്ങളിൽനിന്ന സുഗന്ധദ്രവ്യങ്ങൾ; ഇംഗ്ലണ്ടിൽനിന്ന ഉപ്പ്; ഇംഗ്ലണ്ട്, നററാൾ, ന്യൂസൌത്ത് വെയിൽസ് എന്നിവിടങ്ങളിൽനിന്ന കല്ക്കരി, ആസ്ത്രേലിയയിൽനിന്നു നൂല്ക്കാത്ത രോമം, കുതിര എന്നിവയും; ജപ്പാനിൽനിന്നും ചൈനയിൽനിന്നും നൂല്ക്കാത്ത പട്ട്; ജപ്പാനിൽനിന്ന കർപ്പൂരം; സ്വിററ്സർലണ്ടിൽനിന്ന വാച്ചുകൾ എന്നിവ മററു ഇറക്കുമതികളാണ്.

വിദേശീയക്കച്ചവടം നടത്തുന്നതു സമുദ്രം വഴിയാണെന്നു സിദ്ധമായല്ലൊ. ഇന്ത്യയുടെ സമുദ്രതീരത്തെപ്പററി പഠിക്കുവാനുള്ള അവസരം ഇതാണ്.

രാജ്യത്തിലധികഭാഗവും സമുദ്രത്തിലേക്കു തള്ളിക്കിടക്കുന്ന ഒരു അർദ്ധദ്വീപാണെങ്കിലും വലിപ്പത്തിന്നൊത്ത സമുദ്രതീരം ഇന്ത്യയ്ക്കില്ല. സമുദ്രതീരത്തിന്റെ ആകെ നീളം 5,000 നാഴികയാണത്രെ. മററു രാജ്യങ്ങളുടെ സമുദ്രതീരത്തോടു താരതമ്യം ചെയ്യുമ്പോൾ ഈ നീളം വലിപ്പത്തിന്നനുസരിച്ചു നിസ്സാരമാണ്. ഇന്ത്യയുടെ തീരത്തുള്ള കടലുകളും, നല്ല തുറമുഖങ്ങളും നൌകാശയങ്ങളും കുറവാണ്. രാജ്യത്തിന്റെ നടുവിലുള്ള സ്ഥലങ്ങൾ സ

മുദ്രതീരത്തുനിന്നു വളരെ അകലെയാണ് സ്ഥിതിചെയ്യുന്നതു്. തലസ്ഥാനമായ ദൽഹി സമുദ്രതീരത്തുനിന്നു വളരെ അകലെയാണ്. ഇന്ത്യയിലെ ജനങ്ങൾ വലിയ നാവികരാകാതിരിപ്പാൻ ഇതാണു കാരണം.

രാജ്യത്തിൻെറ പശ്ചിമതീരത്തു പാറകൾ സുലഭമാണ്. തീരത്തിന്നടുത്തുതന്നെ സമുദ്രത്തിനു വളരെ ആഴമുണ്ടത്രെ. കപ്പലുകൾക്കു തീരത്തടുക്കുവാൻ ഇതു വലിയൊരു തടസ്ഥമായി തീൎന്നിരിക്കുന്നു. പശ്ചിമതീരത്തു പ്രധാനമായി 3 തുറമുഖങ്ങളാണുള്ളതു്. അവ കറാച്ചി, ബോംബെ, കൊച്ചി എന്നിവതന്നെ. അടുത്ത കാലംവരെ കൊച്ചി പ്രധാനമായ ഒരു തുറമുഖമായിരുന്നില്ല. ഇപ്പോൾ അതു ഒന്നാംകിടയുള്ള ഒരു തുറമുഖമായിത്തീൎന്നിരിക്കുന്നു.

പൂൎവ്വതീരത്തു പശ്ചിമതീരത്തുള്ളത്ര പാറകളില്ല. സമുദ്രതീരത്തിനു ആഴവും കുറവാണ്. അതുകൊണ്ടു തിരമാലകൾ തീരത്തു വന്നടിക്കുന്നില്ല. കപ്പലുകൾക്കു തീരത്തടുക്കുവാൻ സൌകൎയ്യവും കുറവാണ്. അതുകൊണ്ടു പൂൎവ്വതീരത്തു നല്ല നൌകാശയങ്ങളും തുറമുഖങ്ങളും ചുരുക്കമാകുന്നു. മദിരാശിയാണു പ്രധാനമായ തുറമുഖം. അതുതന്നെ കൃത്രിമമായതാണ്; മനുഷ്യനിൎമ്മിതമായതാണ്.

സിന്ധുഗംഗാസമതലം സമുദ്രത്തോടു അടുക്കുന്ന സ്ഥലങ്ങളിലും സമുദ്രത്തിനു ആഴം നന്ന കുറവാണ്. നദികളുടെ മുഖങ്ങൾ മാത്രമേ നല്ല നൌകാശയങ്ങളായി തീരുന്നുള്ളു. പക്ഷേ, ഇന്ത്യയിലെ മിക്ക നദികൾക്കും മുക്കോൺതുരുത്തുകളുണ്ടു്. അതുകൊണ്ടു നദികളുടെ മുഖങ്ങളും കപ്പൽപ്രവേശനത്തിനു ഉതകാത്തവയായിത്തീരു

നു. കല്ക്കത്ത പ്രധാനമായ ഒരു തുറമുഖമാണ്. അതു ഹൂഗ്ലിനദിയുടെ മുഖത്തു സ്ഥിതിചെയ്യുന്നു.

കടലോരങ്ങളിൽ ദ്വീപുകളും വളരെ ഇല്ല. അറബിക്കടലിൽ ലക്ഷദ്വീപ്, മാലദ്വീപ് എന്നിങ്ങിനെ രണ്ടു ദ്വീപ് സമൂഹങ്ങളുണ്ട്. ഇന്ത്യയുടെ തെക്കുഭാഗത്തുള്ള സിലോണിൽനിന്നു 500 നാഴിക വടക്കുപടിഞ്ഞാറായാണ് അവ സ്ഥിതിചെയ്യുന്നത്. അവയിൽ അധികവും പവിഴപ്പുററുകളാണ്. ബങ്കാൾ ഉൾക്കടലിൽ സമുദ്രതീരത്തുനിന്നും 200 നാഴിക അകലെയായി ആൻഡമൻസ്, നിക്കോബാഴ്സ് എന്നീ ദ്വീപുകളുണ്ട്.

കല്ക്കത്ത, ബോംബെ, മദ്രാസ്, കറാച്ചി, കൊച്ചി എന്നിവയാണു പ്രധാന തുറമുഖങ്ങളെന്നു പറഞ്ഞുവല്ലൊ. ഓരോന്നിനെപ്പററിയും കുറെ കൂടുതൽ സംഗതികൾ ഗ്രഹിക്കുക.

കല്ക്കത്ത— ഇന്ത്യയിലെ ഏററവും വലിയ തുറമുഖമാണിതു്. ഇതു ഹൂഗ്ലിതീരത്തു കടലിൽനിന്നു 70 നാഴിക ഉള്ളിലേക്കു തള്ളി സ്ഥിതിചെയ്യുന്നു. സമുദ്രതരണം ചെയ്യുന്ന കപ്പലുകൾ ഇവിടെ എത്തും. ഗംഗാതടം, ബ്രഹ്മപുത്രാതടം, ബീഹാർ, ഒറീസ്സ എന്നിവിടങ്ങളിലെ പ്രധാന തുറമുഖമാണിതു്. ചണ, ചണസ്സാമാനങ്ങൾ, ചായില, എണ്ണവിത്തുകൾ, തോൽ, ധാന്യങ്ങൾ, കല്ക്കരി, അരക്കു എന്നിവയാണു പ്രധാനമായ കയററുമതികൾ.

ബോംബെ— ഇവിടത്തെ വാണിജ്യം കല്ക്കത്തയിലേതിനേക്കാൾ അധികമാണ്. പ്രകൃതിദത്തമായ നൌ

കാശയം; യൂറോപ്പിനോടുള്ള അടുപ്പം; വിസ്തൃതമായ സങ്കേതഭൂമി എന്നിവയാണ് ഇതിൻെറ പ്രാധാന്യത്തിനു കാരണം. പരുത്തി, പരുത്തിസ്സാമാനങ്ങൾ, എണ്ണവിത്തുകൾ, രോമം, സ്വർണ്ണം, വെള്ളി എന്നിവയാണു പ്രധാന കയററുമതികൾ.

കറാച്ചി—ഇന്ത്യയിലെ മൂന്നാമത്തെ തുറമുഖമാണ്. സിന്ധുവിൻെറ താഴ്വരയിലെ തീവണ്ടിപ്പാതകളും, പഞ്ചാബിലെ ജലവിതരണപദ്ധതികളുമാണ് പ്രാധാന്യത്തിനു കാരണം. നൌകാശയം പ്രകൃതിദത്തമാണ്. അതിനെ മനുഷ്യർ പുഷ്ടിപ്പെടുത്തിട്ടുമുണ്ട്. വളരെ സൈനികപ്രാധാന്യമുള്ള ഒരു സ്ഥലമാണ്. ഒരു വിമാനസങ്കേതവുമാണ്. പരുത്തി, ഗോതമ്പു, യവം, എണ്ണവിത്തുകൾ, രോമം എന്നിവയാണു പ്രധാന കയററുമതികൾ.

മദ്രാസ്—നൌകാശയം പ്രകൃതിദത്തമായതല്ല. ഇതിൻെറ പ്രാധാന്യം കുറഞ്ഞുവരികയാണ്. വിശാഖപട്ടണവും കൊച്ചിയും പുഷ്ടിപ്പെടുന്നതാണ് കാരണം. തോൽ, പരുത്തി, എണ്ണവിത്തുകൾ മുതലായവയാണ് പ്രധാനമായ കയററുമതികൾ.

ചിററഗാങ്ങ്—ആസാം-ബങ്കാൾ തീവണ്ടിപ്പാതയുടെ അററമാണ്. അരി, ചണ, ചായ എന്നിവയാണു പ്രധാന കയററുമതികൾ.

കൊച്ചി—പ്രകൃതിദത്തമായ നൌകാശയമുണ്ട്. വളരെ പണം ചിലവുചെയ്തു നന്നാക്കീട്ടുമുണ്ട്. അറബിക്കടലിലെ രാജ്ഞി എന്നാണ് പേർ. അടുത്തകാലത്തു ഒരു ഒന്നാംതരം തുറമുഖമാകും. ഒരു മേജർപോർട്ടാണു.

ന്നു പ്രഖ്യാപനം കഴിഞ്ഞിരിക്കുന്നു. തീവണ്ടിപ്പാതയെ പ്പററി മുമ്പുതന്നെ പറഞ്ഞുവല്ലൊ. നാളികേരം, ചകിരിസ്സാമാനങ്ങൾ, സുഗന്ധദ്രവ്യങ്ങൾ, മരം എന്നിവയാണ് പ്രധാന കയററുമതികൾ.

വിശാഖപട്ടണം — തുറമുഖത്തിൻെറ പണി മുഴുവനായിട്ടില്ല. പണി മുഴുവനായാൽ ഒരു ഒന്നാംതരം തുറമുഖമാകും. കല്ക്കത്ത, മദ്രാസ് എന്നിവിടങ്ങളിലെ കച്ചവടത്തിൽ ഒരു ഭാഗം ഇവിടെയാകും. ഇതിനു വലിയൊരു സങ്കേതസ്ഥാനമുണ്ട്.

കൊക്കനാഡാ, പുതുശ്ശേരി, നാഗപട്ടണം, തൂത്തുക്കുടി, മംഗലാപുരം, കോഴിക്കോട്, ഗോവ, സൂറത്ത് എന്നിവ മററു തുറമുഖങ്ങളാണ്.

ഇന്ത്യയിൽനിന്നു ഏതെല്ലാം സ്ഥലങ്ങളിലേക്കു കപ്പലുകൾ പോകുന്നുവെന്നു നോക്കുക.

പുറപ്പെടുന്ന സ്ഥലം	എത്തുന്ന സ്ഥലം	ദിവസം	നാഴിക
1. ബോംബെ	ലണ്ടൻ	21	6260
2. ബോംബെ	സാൻസിബാർ	10	2517
3. ബോംബെ	കൊളംബൊ	4	883
4. ബോംബെ	കറാച്ചി	2	483
5. കല്ക്കത്ത	കൊളംബൊ	5	1231
6. കല്ക്കത്ത	മദ്രാസ്	3	759
7. കല്ക്കത്ത	സിംഗപ്പുരം	7	1630
8. കല്ക്കത്ത	റംഗൂൺ	4	737
9. കല്ക്കത്ത	ലണ്ടൻ	32	7902
10. മദ്രാസ്	കൊളംബൊ	3	759
11. മദ്രാസ്	റംഗൂൺ	5	997
12. കറാച്ചി	ഏഡൻ	6	1464

സമുദ്രത്തിൽക്കൂടിയുള്ള വാണിജ്യത്തെപ്പററിയാണ് ഇത്രയും പറഞ്ഞത്. കരവഴിക്കും ഇന്ത്യക്കു വിദേശവാണിജ്യമുണ്ട്. ഈ വിദേശവാണിജ്യം പ്രധാനമായി അഫ്ഘാനിസ്ഥാനുമായാണ്. ഇന്ത്യയിൽനിന്നു പരുത്തിസ്സാമാനങ്ങൾ, തോൽസ്സാമാനങ്ങൾ, ചായ, പഞ്ചസാര, നീലം എന്നിവ കൈബർവഴിക്കു ആ രാജ്യത്തേക്കു അയക്കുന്നു. അവിടെനിന്നു ഇന്ത്യയിലേക്കു സസ്യാദികൾ, ഫലങ്ങൾ, രോമസാമാനങ്ങൾ, നെയ്യാത്ത രോമം എന്നിവ വന്നുചേരുന്നു. ഇന്ത്യയിലെത്തന്നെ സ്വതന്ത്രമായ ഒരു രാജ്യമാണ് നിപ്പാൽ. ആ രാജ്യത്തേക്കു ഇവിടെനിന്നു പരുത്തിസ്സാമാനങ്ങളും പരുത്തിനൂലും അയക്കുന്നു. അവിടെനിന്നു ഇന്ത്യയിലേക്കു അരി, നെയ്യ്, തോൽ, കന്നുകാലികൾ, ചണ എന്നിവ വന്നുചേരുന്നു. ഇവിടെനിന്നു പേഷ്യയിലേക്കു ചായയും പഞ്ചസാരയും അയക്കുകയും, അവിടെനിന്നു ഇവിടേക്കു പരവതാനികൾ, ഈന്തപ്പഴം എന്നിവ വന്നുചേരുകയും ചെയ്യുന്നു.

ഇനി പറയേണ്ടതു് ഇന്ത്യയിലെ വിമാനസർവ്വീസ്സുകളെപ്പററിയാണ്. 1921_ൽ കറാച്ചിയിൽനിന്നു ബോംബെക്കു ഒരു വിമാനമാർഗ്ഗം സ്ഥാപിതമായി. യൂറോപ്പിൽനിന്നു വന്നിരുന്ന കത്തുകളെ ബോംബെയിൽനിന്നു കറാച്ചിയിലേക്കും അവിടെനിന്നു കത്തുകളെ ബോംബെക്കും കൊണ്ടുപോകേണമെന്നായിരുന്നു ഉദ്ദേശം. ഈ പരിശ്രമം വിജയകരമായില്ല.

1926_ൽ ഇംഗ്ലണ്ടിൽനിന്നു ചിലർ ആകാശമാർഗ്ഗമായി ഇന്ത്യയിലെത്തി.

1927_ൽ ഒരു വിമാനം കറാച്ചിയിൽനിന്നു 900

എഴുത്തുകളുംകൊണ്ടു ദൽഹിയിലേക്കു പറന്നു. അക്കൊല്ലംതന്നെ ബങ്കാൾ ആകാശത്തരണക്കമ്പനി സ്ഥാപിതമായി. ഈ കമ്പനിയുടെ ആസ്ഥാനനഗരം കല്ക്കത്തയായിരുന്നു. ഈ കമ്പനി 1929_ൽതന്നെ നാമാവശേഷമായി.

1928_ലാണ് ടാററാകമ്പനിയുടെ ആവിർഭാവമുണ്ടായതു്. കറാച്ചി, ബോംബെ, കൊളമ്പ് എന്നീ സ്ഥലങ്ങളെ ആകാശവിമാനമാർഗ്ഗമായി സംഘടിപ്പിക്കേണമെന്നായിരുന്നു കമ്പനിയുടെ ഉദ്ദേശം. 1931_ൽ ഈ കമ്പനിക്കാരുടെ ഒരു വിമാനം കൊളമ്പിൽ എത്തി എന്നതു വാസ്തവംതന്നെ. ഈ കമ്പനിക്കാരുടെ വിമാനങ്ങൾ കറാച്ചിയിൽനിന്നു പുറപ്പെട്ടു് അഹമ്മദ്ബാദ്, ബോംബെ, ബെല്ലാരി എന്നീ സ്ഥലങ്ങളിൽക്കൂടി കടന്നു മദ്രാസ്സിൽ എത്തുവാൻ ഏപ്പാടു ചെയ്തു. പ്രഥമഘട്ടത്തിൽ ഈ സർവ്വീസ്സ് ആഴ്ചയിൽ ഒരു തവണ എന്നായിരുന്നു വ്യവസ്ഥ. എന്നാൽ 1935_ൽ ഈ സർവ്വീസ്സ് ആഴ്ചയിൽ രണ്ടുതവണയാക്കി. ബെല്ലാരിവഴി ഉപേക്ഷിച്ചു ഹൈദ്രബാദ്വഴിക്കു ആയിരിക്കണം സർവ്വീസ്സ് എന്നും വ്യവസ്ഥചെയ്തു. കറാച്ചിയിൽവെച്ചു ഈ സർവ്വീസ്സ സാമ്രാജ്യവിമാനമാർഗ്ഗവുമായി സംഘടിതവുമായിരുന്നു.

ഇംഗ്ലണ്ടിൽനിന്നു ഓസ്ത്രേലിയയിലേക്കു ഒരു വിമാനമാർഗ്ഗം ഇതിന്നിടയിൽ സ്ഥാപിതമായിരുന്നു. ഇതിനു ഇംഗ്ലണ്ട്_ഓസ്ത്രേലിയാ എമ്പയർമാർഗ്ഗം എന്നായിരുന്നു പേർ. ഇതിൻെറ ഒരു വിഭാഗമായിരുന്നു കറാച്ചി_സിംഗപ്പൂർ മാർഗ്ഗം. ഈ മാർഗ്ഗത്തിൽ വിമാനങ്ങൾ പറക്കുന്ന

തിരു ഇന്ത്യാഗവമ്മേണ്ട് ഇന്ത്യൻ ട്രാൻസ്കോണ്ടിന ണ്ടൽ എയർവെയിസ് ഏപ്പ്പാടുചെയ്തു.

ഇന്ത്യൻ ട്രാൻസ് കോണ്ടിനണ്ടൽ എയർവെയിസു കമ്പനി 1933-ൽ കറാച്ചിയിൽനിന്നു കല്ക്കത്തയിലേക്കു ഒരു സവ്വീസ്സ് സ്ഥാപിച്ചു. അതു പിന്നെ റംഗൂൺ, സിംഗപ്പൂർ എന്നീ സ്ഥലങ്ങൾവരെ എത്തി. ലണ്ടനിൽനിന്നു കല്ക്കത്തയിലേക്കും കല്ക്കത്തയിൽനിന്നു സിംഗപ്പൂരിലേക്കും ഉള്ള സവ്വീസ്സ് 1935 മുതൽ ആഴ്ചയിൽ രണ്ടു തവണയായി.

ഇന്നു പാരദേശീയരുടെ വകയായി ഇന്ത്യയിൽ വന്നെത്തുന്ന മൂന്നു സവ്വീസ്സുകളുണ്ട്. അവ 1. ഇമ്പീരിയൽ എയർവെയിസ് 2. കെ. എൽ. എം. റോയൽ ഡച്ച് എയർലയിൻസ് 3. എയർഫ്രാൻസ് എന്നിവതന്നെ. ഈ സവ്വീസ്സുകൾ ആഴ്ചയിൽ അഞ്ചുതവണ യൂറോപ്പിൽനിന്നു ഇവിടെ എത്തുന്നു. ഇവ ഓസ്ത്രേലിയ, ബെറേറവിയ, ഫ്രെഞ്ച് ഇൻഡോചൈന എന്നീ രാജ്യങ്ങളുമായി നമ്മുടെ ജന്മഭൂമിയെ സംഘടിപ്പിക്കുന്നു. ടാററ കമ്പനിക്കാർ രാജ്യത്തിന്നകത്ത് രണ്ടു സവ്വീസ്സ് നടത്തുന്നു. 1. കറാച്ചിയിൽനിന്നു പുറപ്പെട്ട് അഹമ്മദ്ബാദ്, ബോംബെ, ഹൈദ്രബാദ് എന്നീ സ്ഥലങ്ങളിൽക്കൂടി കടന്നു മദ്രാസ്സിൽ എത്തുന്നു. 1938 മുതൽ അതു കൊളമ്പിലേക്കും നീട്ടിയിരിക്കുന്നു. മറേറതു ബോംബയിൽനിന്നു പുറപ്പെട്ടു ഗോവ, കർണ്ണൂൽ എന്നീ സ്ഥലങ്ങളിൽക്കൂടി കടന്നു തിരുവനന്തപുരത്തു എത്തുന്നു. ഈ സവ്വീസ്സു വഷക്കാലത്തു് ഇല്ല. ഇവരുടെ സവ്വീസ്സിൻെറ ദൂരം

2,200 നാഴിക ആകുന്നു. ഇന്ത്യൻ നാഷണൽ എയർ വെയിസ് കറാച്ചിയിൽനിന്നു പുറപ്പെട്ട് ജെക്കോദബാദ് കടന്നു ലാഹൂരിലെത്തുന്നു. ദൂരം 715 നാഴിക.

അദ്ധ്യായം 9.

സംസ്ഥാനങ്ങൾ.

ഭരണാധികാരികളെ നോക്കി ഇന്ത്യയെ 4 പ്രത്യേകഖണ്ഡങ്ങളാക്കാമെന്നു പറഞ്ഞതു നിങ്ങൾ മറന്നിട്ടില്ലല്ലൊ. ബ്രിട്ടീഷുകാർ നേരിട്ടു ഭരിക്കുന്നവയായി ഇവിടെ 17 സംസ്ഥാനങ്ങൾ ഉണ്ട്. അവയിൽ 11 എണ്ണം ഭരിക്കുന്നതു ഗവർണർമാരാണ്. ബാക്കിയുള്ളവയുടെ ഭരണകർത്താക്കന്മാർ ചീഫ് കമ്മീഷണരും ആകുന്നു.

I. ആസാം.

1912-ലാണ് ഈ സംസ്ഥാനം രൂപവൽകൃതമായത്. ഭൂപ്രകൃതിയനുസരിച്ച് ഇതിനെ ബ്രഹ്മപുത്രതാഴ്വര, മലംപ്രദേശം, സർമ്മാതാഴ്വര എന്നിങ്ങിനെ മൂന്നാക്കി വിഭാഗിക്കാവുന്നതാണ്.

ബ്രഹ്മപുത്രാതാഴ്വരക്കു 500 നാഴിക നീളവും 50 നാഴിക വീതിയുമുണ്ട്. അധികഭാഗത്തും 80 ഇഞ്ചിൽ അധികം മഴപെയ്യും. എങ്കിലും മദ്ധ്യത്തിലുള്ള ഭാഗത്തു അത്ര മഴയില്ല. വടക്കുപടിഞ്ഞാറൻ കാററുകളിൽനിന്നു സംരക്ഷിതമായിരിക്കുന്ന ഭാഗമാണു മഴ കുറഞ്ഞ ഈ പ്രദേശം. ച. നാഴികക്കു 150 ജനം വീതം കണ്ടുവരുന്നു. ചായതോട്ടങ്ങൾ സുലഭമാണ്. നെല്ലാണ് പ്രധാനവിള.



INDIA - POLITICAL.

ഡിഗ്ബോയ് എന്ന സ്ഥലത്തുനിന്നു മണ്ണെണ്ണ കുഴിച്ചെടുക്കുന്നു.

മലംപ്രദേശത്തിലെ ചിറപുഞ്ചിയിലാണ് ലോകത്തിൽവെച്ച് ഏററവും അധികം മഴ പെയ്യുന്നത്. ഇവിടേയും പ്രധാനവിള നെല്ലുതന്നെ. ഈ പ്രദേശത്തിൻെറ 20_ൽ ഒരു ഭാഗത്തുമാത്രമേ കൃഷി നടപ്പുള്ളു.

സമ്മാ താഴ്വരയിൽ മഴ സുലഭമാണ്. നെല്ലും ചണവും സമൃദ്ധിയായി കൃഷി ചെയ്തുവരുന്നു. ആകെ ജനം 86 ലക്ഷം.

ഷില്ലോങ്ങ് ആണ് തലസ്ഥാനം. സമ്മാ താഴ്വരയിലെ പ്രധാന പട്ടണമാണ് സിൽഹററ്. ഗോവാൽപാറ, ഗോഹതി, ദിബ്രൂഗാട്ട് എന്നിവ നദിയുടെ കരയിലുള്ള തുറമുഖങ്ങളാണ്.

ഗവർണ്ണരാണ് ഭരണകർത്താവ്. അദ്ദേഹത്തെ സഹായിപ്പാൻ ഒരു നിയമനിർമ്മാണസഭയുണ്ട്. അതിനെ "Legislative Assembly" എന്നും "Legislative Council" എന്നും വിഭജിച്ചിരിക്കുന്നു. മന്ത്രിമാരാണ് ഗവർണ്ണരുടെ ഉപദേഷ്ടാക്കൾ.

II. ബങ്കാൾ.

ഈ സംസ്ഥാനം രൂപവൽകൃതമായതു് 1912_ലാണ്. പരന്ന ഒരു മൈതാനമാണ് ഈ സംസ്ഥാനം. എവിടേയും 60 ഇഞ്ചിൽ അധികം മഴ പെയ്യും.

ഈ സംസ്ഥാനത്തെ ഗംഗ_ബ്രഹ്മപുത്രാതടം, പഴയ മുക്കോൺതുരുത്ത്, പുതിയ മുക്കോൺതുരുത്ത് എന്നിങ്ങിനെ 3 ഭാഗമാക്കാം.

ഗംഗ-ബ്രഹ്മപുത്രാതടം ഗംഗയിലേക്കു ചാഞ്ഞുകിടക്കുന്നു.

പഴയ മുക്കോൺതുരുത്തിനെ പശ്ചിമബംഗാളം എന്നു പറയാം. മുക്കോൺതുരുത്ത് ദിവസംപ്രതി കിഴക്കോട്ടു മാറിവരികയാണ്. പണ്ടത്തെ ചാലുകൾ വരണ്ടു ഇപ്പോൾ നെല്ല് കൃഷി ചെയ്യുന്ന പ്രദേശങ്ങളായും തീൎന്നിരിക്കുന്നു. സമുദ്രതീരത്തിന്നരികെ സുന്ദരവനങ്ങൾ എന്ന കാടുകൾ കിടക്കുന്നു.

പുതിയ മുക്കോൺതുരുത്തിനെ കിഴക്കൻബങ്കാളമെന്നു പറയാം. ഇവിടെ പാതകൾ ദുർല്ലഭമാണ്. കാടുകൾ സമൃദ്ധിയായുണ്ട്. നെല്ലാണ് പ്രധാനവിളവ്. പിന്നത്തെ പ്രധാനവിള ചണയാണ്.

ഏതാണ്ട് 5 കോടി ജനമുണ്ട്. ബങ്കാളിയാണ് ഭാഷ. മിക്കവരും കൃഷിക്കാരാണ്.

തലസ്ഥാനമായ കല്ക്കത്തയെപ്പററി മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലൊ. മറെറാരു തുറമുഖമാണ് ചിററഗോങ്. ഡാർജിലിങ്ങ് ആണ് ബങ്കാളത്തിലെ സുഖവാസസ്ഥലം. ഡെക്കായിലെ സൎവ്വകലാശാല പ്രസിദ്ധമാണല്ലൊ.

ഭരണകൎത്താവ് ഗവർണ്ണരാണ്. അദ്ദേഹത്തെ സഹായിപ്പാൻ "Legislative Council" എന്നും "Legislative Assembly" എന്നും രണ്ടു നിയമനിൎമ്മാണസഭകളുണ്ട്. മന്ത്രിമാരാണ് ഉപദേഷ്ടാക്കൾ. നിയമനിൎമ്മാണസഭകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവരാണ് മന്ത്രിമാർ.

III. ബീഹാർ.

1912-ലാണ് ഈ സംസ്ഥാനം രൂപവൽകൃതമായതു്. അന്നു ഇതിൽ ഉൾപ്പെട്ടിരുന്ന ഒറീസ്സയെ 1937-ൽ ഒരു പ്രത്യേകസംസ്ഥാനമാക്കിയിരിക്കുന്നു.

മദ്ധ്യഗംഗാതടമാണ് ഈ സംസ്ഥാനത്തിൽ അധികഭാഗവും. ഇവിടെ മുക്കാൽഭാഗവും കൃഷി നടന്നുവരുന്ന സ്ഥലമാണ്. കാടുകളില്ല. നെല്ലാണ് പ്രധാന വിള. നിവാസികളെ ബീഹാരികളെന്നു പറയുന്നു.

പാട്നയാണ് തലസ്ഥാനം. അവിടത്തെ അരി പ്രസിദ്ധമത്രെ. പാട്ന കല്ക്കത്തയുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. ഗംഗയുടെ തെക്കുഭാഗത്താണ് പട്ടണം. പ്രസിദ്ധ ഇരിമ്പുവ്യവസായനഗരമായ യമഷ്പുരം ഈ സംസ്ഥാനത്തിൽ ആണ്. ഗവർണരാണ് ഭരണകർത്താവു്. അദ്ദേഹത്തെ സഹായിപ്പാൻ "Legislative Council" എന്നും "Legislative Assembly" എന്നും രണ്ടു സഭകളുണ്ടു്. മന്ത്രിമാരാണ് ഉപദേഷ്ടാക്കൾ.

IV. ഒറീസ്സ.

1937-ലാണ് പുതിയ ഒരു സംസ്ഥാനമായതു്. വിസ്താരം 34,000 ച. നാഴികയാണ്. ഇതിൽ 20,000 ച. നാഴികയും എക്സ്ലൂഡഡ് വിഭാഗമാണ്. എക്സ്ലൂഡഡ് എന്നു പറഞ്ഞാൽ അപരിഷ്കൃതം എന്നർത്ഥം. മറ്റേതുസംസ്ഥാനത്തിലും ഇത്രവളരെ എക്സ്ലൂഡഡ് വിഭാഗം ഇല്ല. ഈ സംസ്ഥാനത്തിലെ മുക്കാൽഭാഗവുംപണ്ടത്തെ മദ്രാസ് സംസ്ഥാനത്തിൽനിന്നു എടുത്തതാണ്.

മഹാനദിയാണ് പ്രധാനനദി. അതിൻെറ മുക്കോൺതുരുത്തു് ഒരു സമതലമാകുന്നു. അവിടെ കൊല്ലത്തിൽ

50 ഇഞ്ച് മഴപെയ്യുന്നു. നെല്ലാണ് പ്രധാനവിള. ചോട്ടാനാഗപുരംഉന്നതതടം ഈ സംസ്ഥാനത്തിലാണ്.

ആകെ 70 ലക്ഷം ജനം ഉണ്ട്. 26 ലക്ഷത്തി എഴുപതിനായിരം ജനം എക്സ്ക്ലൂഡഡ് ഭാഗത്തിൽ താമസിക്കുന്നു. ചോട്ടാനാഗപുരത്തിലെ ജനങ്ങൾ ദ്രാവിഡവർഗ്ഗക്കാരാണ്. ഒറിസ്സയിലെ ഭാഷ ഉറിയയാണ്.

കട്ടാക്ക് ആണ് പ്രധാനനഗരം. അവിടെ ഒരു കോട്ടയുണ്ട്. ഫലവത്തായ ഒരു മൈതാനത്തിൻെറ നടുവിലാണ് അതിൻെറ സ്ഥാനം. അതൊരു വ്യാപാരകേന്ദ്രമാണ്. കട്ടാക്കിൻെറ തെക്കുഭാഗത്തുള്ള പുരി ഹിന്ദുക്കളുടെ ഒരു പുണ്യക്ഷേത്രമാകുന്നു. ചാരുബലി, ബാലസോർ എന്നിവ തുറമുഖങ്ങളാകുന്നു. ഒറിസ്സയിലെ കോൺഗ്രസ്സ്ഗവൺമെണ്ട് ചാരുബലിയിൽ നാവികപരിശീലനപാഠശാല സ്ഥാപിച്ചിരിക്കുന്നു. ഗവർണരാണ് ഭരണകർത്താവ്. അദ്ദേഹത്തെ സഹായിപ്പാൻ "Legislative Assembly" എന്നു പേരായ ഒരു നിയമനിർമ്മാണസഭയുണ്ട്. മന്ത്രിമാരാണ് ഉപദേഷ്ടാക്കൾ.

V. ഏകോപിച്ച സംസ്ഥാനം.

ഈ സംസ്ഥാനം വിസ്താരംകൊണ്ട് പഞ്ചാബിനേക്കാൾ ചെറിയതാണ്. എന്നാൽ പഞ്ചാബിലെ ഇരട്ടി ജനം ഇവിടെ നിവസിക്കുന്നു. ആകെ 5 കോടി ജനമുണ്ട്.

സംസ്ഥാനത്തിൻെറ വടക്കുഭാഗം ഹിമാലയത്തിനുള്ളിൽ ആകുന്നു. നന്ദദേവി, ബദരിനാദം എന്നീ സ്ഥലങ്ങൾ സമുദ്രനിരപ്പിൽനിന്നു 25,000 അടിയിൽ അധികം ഉയരത്തിൽ സ്ഥിതിചെയ്യുന്നു. ഹിമാലയത്തിനു

തെക്കായി തററ എന്ന പ്രദേശം കിടക്കുന്നു. ഈ പ്രദേശമാസകലം കാടാണ്. പുലികളും, ആനകളും ഇവിടെ സുലഭമാണ്. തെക്കുഭാഗത്തു മദ്ധ്യേന്ത്യയിലെ പീഠഭൂമിയുടെ ഒരു ഭാഗം കിടക്കുന്നു. ഈ രണ്ടു പ്രദേശങ്ങളിലും ജനം നന്ന ചുരുക്കം. ഇവയുടെ മദ്ധ്യത്തിലുള്ള പ്രദേശം ഏററവും ഫലവത്തായ പ്രദേശമാണ്. നെല്ലാണ് ഇവിടത്തെ പ്രധാന വിള. ഇന്ത്യയിൽ മറെറാരിടത്തും ഇത്ര നെല്ല് ഉണ്ടാകുന്നില്ല. ഗോതമ്പ്, യവം, കരിമ്പു എന്നിവയും കൃഷിചെയ്തുവരുന്നു.

അലഹബാദ് ആണ് തലസ്ഥാനം. ഇവിടെ യമുന ഗംഗയിലേക്കു ഒഴുകിച്ചേരുന്നു. ഇതൊരു പുണ്യസ്ഥലവും വ്യാപാരകേന്ദ്രവും തീവണ്ടിപ്പാതകളുടെ സങ്കേതസ്ഥാനവുമാണ്. കാശിയാണു മറെറാരു പട്ടണം. ഇതു ഹിന്തുക്കളുടെ മുഖ്യ പുണ്യക്ഷേത്രമാണല്ലോ. ഇവിടെ പട്ടുവസ്ത്രങ്ങൾ, പിച്ചളപാത്രങ്ങൾ, ആഭരണങ്ങൾ എന്നിവ ഉണ്ടാക്കിവരുന്നു. കോൺപൂരം എന്ന പട്ടണത്തിൽ തോൽ, രോമം, പരുത്തി, ചണ എന്നിവകൊണ്ടുള്ള വ്യവസായം നടക്കുന്നു. യമുനയിന്മേൽ സ്ഥിതിചെയ്യുന്ന ആഗ്ര പഴയ ഒരു നഗരവും വ്യാപാരകേന്ദ്രവുമാണ്. ടാജ്മഹാൾ ഇവിടെയാണ്. ഔഡിലെ തലസ്ഥാനമാണു ലക്ക്നൊ. അവിടത്തെ കോവിലകങ്ങളും മററും വളരെ മനോഹരമായതാണ്. മീററൺ, ആലിഗാർ, ബാറിലി, മുറാദ്ബാദ് എന്നിവ മററു പട്ടണങ്ങളാണ്. ആലിഗാറിലെ സർവ്വകലാശാല പ്രസിദ്ധമാണല്ലോ. നാനിട്ടാലും, ബുസ്സോറിയും സുഖവാസസ്ഥലങ്ങളാണ്.

ഗവർണരാണു ഭരണകർത്താവു്. Legislative

Assembly എന്നും Council എന്നും രണ്ടു നിയമനിർമ്മാണസഭകളുണ്ടു്. മന്ത്രിമാരാണു് ഉപദേഷ്ടാക്കൾ.

VI. പഞ്ചാബു്.

ഇന്ത്യയിലെ പ്രധാന സംസ്ഥാനങ്ങളിൽ ഒന്നാണു്. വിസ്താരം 97,200 ച. നാഴികയാണു്. ആകെ ജനം 2 കോടി 35 ലക്ഷം.

ഭൂപ്രകൃതിയനുസരിച്ചു വടക്കുപടിഞ്ഞാറൻഭാഗം, ഹിമാലയം പ്രദേശം, പഞ്ചാബു് മൈതാനം എന്നിങ്ങിനെ 3 ഭാഗങ്ങളാക്കാം.

വടക്കുപടിഞ്ഞാറൻഭാഗത്തു ജിലം, ചീനാബു് എന്നീ നദികൾക്കു മദ്ധ്യേയുള്ള പ്രദേശമാസകലം ഉൾപ്പെട്ടും. അതു വരണ്ടു മണൽ നിറഞ്ഞ ഒരു ഉന്നതതടമാണു്. തെക്കെ അതിരു. സോൾട്ടു് റെയിഞ്ചാണു്. അരിച്ചോളം, കമ്പു്, റാലി മുതലായവയാണു പ്രധാനവിള. അറോക്കിനു സമീപം ഒരു മണ്ണെണ്ണക്കുഴിയുണ്ടു്.

ഹിമാലയം പ്രദേശം വനംപ്രദേശമാണു്.

പഞ്ചാബു് മൈതാനം പരന്ന ഒരു പ്രദേശമാണു്. അവിടെ കുന്നുകളില്ല. അതു തെക്കുപടിഞ്ഞാട്ടു ചാഞ്ഞുകിടക്കുന്നു. സട് ലജിൻെറ തെക്കുഭാഗം ക്രമേണ ഉയൻ്ന താർ മരുഭൂമിയുടെ ഒരു ഭാഗമായിതീരുന്നു. ഈ മൈതാനത്തിൽക്കൂടിയാണു പഞ്ചാബിലെ 5 പ്രസിദ്ധ നദികളും പ്രവഹിക്കുന്നതു്. മഴ നന്ന കുറവാണു്. തെക്കുപടിഞ്ഞാറെ അററമാണു് ഏററവും പരന്നിരിക്കുന്നതു്. അവിടെ 5 ഇഞ്ചിൽ കുറവാണു മഴ. ഈ മൈതാനത്തിൽ സക്കാരിൽനിന്നു 6 കനാലുകൾ കുത്തിച്ചിരിക്കുന്നു. ഗോതമ്പാണു് പ്രധാന വിളവു്. അരിച്ചോളം, മണിച്ചോ

ളം, എണ്ണബീജങ്ങളും, പരുത്തി എന്നിവയും കൃഷിചെയ്തുവരുന്നു.

ലാഹൂരാണ് തലസ്ഥാനം. അതു ഒരു തീവണ്ടികേന്ദ്രസ്ഥാനമാണ്. അതു സിക്കുകാരുടെ പ്രധാന നഗരമായിരുന്നു. അമൃതസരസ്സ ഒരു വ്യാപാരകേന്ദ്രസ്ഥാനമാണ്. റാവൽപിണ്ടി, അറോക് എന്നിവ സൈനികസങ്കേതസ്ഥാനങ്ങളാണ്. ജലണ്ടർ, ലൂഡിയാന, അമ്പാല എന്നിവയിലും സൈന്യങ്ങളെ നിറുത്തുന്നു. മൂൾട്ടാൻ ഒരു വ്യാപാരകേന്ദ്രമാണ്. സുഖവാസസ്ഥലങ്ങളിൽ പ്രധാനമായതു സിംലതന്നെ. ഗവർണരാണ് ഭരണകർത്താവ്. നിയമനിർമ്മാണത്തിന്നു അസംബ്ളിയുണ്ട്. മന്ത്രിമാരാണ് ഉപദേഷ്ടാക്കൾ.

VII. വടക്കപടിഞ്ഞാറൻ സംസ്ഥാനം.

സിന്ധുനദിയുടെ പടിഞ്ഞാറുഭാഗത്തു വടക്ക ഹിന്ദുക്കുഷ് മുതൽ തെക്ക സുലേമാൻവരെ നീണ്ടുകിടക്കുന്നു. ചെറിയൊരു ഭാഗം സിന്ധുവിൻെറ കിഴക്കുമുണ്ട്. മലകൾ നിറഞ്ഞ പ്രദേശമാണ്. മലകളുടെ താഴ്വരകളിൽകൂടി നദികൾ പ്രവഹിക്കുന്നു. ഈ താഴ്വരകളിൽകൂടി സൈനികപന്ഥാവുകൾ വെട്ടീട്ടുണ്ട്. പ്രധാനവഴി കൈബർപാതതന്നെ. പെഷവാർ ഈ പാതയിന്മേലാണ്. പെഷവാർ ഒരു സൈനികസങ്കേതസ്ഥാനമാണ്. കോഹററ്, ബന്നു, ഡിറ ഇസ്മെൽഖാൻ എന്നിവ മററു സൈനികസങ്കേതസ്ഥാനങ്ങളാണ്.

ആകെ 24 ലക്ഷം ജനം നിവസിക്കുന്നു.

ഗവർണരാണ് ഭരണകർത്താവ്. നിയമനിർമ്മാണ

ത്തിന്നു അസംബ്ളി എന്നു പേരായി ഒരു സഭയുണ്ട്. മന്ത്രിമാരാണ് ഗവർണ്ണരുടെ ഉപദേഷ്ടാക്കാം.

VIII. സിണ്ട്.

1937_ലാണ് ഈ സംസ്ഥാനം രൂപവൽകൃതമായതു.

ആകെ വിസ്താരം 46,378 ചതുരശ്രനാഴികയാണ്.

പ്രധാനനദി സിന്ധുതന്നെ. ഇതിൻെറ സമതല പദ്ധതി ഹൈദരബാദു (സിണ്ടിലെ) വരെ നീണ്ടുകിടക്കുന്നു. ഹൈദരബാദിന്നു തെക്കുഭാഗത്തു മുക്കോൺതുരുത്തായി. നദീതടം ചുററുമുള്ള പ്രദേശത്തേക്കാൾ അല്പം ഉയൎന്നിരിക്കുന്നു. മുക്കോൺതുരുത്തു നദിയുടെ രണ്ടുഭാഗത്തുമുണ്ട്. ഓരോ ഭാഗത്തിനും 130 നാഴികവീതം വീതികാണും. ഇവിടെ കൃഷി ഇല്ലെന്നുതന്നെ പറയാം.

മലകൾ ഇല്ലാത്തതിനാൽ വടക്കുപടിഞ്ഞാറൻ വഷ്വാഹിനിക്കാററു തടയപ്പെടുന്നില്ല. ചില സ്ഥലങ്ങളിൽ 3 ഇഞ്ചു മാത്രമാണ് മഴ. ലോകപ്രസിദ്ധമായ സുക്കുരണ സിണ്ടിലാണ്. ഗോതമ്പാണ് പ്രധാന വിള.

സിണ്ടിൽ ഒട്ടകങ്ങളും കാട്ടുകഴുതകളുമുണ്ട്.

ആകെ ജനം 39 ലക്ഷം. 10 ലക്ഷം ഹിന്തുക്കളും 28 ലക്ഷം മുസ്ലീമുകളുമാണ്.

പ്രധാനനഗരം കറാച്ചിയാകുന്നു. സിന്ധുവിൻെറ മുക്കോൺതുരുത്തിൻെറ പടിഞ്ഞാറെ അററത്താണ്. അതു പഴയ ഒരു തലസ്ഥാനമൊ, വ്യാപാരകേന്ദ്രമോ അല്ല. നൌകാശയം സാമാന്യം വലിയതും, സ്വാഭാവികമായതുമാണ്. യൂറോപ്പിനു ഏററവും അടുത്ത തുറമുഖവും കറാച്ചിയത്രെ.

ഹൈദരാബാദിൽ പാതകളും തീവണ്ടിപ്പാതകളും കേന്ദ്രിക്കുന്നു.

മിയാനിയിൽവെച്ച 1843-ൽ ഒരു യുദ്ധം നടന്നു.

അപ്പർസിണ്ടിലുള്ള ഷികർപുരത്തുനിന്നു ഒരു തീവണ്ടിപ്പാത ആഫ്ഗനിസ്ഥാനത്തേക്കു പോകുന്നു.

ഗവർണ്ണരാണ് ഭരണകർത്താവ്. നിയമനിർമ്മാണത്തിനു അസംബ്ളിയെന്നൊരു സഭയുണ്ട്. മന്ത്രിമാരാണ് നിർവ്വാഹകസഭക്കാർ.

IX. ബോംബെ സംസ്ഥാനം.

ദക്ഷിണപീഠഭൂമിയുടെ പടിഞ്ഞാറുഭാഗവും, ഗുജറാത്തും, ബോംബെ, ഡക്കാൻ എന്ന സ്ഥലവും ഉൾപ്പെട്ടതാണ് ഈ സംസ്ഥാനം.

ഇതിനെ ഗുജറാത്ത്, കൊങ്കണം, ഡക്കാൻ എന്നിങ്ങിനെ 3 ഭാഗങ്ങളാക്കാം.

ഗുജറാത്ത്— അവിടവിടെയായി കുറെ കുന്നുകളുണ്ടെങ്കിലും അധികഭാഗവും സമതലമാണ്.

കൊങ്കണം— പടിഞ്ഞാറെ കടലോരഖണ്ഡമാണിതു്. പശ്ചിമഘട്ടങ്ങൾക്കും കടലിന്നും മദ്ധ്യേ കിടക്കുന്നു. കൊങ്കണം, ഗോവ, വടക്കൻകരനാടകം എന്നിവ ഇതിലുൾപ്പെടുന്നു. അധികഭാഗവും സമതലമാണ്. മഴ 80 അംഗുലത്തിലധികമുണ്ട്. നെൽവയലുകളും തെങ്ങിൻ തോട്ടങ്ങളും സുലഭമാണ്. ബോംബെ നഗരത്തിന്റെ തെക്കുഭാഗത്തുള്ള പ്രദേശത്തുകൂടി തീവണ്ടിപ്പാതകളില്ല.

ഡക്കാൻ— പരുത്തികൃഷിക്കു പററിയ കറുത്ത മണ്ണുണ്ട്. മഴ മറവിലാകയാൽ 40 ഇഞ്ചിലധികം മഴയില്ല.

റാഗി, തിന, പരുത്തി, പയറുവൎഗ്ഗം, ഗോതമ്പു എന്നിവ വിളയുന്നു.

ബോംബെ നഗരമാണ് തലസ്ഥാനം. ഇന്ത്യയിലെ രണ്ടാമത്തെ നഗരമാണ്. പ്രകൃതിദത്തവും ഗംഭീരവുമായ ഒരു നൌകാശയമുണ്ട്. നൌകാശയം ബോംബെ നഗരത്തിന്റേയും വൻകരയുടേയും നടുക്കു കിടക്കുന്നു. മദ്രാസ്, ഹൈദരാബാദ്, നാഗപൂർ, ഗംഗാതടത്തിലെ പട്ടണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടിട്ടുണ്ട്.

ഗോവ പോൎത്തുഗീസ്സുകാരുടെ വകയാണ്.

പൂന—പണ്ടു പേഷ്വാമാരുടെ തലസ്ഥാനമായിരുന്നു. ഇപ്പോൾ ബോംബെ ഗവൎമ്മേണ്ടിന്റെ വേനൽക്കാല വാസസ്ഥലമാണ്.

നാസിക്ക് ഒരു പുണ്യസ്ഥലമാകുന്നു.

ഷോലാപൂർ, ദർവാർ എന്നിവ പരുത്തിനഗരങ്ങളാണ്.

അഹമ്മദബാദ് സബർമതിതീരത്തു കിടക്കുന്നു.

സൂറത്തു ദക്ഷിണഗുജറാത്തിലെ വലിയൊരു പട്ടണമാണ്.

ഗവർണരാണ് ഭരണകൎത്താവ്. നിയമനിൎമ്മാണത്തിനു അസംബ്ളിയെന്നും, കൌൺസിലെന്നും രണ്ടു സഭകളുണ്ട്. മന്ത്രിമാരാണ് നിൎവ്വാഹകസഭക്കാർ.

X. മദ്ധ്യസംസ്ഥാനം.

ഈ സംസ്ഥാനം ഇന്ത്യയുടെ നടുവിലാണ്. ഇതിന് ഏതാണ്ടു മദ്രാസ് സംസ്ഥാനത്തിന്റെ വലിപ്പമുണ്ട്. എന്നാൽ അവിടത്തെ മൂന്നിലൊന്നു ജനങ്ങൾ മാത്രമെ

ഇവിടെയുള്ള. ജനസംഖ്യ ഒരു കോടി അമ്പതു ലക്ഷമാണ്.

സംസ്ഥാനത്തിൻെറ വടക്കെ അററത്തു ശതപുര മലകഠം കിടക്കുന്നു. നാഗപുരത്തിനു ചുററുമുള്ള പ്രദേശം ഗോദാവരി താഴ്വരയുടെ ഒരു വിഭാഗമാണ്. മഹാനദിയുടെ താഴ്വരക്കു ചാററിസ്ഗാർ മൈതാനമെന്നു പേർ. തെക്കുഭാഗത്തു പൂർവ്വഘട്ടം കിടക്കുന്നു.

ഗോദാവരിയുടെ താഴ്വരയിൽ കല്ക്കരി കണ്ടുവരുന്നു. മഹാനദിയുടെ താഴ്വരയിൽ നെല്ലു കൃഷിചെയ്യുന്നു. പൂർവ്വഘട്ടത്തിൽ കാടുകഠം സുലഭമാണ്. ഡീൽ എന്ന മരമാണ് അധികം പ്രധാനമായതു്.

നാഗപുരമാണു തലസ്ഥാനം. ഈ നഗരം ബോംബയ്ക്കും കല്ക്കത്തയ്ക്കും ഏതാണ്ടു നടുവിലാണ്. ഇവിടെ പരുത്തിവ്യവസായം നടക്കുന്നു. വാർഡ്ധ, പഠറാൺ, ചാണ്ട എന്നീ സ്ഥലങ്ങളിലും പരുത്തിവ്യവസായമാണ് പ്രധാനമായി നടക്കുന്നതു്. ബീറാറിലെ പ്രധാനനഗരമാണ് അമരാവതി. അവിടേയും പരുത്തിവ്യവസായമുണ്ട്. വടക്കുള്ള ജബൽപുരം ഒരു തീവണ്ടിസംഗമസ്ഥാനമാണ്. മഹാനദിതാഴ്വരയിലെ പ്രധാന പട്ടണമാണ് റെയിപുരം.

ഗവർണരാണ് ഭരണകർത്താവ്. മന്ത്രിമാരാണ് നിർവ്വാഹകസഭക്കാർ. നിയമനിർമ്മാണത്തിനു അസംബ്ളിയെന്നു പേരായി ഒരു സഭയുണ്ട്.

XI. മദ്രാസ് സംസ്ഥാനം.

ഈ സംസ്ഥാനം പഴയ സെൻറ് ജോർജ്ജ് കോട്ട വലുതായി ഉണ്ടായതാണ്. ഈ സംസ്ഥാനം ഇന്ത്യയുടെ

തെക്കെ അററമാസകലം നീണ്ടുകിടക്കുന്നു. ഡക്കാൻ പീഠഭൂമിയുടെ ഒരു ഭാഗവും ഇതിലുൾപ്പെടും.

സ്വാഭാവികസ്ഥിതി അനുസരിച്ച് സംസ്ഥാനത്തെ പശ്ചിമതീരം, കരനാടകം, വടക്കൻസർക്കാർ, ഡെക്കാനിലെ പീഠഭൂമി, ചോഴമണ്ഡലക്കര എന്നിങ്ങിനെ വിഭാഗിക്കാം

പശ്ചിമതീരത്ത് മഴ സുലഭമാണ്. ഇവിടെ അനവധി തുറമുഖങ്ങളുണ്ട്. കൊച്ചിയാണ് അവയിൽ പ്രധാനമായതു്. ഇതു ലോകത്തിലെ പ്രധാന തുറമുഖങ്ങളിൽ ഒന്നാണ്. ജനം ഇടതിങ്ങിപ്പാർക്കുന്നു. ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയാകുന്നു. മത്സ്യംപിടുത്തം, പായനെയ്ത്ത് എന്നിവയും നടക്കുന്നു.

കരനാടകത്തിൽ ക്ഷാമം ഇടയ്ക്കിടെ ഉണ്ടാകാറുണ്ട്. കാവേരിയാണ് പ്രധാനനദി. കാവേരിയിലെ അണകൾ പ്രസിദ്ധങ്ങളാണല്ലൊ. മേട്ടൂർ അണ നോക്കുക. അരിച്ചോളമാണ് പ്രധാന വിളവ്. പരുത്തിയും, നിലക്കടലയും സമൃദ്ധിയായി കൃഷിചെയ്തുവരുന്നു.

വടക്കൻസർക്കാർ സമുദ്രതീരത്താണ്. എങ്കിലും അതൊരു മൈതാനമല്ല. അതിൻെറ നടുഭാഗം ഗോദാവരിയുടേയും കൃഷ്ണയുടേയും മുക്കോൺതുരുത്താണ്. വിശാഖപട്ടണത്തിന്നരികെനിന്നു മാൻഗനീസു കുഴിച്ചെടുക്കുന്നു. വിശാഖപട്ടണം നല്ലൊരു നൌകാശയമാണ്. നെല്ലാണ് പ്രധാനവിള. കരനാടകത്തിൻെറ തീരമാണ ചോഴമണ്ഡലക്കര. നെല്ലാണ് പ്രധാനവിള. മഴ പെയ്യുന്നതു ഒക്ടോബർമാസത്തിലാണ്.

ഡക്കാൻ ഉന്നതതടത്തിൽ മഴ ദുർല്ലഭമാണ്. അരി ച്ചോളവും പരുത്തിയുമാണ് പ്രധാനവിളവുകൾ.

ആകെ 4 കോടി 25 ലക്ഷം ജനമുണ്ട്.

മദ്രാസ്സാണ് തലസ്ഥാനം. ഇന്ത്യയിലെ മൂന്നാമത്തെ നഗരവും നാലാമത്തെ തുറമുഖവുമാണ്. ഇവിടെ തോൽവ്യവസായവും പരുത്തിവ്യവസായവും നടക്കുന്നു. അനവധി തീവണ്ടിപ്പാതകളുടെ സംഗമസ്ഥാനമാണ്.

ധനുഷ്ക്കോടിയിലാണ് തെക്കെ ഇന്ത്യാ തീവണ്ടിപ്പാത അവസാനിക്കുന്നത്.

മധുരയിലെ ആയിരംകാൽമണ്ഡപവും ക്ഷേത്രവും പ്രസിദ്ധങ്ങളാണ്.

തൃശ്ശിനാപ്പള്ളിയിലെ പാറക്കോട്ടയും ശ്രുതിപ്പെട്ടതാകുന്നു.

മംഗലാപുരം പശ്ചിമതീരത്താണ്. അവിടെയാണ് തീവണ്ടിപ്പാത അവസാനിക്കുന്നത്.

കോഴിക്കോട്, കണ്ണൂർ, തലശ്ശേരി, തിരുവനന്തപുരം, ആലപ്പുഴ എന്നിവ പശ്ചിമതീരത്തെ പട്ടണങ്ങളാണ്. തിരുവനന്തപുരവും ആലപ്പുഴയും തിരുവിതാംകൂറിലാണ്.

നീലഗിരിയിലെ ഊട്ടക്കമണ്ട് ഇന്ത്യയിലെ സുഖവാസസ്ഥലങ്ങളുടെ രാജ്ഞിയാണ്.

കോകനാടം, മച്ചിലിപ്പട്ടണം എന്നിവ വടക്കൻസർക്കാരിലെ പട്ടണങ്ങളാണ്.

തൂത്തുക്കുടിയിൽ മുത്തുചിപ്പികൾ മുങ്ങിയെടുത്തുവരുന്നു.

ഗവർണരാണ് ഭരണകർത്താവ്. മന്ത്രിമാരാണ് നിർവ്വാഹകസഭക്കാർ. നിയമനിർമ്മാണത്തിനു കൌൺസിലെന്നും, അസംബ്ളിയെന്നും രണ്ടു സഭകളുണ്ട്.

XII. ദൽഹി.

ഇതുവരെ നാം പറഞ്ഞതു ഗവർണർമാർ ഭരിക്കുന്ന സംസ്ഥാനങ്ങളെപററിയാണ്. ഇനി പറവാൻ പോകുന്നതു ചീഫ് കമ്മീഷണർമാർ ഭരിക്കുന്ന സംസ്ഥാനങ്ങളെപററിയാണ്.

ദൽഹിനഗരവും ചുററുമുള്ള പ്രദേശങ്ങളുംകൂടി ഒരു സംസ്ഥാനം രൂപവൽക്കരിച്ചിരിക്കുന്നു. ഈ സംസ്ഥാനത്തിൻെറ ആകെ വിസ്താരം 557 ച. നാഴികയാണ്. ജനം ആറുലക്ഷം. മുകിലചക്രവൎത്തിമാരുടെ കാലത്ത് ഈ നഗരമായിരുന്നു തലസ്ഥാനം. മററു മുഹമ്മദീയരാജാക്കന്മാരുടെ കാലത്തും ഇതുതന്നെയായിരുന്നു തലസ്ഥാനം. എന്തിനധികം പറയുന്നു. പാണ്ഡവരാജാവായ യുധിഷ്ഠിരൻെറ കാലത്തു തലസ്ഥാനമായിരുന്ന ഇന്ദ്രപ്രസ്ഥവും ഈ നഗരമാണ്. ഇന്നു ഇന്ത്യയിലെ തലസ്ഥാനവും ദൽഹിതന്നെ. ഇന്നത്തെ ദൽഹിക്കടുത്ത് അഞ്ചു പഴയ ദൽഹികളുണ്ടത്രെ. ഏഴാമതൊരു ദൽഹിയും പണിതീൎന്നിരിക്കുന്നു. ഈ നഗരം ഒരു വ്യാപാരകേന്ദ്രസ്ഥാനവും തീവണ്ടിപ്പാതകളുടെ സംഗമസ്ഥാനവും, വ്യവസായകേന്ദ്രസ്ഥാനവുമാണ്. ദൽഹിയുടെ ചരിത്രമാണ് ഇന്ത്യയുടെ ചരിത്രം. ഇവിടെ മനോഹരങ്ങളായ അനവധി കെട്ടിടങ്ങളുണ്ട്. ചീഫ് കമ്മീഷണരാണ് ഭരണകൎത്താവെന്നു പറഞ്ഞുവല്ലൊ. 1912_ലാണ് ഈ സംസ്ഥാനം രൂപവൽകൃതമായതെന്നു ധരിക്കുക.

XIII. ബലൂചിസ്ഥാൻ.

സിന്ധുനദിയുടെ പടിഞ്ഞാറുഭാഗത്ത് അതിൽനിന്നും സുലൈമാൻ, കീർതാർ എന്നു പറയപ്പെടുന്ന മല

കളാൽ വേർതിരിക്കപ്പെട്ടുകിടക്കുന്ന ഒരു രാജ്യമാണ് ബലൂചിസ്ഥാൻ. ഇതിൻെറ വടക്കുഭാഗം ബ്രിട്ടീഷുകാരുടെ അധീനത്തിലാണ്. മഴ വളരെ കുറവാണ്.

അതിൻെറ തലസ്ഥാനമാണ് കചററ. അതൊരു സൈനികസങ്കേതസ്ഥാനമാകുന്നു. ആ നഗരം കോട്ടകളാൽ സുരക്ഷിതമായിരിക്കുന്നു. സിന്ധുതടത്തിലുള്ള ജക്കോബബാദിൽനിന്നു് അവിടേക്ക് ഒരു തീവണ്ടിപ്പാതയുണ്ട്. അഫ്ഘാനിസ്ഥാൻ, പേർസ്യ എന്നിവിടങ്ങളിലേക്ക് ഒരു കാരവൻമാർഗ്ഗവും ഇവിടെനിന്നു പുറപ്പെടുന്നുണ്ട്.

ചീഫ് കമ്മീഷണരാണു ഭരണകർത്താവ്.

XIV. ആജ്മീർ_മീർവാര.

ബ്രിട്ടീഷു സംസ്ഥാനമായ ഇവ രണ്ടും രാജപുത്രസ്ഥാനത്തിൻെറ നടുക്കു കിടക്കുന്നു. അതിനു 2,711 ച. നാഴിക വിസ്താരമുണ്ട്. വടക്കെ ഇന്ത്യയിലെ മൈതാനത്തിൻെറ ഏററവുമുയന്ന ഭാഗമാണിതു്. അരാവലി മലകൾ നടുവിൽകിടക്കുന്നു. കാലാവസ്ഥ സുഖകരമായതാണ്. ഒരു കൊല്ലത്തിലേതാണ്ട് ഇരുപതംഗുലം മഴയേ പെയ്യുകയുള്ളു. ആജ്മീർ പരന്നും, മീർവാര കുന്നുകൾ നിറഞ്ഞുമിരിക്കുന്നു. കൃഷിയാണു ജനങ്ങളുടെ പ്രധാന തൊഴിൽ. ഏതാണ്ട് 5,60,000 ജനം താമസിക്കുന്നു.

ആജ്മീരാണു പ്രധാന നഗരം. ഇവിടെ അനവധി മനോഹരകെട്ടിടങ്ങളുണ്ട്. അവയിൽവെച്ചു മുസ്ലീംകാരുടെ പള്ളിയാണു മുഖ്യമായതു്.

ചീഫ് കമ്മീഷണരാണു ഭരണകർത്താവ്.

XV. കുടക്.

മൈസൂരിന്റെ പടിഞ്ഞാറുഭാഗത്തു കിടക്കുന്നു. ഏതാണ്ട് 1600 ച. നാഴിക വിസ്താരം കാണും. ഇവിടെ കുന്നുകൾ നിറഞ്ഞിരിക്കുന്നു. മഴ സുലഭമാണ്. കൊല്ലത്തിലേതാണ്ട് 130 ഇഞ്ച് മഴപെയ്യും. നെല്ലാണു പ്രധാന വിളവ്. കാപ്പിയും, ചായയും കൃഷിചെയ്തുവരുന്നു. മർക്കാറയാണു തലസ്ഥാനം.

സംസ്ഥാനം ഭരിക്കുന്നതു ചീഫ് കമ്മീഷണരാണ്. അദ്ദേഹത്തെ സഹായിപ്പാൻ ഒരു നിയമനിർമ്മാണസഭയുണ്ട്. ചീഫ് കമ്മീഷണർ മൈസൂരിലെ റസിഡണ്ടുമാണ്.

XVI. ആൻഡമൻ–നിക്കോബാർ.

ആൻഡമൻസിൽ ഗ്രേററ് ആൻഡമൻസെന്നും, ലിററിൽ ആൻഡമൻസെന്നും രണ്ടു ദ്വീപസമൂഹങ്ങളുണ്ട്. രണ്ടിന്റേയും നടുവിലായി ഡങ്കൻ സ്ട്രേയ്ററ് കിടക്കുന്നു. 2,508 ച. നാഴിക വിസ്താരം കാണും. മലകൾ സുലഭമാണ്. ജനങ്ങൾ നീഗ്രോ വർഗ്ഗക്കാരാകുന്നു.

ഗ്രേററ് ആൻഡമൻസിലെ ഒരു വിഭാഗമായ തെക്കെ ആൻഡമൻസിലുള്ള പോർട്ട് ബ്ലയർ ആണ് പ്രധാന നഗരം. ഇന്ത്യയിൽനിന്നു നാടുകടത്തപ്പെടുന്ന കുററക്കാർ ഇവിടെയത്രെ താമസിക്കുന്നത്.

നിക്കോബാർ ദ്വീപുകൾക്ക് 600 ച. നാഴിക് വിസ്താരം കാണും. ആകെ പത്തൊമ്പതു ദ്വീപുകളുണ്ട്.

രണ്ടു ദ്വീപസമൂഹങ്ങളുംകൂടി ഒരു ചീഫ് കമ്മീഷണരാണ് ഭരിക്കുന്നത്.

അദ്ധ്യായം 10.

സാമന്തരാജ്യങ്ങൾ.

ഇന്ത്യയിൽ ആകെ 562 സാമന്തരാജ്യങ്ങളുണ്ടു്. അവയിൽ 377 എണ്ണവും പഞ്ചാബിലും സിൻഡിലുമായി കിടക്കുന്നു. മദ്ധ്യേന്ത്യയിൽ 89 രാജ്യങ്ങളും, രാജപുത്രസ്ഥാനത്തു് 20 രാജ്യങ്ങളും, പഞ്ചാബിൽ 34 രാജ്യങ്ങളും, ഒറീസ്സയിൽ 19 രാജ്യങ്ങളും, മദ്ധ്യസംസ്ഥാനത്തിൽ 15 രാജ്യങ്ങളും, ബീഹാറിൽ 7 രാജ്യങ്ങളും, മദ്രാസിൽ 5 രാജ്യങ്ങളുമുണ്ടു്. ഇവകളംപുറമെയാണ് ഹൈദരാബാദ്, കാശ്മീർ, മൈസൂർ മുതലായ വലിയ രാജ്യങ്ങൾ. ഈ രാജ്യങ്ങളെപ്പററി ചിലതു പഠിക്കുക.

1. ഹൈദരാബാദ്.

ഹൈദരാബാദാണ് വലിയ രാജ്യം. അതിൻെറ വിസ്താരം 82,638 ച. നാഴികയാകുന്നു. ഈ രാജ്യം രണ്ടു നദികൾക്കുള്ളിൽ കിടക്കുന്നു. ഗോദാവരിയും, അതിൻെറ പോഷകനദിയായ പെയിൻനദിയും ചേൎന്നാൽ ഈ രാജ്യത്തിൻെറ വടക്കെ അതിരും, വടക്കുകിഴക്കെ അതിരുമായി. കൃഷ്ണയും, തുംഗഭദ്രയും ചേൎന്നാൽ രാജ്യത്തിൻെറ തെക്കെ അതിരുമായി. നദീതാഴ്വരകളിൽ നെല്ലു് കൃഷിചെയ്തുവരുന്നു. മററു സ്ഥലങ്ങളിൽ എണ്ണവിത്തുകൾ, റാഗി, ഗോതമ്പു്, പരുത്തി എന്നിവ കൃഷിചെയ്തുവരുന്നു. പരുത്തിവ്യവസായം നടക്കുന്നുണ്ടു്. സിങ്കരണിയിൽനിന്നു കൽക്കരി കുഴിച്ചെടുത്തുവരുന്നു.

ഹൈദരാബാദാണ് തലസ്ഥാനം. അതു നിറയെ പള്ളികളും, ഗോപുരങ്ങളുമാണ്. ആ നഗരം ബോംബെ, മദ്രാസ്, അലഹബാദ് എന്നിവയുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. അടുത്തുള്ള സെക്കണ്ടരബാദ് വലിയൊരു സൈനികസങ്കേതസ്ഥാനമാണ്. ഗോൽകൊണ്ട, ഗൽബർഗ, ബീഡർ, ഔരംഗബാദ്, ദൌലത്തബാദ് എന്നിവ മററു നഗരങ്ങളാണ്.

നൈസാമാണ് രാജ്യം ഭരിക്കുന്നത്.

II. കാശ്മീരം.

വലിപ്പംകൊണ്ടു രണ്ടാമത്തെ രാജ്യം കാശ്മീരമാണ്. അതിന്ന് 81,000 ച. നാഴിക വിസ്താരം കാണും. അതു് ഇന്ത്യയുടെ അതൃത്തിയിലുള്ള ഒരു രാജ്യമാണ്. അവിടെ അനവധി മലകളും, അവയുടെയിടയിൽ അനവധി താഴ്വരകളുമുണ്ട്. കാശ്മീർ താഴ്വര പ്രസിദ്ധമായതാണ്. സിന്ധുവും, ജിൽജിററുമാണ് പ്രധാന നദികൾ. കാറക്കറം പാത ഇവിടെയാണ്. കാശ്മീരത്തിൽ രണ്ടു ശുദ്ധജലതടാകങ്ങളുണ്ട്. ഗോതമ്പു്, യവം എന്നിവ കൃഷിചെയ്തുവരുന്നു.

ശ്രീനഗരമാണ് തലസ്ഥാനം. അതു വൂളർ തടാകത്തിന്നു സമീപം സ്ഥിതിചെയ്യുന്നു. അതൊരു വ്യാപാരകേന്ദ്രസ്ഥാനമാണ്. കാറക്കറം ചുരത്തിൽകൂടിയുള്ള ഒരു വാണിജ്യമാർഗ്ഗത്തിൻെറ ആരംഭസ്ഥാനമാണ് ലേ.

ഹിന്ദു മഹാരാജാവാണ് രാജ്യം ഭരിക്കുന്നത്.

III. ജോധപുരം.

വലുപ്പംകൊണ്ട് മൂന്നാമത്തെ രാജ്യമാണ്. ഇതി

ന്നേതാണ്ട് 35,000 ച. നാഴിക വിസ്താരം കാണും. ഇതു രാജപുത്രസ്ഥാനത്തിലാണ്.

IV. മൈസൂർ.

വലുപ്പംകൊണ്ട് നാലാമത്തെ രാജ്യമാണ്. ഈ രാജ്യം ഡക്കാൻ ഉന്നതതടത്തിൻെറ ഏററവും ഉയൎന്ന ഭാഗമാണ്. ഒരു ഭാഗത്തു പൂൎവ്വഘട്ടവും, മറേറഭാഗത്തു പശ്ചിമഘട്ടവും കിടക്കുന്നു.

തുംഗഭദ്ര, കാവേരി, പെന്നാർ, പാലാർ എന്നീ നദികൾ ഉത്ഭവിക്കുന്നതു് ഇവിടെനിന്നാണ്. കൊല്ലത്തിൽ 20 ഇഞ്ചിൽ കുറഞ്ഞ മഴ. വിസ്താരം 29,469 ച. നാഴികയാണ്.

കോലാറിൽനിന്നു സ്വൎണ്ണം കുഴിച്ചെടുത്തുവരുന്നു. മൈസൂർ ഗവൎമ്മേണ്ടിലേക്കു് അതിൽനിന്നു കൊല്ലത്തിൽ 40 ലക്ഷം ഉറുപ്പിക വരവുണ്ട്. മാൻഗനീസും കണ്ടുവരുന്നു. രാജ്യത്തു വനം സുലഭമാണ്. കൃഷി ചെയ്യാവുന്ന സ്ഥലത്തിൽ $\frac{1}{10}$ പരുത്തി കൃഷി ചെയ്തുവരുന്നു. അരിച്ചോളമാണ് പ്രധാന വിളവു്. നെല്ലും കൃഷിചെയ്യുന്നുണ്ട്. മലഞ്ചെരിവുകളിലെ ജനങ്ങൾ ആടുമാടുകളെ മേച്ചു വരുന്നു.

ചതുരശ്രനാഴികക്കു 200 വീതം ജനം കാണും. അവരുടെ ഭാഷ കൎണ്ണാടകമാണ്.

മൈസൂരാണ് തലസ്ഥാനം. അവിടെ പട്ടുവ്യവസായം നടക്കുന്നു.

ബങ്കളൂർ എന്ന പട്ടണത്തിൽ മാത്രം ഒരു ലക്ഷത്തിലധികം ജനങ്ങളുണ്ട്. അവിടെനിന്നൊരു തീവണ്ടി

പ്പാത മദ്രാസിലേക്കും, മറെറാന്നു ബോംബെയിലേക്കും, മൂന്നാമത്തൊന്നു മൈസൂരിലേക്കും പോകുന്നു. പട്ടുവ്യവസായം നടന്നുവരുന്നു. ഗവമ്മെണ്ട് ഇവിടെയാണ്.

ശ്രീരംഗപട്ടണമായിരുന്നു ടിപ്പുവിൻെറ തലസ്ഥാനം.

മൈസൂരിലെ ചന്ദനം, സോപ്പ്, പഞ്ചസാര, പട്ട് എന്നിവ ശ്രുതിപ്പെട്ടവയാണ്. ഇവക്കു മൈസൂരിലെ 'S' കൾ എന്നു പറഞ്ഞുവരുന്നു.

ഒരു ഹിന്തുരാജാവാണ് രാജ്യം ഭരിക്കുന്നത്.

V. ഗ്വാളിയോർ.

മദ്ധ്യേന്ത്യാ ഏജൻസിയിലുള്ള ഗ്വാളിയോറാണ് പിന്നെ വലുത്. ഏതാണ്ട് 25,000 ച. നാഴിക വിസ്താരം കാണും. ജനങ്ങൾ മാൾവി, ബണ്ടെലി, ഉർദ്ദു ഹിന്തി എന്നീ ഭാഷകൾ സംസാരിക്കുന്നു.

ലാസ്കർ ആണ് ഇപ്പോഴത്തെ തലസ്ഥാനം. മഹാരാജാവു വസിക്കുന്നത് ഇവിടെയാണു. പഴയ തലസ്ഥാനമായ ഗ്വാളിയോർ ഇന്നു നശിച്ചുകിടക്കുന്നു. മുഹമ്മദീയരാണ് അവിടെ അധികം. മാൾവവിഭാഗത്തിൻെറ തലസ്ഥാനമാണ് ഉജ്ജയനി (അവന്തി). ഈ നഗരം വിക്രമാദിത്യൻെറ തലസ്ഥാനമായിരുന്നു.

മഹാരാജരാവാണ് രാജ്യം ഭരിക്കുന്നത്.

VI. ബിക്കാനീർ.

ഇതു് ഒരു രാജപുത്രരാജ്യമാണ്. ഇതു രാജപുത്രസ്ഥാനത്തു കിടക്കുന്നു. വിസ്താരം 23,317 ച. നാഴിക. മഹാരാജാവാണ് രാജ്യം ഭരിക്കുന്നത്. അദ്ദേഹം അട്ട

ത്തകാലംവരെ രാജകുമാരസഭയുടെ ചാൻസിലറായിരുന്നു. ബിക്കാനീറാണ് തലസ്ഥാനം.

VII. ജയപൂർ.

ഇതും ഒരു രാജപുത്രരാജ്യമാണ്. 16,682 ച. നാഴിക വിസ്താരം കാണും. ജയപുരമാണ് രാജപുത്രസ്ഥാനത്തിലെ ഏററവും വലിയ പട്ടണം. അതു വളരെ മനോഹരമായ ഒരു പട്ടണവും ഒരു വ്യവസായകേന്ദ്രവുമാണ്.

VIII. ഭവൽപുരം.

ഇതു പഞ്ചാബിലെ ഏററവും വലിയ രാജ്യമാണ്. അതിനു 15,000 ച. നാഴിക വിസ്താരം കാണും. അവിടെ മലകളോ, നദികളോ ഇല്ല. വളരെ ഉഷ്ണമുള്ള പ്രദേശമാണ്. കൊല്ലത്തിൽ അഞ്ചംഗുലത്തിലധികം മഴയില്ല. നെല്ല്, ഗോതമ്പ്, അരിച്ചോളം എന്നിവ കൃഷിചെയ്യുവരുന്നു.

ഭവൽപുരമാണ് തലസ്ഥാനം. നവാബാണ് രാജ്യം ഭരിക്കുന്നത്.

IX. ബാസ്റ്റർ.

മദ്ധ്യസംസ്ഥാനങ്ങളിലെ ഒരു രാജ്യമാണ്. അതിന് 13,000 ച. നാഴിക വിസ്താരമുണ്ട്. ഇന്ദ്രാവതിയാണ് പ്രധാന നദി. നെല്ലാണ് പ്രധാന വിളവ്. ജനങ്ങൾ അപരിഷ്കൃതരായ ഗോണ്ടുകൾ ആകുന്നു. ജഗതൽപുരമാണ് ഇപ്പോഴത്തെ തലസ്ഥാനം.

മഹാരാജാവാണ് രാജ്യം ഭരിക്കുന്നത്.

X. റീവ.

ഇതും മദ്ധ്യേന്ത്യയിലാണ്. ഇതിനു 13,000

ച. നാഴിക വിസ്താരമുണ്ട്. ഉമേറിയ എന്ന സ്ഥലത്തു കസ്തൂരി കണ്ടുവരുന്നു. റീവയാണ് തലസ്ഥാനം. മഹാരാജാവാണ് രാജ്യം ഭരിക്കുന്നതു്.

XI. ഉദയപുരം.

ഉദയപുരത്തിന് 12,691 ച. നാഴിക വിസ്താരമുണ്ട്. സാമ്പാർതടാകമെന്നു പ്രസിദ്ധമായ തടാകം ഈ രാജ്യത്തിൻെറ പടിഞ്ഞാറുഭാഗത്താകുന്നു. രാജാവാണ് ഭരണകർത്താവു്.

XII. മണിപുരം.

ഇതു് ആസ്സാമിലാകുന്നു. 8,456 ച. നാഴിക വിസ്താരം കാണും. അതിലധികഭാഗവും താഴ്വരയാണ്. താഴ്വരക്കു 30 നാഴിക നീളവും, 20 നാഴിക വീതിയുമുണ്ട്. മണിപുരംതന്നെയാണ് പ്രധാന നദി. ഇവിടെ താറാവുകളും, വാത്തുകളും സുലഭമാണ്. നെല്ലു്, കാലികൾ എന്നിവയാണ് പ്രധാന കയററുമതികൾ.

ഇംഫാൽ ആണ് തലസ്ഥാനം.

രാജാവാണ് ഭരണകർത്താവു്.

XIII. ബറോഡ.

8,135 ച. നാഴിക വിസ്താരം കാണും. ഇതു ബോംബെ സംസ്ഥാനത്തിലെ കത്തിയവാറിലും, ഗുജറാത്തിലുമായി കിടക്കുന്നു. ചിന്നിചിതറികിടക്കുന്ന ഒരു രാജ്യമാകയാൽ കാലാവസ്ഥ എല്ലായിടത്തും ഒരുപോലെയല്ല. 20 ഇഞ്ചുമുതൽ 50 ഇഞ്ചുവരെ മഴപെയ്യും.

ബറോഡയാണു തലസ്ഥാനം. ഗേക്ക്വാർ എന്നാണ് മഹാരാജാവിനെ വിളിക്കുന്നതു്. ബറോഡ ഇന്ത്യയിലെ പരിഷ്കൃതരാജ്യങ്ങളിലൊന്നത്രേ.

XIV. കച്ച്.

ഇതിന്നേതാണ്ട് 8,000 ച. നാഴിക വിസ്താരമുണ്ട്. വളരെ ഫലവത്തായ പ്രദേശമല്ല. ഗോതമ്പ്, യവം, പരുത്തി എന്നിവ കൃഷിചെയ്യുന്നു. ജനങ്ങളിൽ ഹിന്തുക്കളും, ജൈനന്മാരും, കൃസ്ത്യാനികളുമുണ്ട്. ബൂജാണ് തലസ്ഥാനം.

XV. തിരുവിതാംകൂർ.

ഏതാണ്ട് 7,000 ച. നാഴിക വിസ്താരം കാണും. ഇന്ത്യയുടെ തെക്കെ അററത്തു കിടക്കുന്ന ഈ രാജ്യം വളരെ പരിഷ്കൃതമായ ഒന്നാണ്. നെല്ലാണ് പ്രധാന വിളവ്. 50 ലക്ഷം ജനങ്ങൾ വസിക്കുന്നു. അധികഭാഗവും ഹിന്തുക്കളാണ്. തിരുവനന്തപുരമാണ് തലസ്ഥാനം.

മഹാരാജാവാണ് രാജ്യം ഭരിക്കുന്നത്. തിരുവിതാംകൂറിലെ ഹരിജനക്ഷേത്രപ്രവേശനവിളംബരം ചരിത്രപ്രസിദ്ധമായ ഒന്നാണ്.

XVI. ബോപ്പാൽ.

ഇതു മദ്ധ്യേന്ത്യയിലാണ്. ഹൈദരബാദ് കഴിഞ്ഞാൽ പിന്നത്തെ വലിയ മുഹമ്മദീയരാജ്യമാണ്. ഏതാണ്ട് 7,000 ച. നാഴിക വിസ്താരമുണ്ട്. ഹിന്തുക്കളാണ് നൂററുക്കു 70 വീതം ജനങ്ങളും. കുറെ വനദേവതാരാധകന്മാരുമുണ്ട്. ശേഷമുള്ളവർ മുഹമ്മദീയരാണ്. ബോപ്പാലാണ് തലസ്ഥാനം. ഭരണകർത്താവു നവാബാകുന്നു.

XVII. കൊച്ചി.

വലുപ്പംകൊണ്ടു വളരെ പിന്നിലാണെങ്കിലും, പ്രാധാന്യംകൊണ്ടു വളരെ മുന്നണിയിൽ നില്ക്കുന്ന ഒരു രാ

ജ്യമാണ് കൊച്ചി. പ്രാധാന്യംകൊണ്ട് ഒന്നാമത്തെ രാജ്യംതന്നെയാണെന്നു പറയുന്നതായാൽ ആരും വിസമ്മതിക്കുകയില്ല. വിസ്താരം 1,417 ച. നാഴിക മാത്രമാണ്. ആകെ 12 ലക്ഷം ജനം നിവസിക്കുന്നു. ചതുരശ്രനാഴികൾക്കു ശരാശരി 814 ജനം നിവസിക്കുന്നുണ്ടെന്നു പറയാം. കടലോരത്ത് ജനത്തിരക്ക് ചതുരശ്രനാഴികക്ക് ഏതാണ്ട രണ്ടായിരംവരെ കാണും. കാടുകളെ നീക്കുന്നതായാൽ ച. നാഴികൾക്കു 1400 വീതം ജനമുണ്ടെന്നു പറയാം. ലോകത്തിലെ ഏററവുമധികം ജനത്തിരക്കുള്ള രാജ്യമാണ് കൊച്ചി.

കൊച്ചിയെസംബന്ധിച്ച താഴെ കാണുന്ന പട്ടികകൾ രസാവഹങ്ങളാണ്.

എ). ജനം.

രാജ്യം	ച. നാഴികൾക്കു ജനം.
1. തിരുവിതാംകൂർ	668.
2. മലബാർ	610.
3. മൈസൂർ	292.
4. ബറോഡ	299.
5. ഹൈദരബാദ്	175.
6. മദ്രാസ്	328.
7. ഇന്ത്യ	195.
8. കൊച്ചി	814.
9. ജപ്പാൻ	313.
10. ചൈന.	100.

ബി. വിദ്യാഭ്യാസം.

	രാജ്യം	1000-ൽ ജനം	1000-ൽ പുരുഷന്മാർ	1000-ൽ സ്ത്രീകൾ.
1.	കൊച്ചി	337	460	220
2.	തിരുവിതാംകൂർ.	289	408	168
3	മൈസൂർ	106	174	33
4.	ഹൈദരബാദ്	47	83	10
5.	മലബാർ	170	273	75
6.	തഞ്ചാവൂർ	161	289	35
7.	പുതുക്കോട്ട	127	244	21
8.	മദ്രാസ് പട്ടണം	349	487	194
9.	ബറോഡ	209	331	79
10.	ബർമ്മ	368	560	195

സി. ഇംഗ്ലീഷുവിദ്യാഭ്യാസം.

	രാജ്യം	1000-ൽ ജനം	1000-ൽ പുരുഷന്മാർ	1000-ൽ സ്ത്രീകൾ
1.	ദൽഹി	60	90	18
2.	കൊച്ചി	37	58	16
3.	തിരുവിതാംകൂർ	19	31	7
4.	മൈസൂർ	16	27	5
5.	ബറോഡ	15	28	2
6.	മലബാർ	17	30	5
7.	മദ്രാസ് പട്ടണം	163	256	70

ഡി. വരവ്.

	രാജ്യം	വിസ്താരം ച. നാഴിക	വരവു (കോടിയിൽ)	
1.	കൊച്ചി	1417	1	കോടി
2.	തിരുവിതാംകൂർ	7491	$2\frac{1}{2}$	,,
3.	മൈസൂർ	29,000	4	,,
4.	ഹൈദരബാദ്	82,000	8	,,
5	മദ്രാസ്	1,20,000	16	,,
6.	ഒറീസ്സ	34,000	$1\frac{3}{4}$	,,
7.	ബങ്കാളം	1,17,000	16	,,
8.	ഇന്ത്യ	15,00,000	202	,,

മേൽകാണിച്ച പട്ടികയിൽനിന്നു നിങ്ങൾക്കു മനസ്സിലാവുന്നതെന്തു്? 1417 ച. നാഴിക മാത്രം വിസ്താരമുള്ള കൊച്ചിയിൽ ഒരു കോടി രൂപാ വരവുണ്ടു്. അതിനേക്കാളേതാണ്ടു 5 ഇരട്ടി വലിയ തിരുവിതാംകൂറിൽ രണ്ടര കോടി രൂപാ മാത്രമേ വരവു ഉള്ളൂ. മററു രാജ്യങ്ങളുടെ കഥ പറയേണ്ടതില്ലല്ലൊ. ഇംഗ്ലീഷുവിദ്യാഭ്യാസത്തിൽ ദൽഹിനഗരവും മദ്രാസ് പട്ടണവും മാത്രമെ നമ്മുടെ രാജ്യത്തെ കവിഞ്ഞുനിൽക്കുന്നുള്ളൂ. സാധാരണ വിദ്യാഭ്യാസത്തിലാണെങ്കിൽ ബർമ്മ മാത്രമെ നമ്മുടെ രാജ്യത്തെ കവിഞ്ഞുനിൽക്കുന്നുള്ളൂ. ജനത്തിരക്കിൽ കൊച്ചിതന്നെയാണു മുമ്പിൽ നിൽക്കുന്നതെന്നു പ്രത്യക്ഷമാണല്ലൊ.

നാട്ടുരാജ്യങ്ങളിൽ കൊച്ചിയാണു പ്രഥമസ്ഥാനമർഹിക്കുന്നതെന്നു പറവാൻ മറെറാരു കാരണവുമുണ്ടു്.

അതു 1113 മിഥുനം മൂന്നാംതീയതിയുണ്ടായ നമ്മുടെ മഹാരാജാവിൻെറ ഭരണപരിഷ്ക്കാരപ്രഖ്യാപനമാണ്. നിയമസഭാംഗങ്ങളെ പൊതുജനങ്ങളാണല്ലോ തിരഞ്ഞെടുക്കുന്നതു്. അങ്ങിനെ ജനങ്ങൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികളിൽ ഭൂരിപക്ഷം കിട്ടുന്ന നായകനെ മന്ത്രിയായി മഹാരാജാവു തിരുമനസ്സുകൊണ്ടു നിയമിച്ചിരിക്കുന്നു. ആയുർവ്വേദം, പരസ്പരസഹായം, കൃഷി, പൊതുജനാരോഗ്യം, കുടിൽവ്യവസായം, ഹരിജനോദ്ധാരണം മുതലായ വകുപ്പുകളിലെ ഭരണം നടത്തുന്നതു മന്ത്രിയാണ്. നിയമസഭാംഗങ്ങളിൽ ഭൂരിപക്ഷമുള്ളേടത്തോളം മാത്രമേ അദ്ദേഹം മന്ത്രിയായിരിക്കയുള്ളു. ഇതിനാണ് ആധുനികരാഷ്ട്രീയചിന്തകന്മാർ ഉത്തരവാദിത്വഭരണമെന്നു പറയുന്നതു്. ഇങ്ങനെയുള്ള ഉത്തരവാദിത്വഭരണം ഇന്ത്യയിൽ മറെറാരു രാജ്യത്തും നടപ്പിൽ വന്നിട്ടില്ല. നമ്മുടെ ജന്മഭൂമിയായ കൊച്ചി അഭിവൃദ്ധിപ്പെടട്ടെ എന്നു നമുക്കു ജഗദീശ്വരനോടു പ്രാർത്ഥിക്കുക.

നാട്ടുരാജ്യങ്ങളുടെ ആകെ വിസ്താരം 6,25,000 ച. നാഴികയാണ്. അവിടെ ഏതാണ്ടു 8 കോടി ജനം നിവസിക്കുന്നു.

ഇവയിൽ നന്നെ കുറച്ചു രാജ്യങ്ങൾക്കുമാത്രമേ ഇന്ത്യാഗവർമ്മേണ്ടുമായി നേരിട്ടു ബന്ധമുള്ളു. അങ്ങിനെ നേരിട്ടു ബന്ധമുള്ള രാജ്യങ്ങൾ ഹൈദരബാദ്, കാശ്മീർ, മൈസൂർ മുതലായ രാജ്യങ്ങൾതന്നെ. തിരുവിതാംകൂറും കൊച്ചിയും ഇന്ത്യാഗവർമ്മേണ്ടിൻെറ ഏജണ്ടിൻെറ കീഴിലാണ്. മററു രാജ്യങ്ങൾ അതാതു സംസ്ഥാനങ്ങളിലെ ഭരണവ്യവസ്ഥകളുമായി ബന്ധപ്പെട്ടിരിക്കുന്നു.

അദ്ധ്യായം 11.

സ്വതന്ത്രരാജ്യങ്ങൾ.

നേപ്പാളും, ബൂട്ടാണും.

I. നേപ്പാൾ.

ഇതു ഹിമാലയത്തിൻെറ തെക്കെ ചെരിവിൽ സ്ഥിതിചെയ്യുന്നു. ഇതു് ഐക്യസംസ്ഥാനത്തിൻേറയും, ബിഹാറിൻേറയും വടക്കുഭാഗത്തു കിടക്കുന്നു. ഏതാണ്ടു് 54,000 ച. നാഴിക വിസ്താരം കാണും.

ഇവിടെ മലകൾ സുലഭമാണു്. അവക്കിടയിലുള്ള താഴ്വരകളിൽ ജലം സമൃദ്ധിയായുണ്ടു്. അതുകൊണ്ടു് അവിടെ കൃഷി നടന്നുവരുന്നു. ഏതാണ്ടു 60" മഴ പെയ്യും. നെല്ലാണു് പ്രധാനവിള. ഗോതമ്പു്, യവം, ഓട്സ് എന്നിവയും കൃഷിചെയ്തുവരുന്നു. സ്ത്രീകൾ പരുത്തി നൂലുകൾ നൂല്ക്കുന്നു.

ജനങ്ങൾ മങ്കോളിയരും, രാജപുത്രരും ചേൎന്ന ഒരു മിശ്രവൎഗ്ഗക്കാരാണു്. അധികഭാഗവും ഹിന്തുക്കളാകുന്നു. ശേഷിച്ചവർ ബുദ്ധമതക്കാരാണു്.

ഭരണകൎത്താവു് മഹാരാജാധിരാജൻതന്നെ. പ്രധാനമന്ത്രിക്കും മഹാരാജാവെന്ന സ്ഥാനപ്പേരുണ്ടു്.

കറവു്മണ്ടുവാണു് തലസ്ഥാനം. മറെറാരു പട്ടണമാണു് "പററൻ." ബുദ്ധൻെറ ജനനസ്ഥലമായ കപിലവസ്തു നേപ്പാളിലാണു്.

II. ബൂട്ടാൺ.

ഈ രാജ്യത്തിൻെറ വടക്കും കിഴക്കും തിബത്തും; തെക്ക് ആസ്സാം, ബങ്കാൾ എന്നിവയും; പടിഞ്ഞാറ് സിക്കിം എന്ന രാജ്യവും കിടക്കുന്നു. വിസ്താരം ഇരുപതിനായിരം ച. നാഴിക.

കുന്നുകൾ നിറഞ്ഞിരിക്കുന്ന പ്രദേശമാണ് ഇതു്. കാടുകളിൽ ആനകൾ സുലഭമാണ്. വഴിയാത്രക്കാൎക്കു ഒരുപദ്രവവുംകൂടിയാണാനകൾ. മണിച്ചോളമാണ് പ്രധാന വിളവ്. ഗോതമ്പ്, കടുക് എന്നിവയും കൃഷി ചെയ്തുവരുന്നു. പട്ടും ഉണ്ടാക്കിവരുന്നുണ്ടു്. ജനങ്ങൾ മങ്കോളിയൻവൎഗ്ഗക്കാരാണ്. അവർ ബുദ്ധമതക്കാരാണ്.

താസി, സൂഡോൺ, പുനാക എന്നിവയാണു പ്രധാനപട്ടണങ്ങൾ. രാജാവാണ് രാജ്യം ഭരിക്കുന്നതു്.

അദ്ധ്യായം 12.

വിദേശീയസ്ഥലങ്ങൾ.

പരന്ത്രീസുകാൎക്കും, പോൎത്തുഗീസുകാൎക്കും കൂടി ഇന്ത്യയിൽ സ്ഥലങ്ങളുണ്ടു്.

പരന്ത്രീസുകാരുടെ സ്ഥലത്തിന്നു ആകെ ഇരുനൂറു ചതുരശ്രനാഴിക വിസ്താരം കാണും. ചോഴമണ്ഡലക്കരയിലുള്ള പുതുശ്ശേരി, കാരിക്കൽ; ഗോദാവരിയുടെ മുഖത്തുള്ള യാനാം; ഹൂഗ്ലിയിന്മേലുള്ള ചന്ദ്രനഗരം; മലബാർ തീരത്തുള്ള മാഹി എന്നിവയാണ് പരന്ത്രീസുകാരുടെ സ്ഥലങ്ങൾ.

പോൎത്തുഗീസുകാരുടെ സ്ഥലങ്ങൾ ഗോവ, അഞ്ചുദ്വീപ്, ഡാമൻ, ഡ്യൂ എന്നിവയാകുന്നു. ഗോവക്കും മററും കൂടി പതിനെട്ടു ചതുരശ്രനാഴികയേ വിസ്താരമുള്ളു. ഡാമൻ എന്ന ദ്വീപു ബോംബെയിൽനിന്നു നൂറുനാഴിക വടക്കാണ്. അഞ്ചുദ്വീപെന്നതു് ഗോവയുടെ കീഴിലുള്ള പ്രദേശമാണ്. ഡ്യൂ കത്തിയവാറിൻെറ തെക്കെ അററത്താണ്. ഗോവയുടെ തലസ്ഥാനമാണ് പഞ്ചിം.

അദ്ധ്യായം 13.

ഗവൎമ്മേണ്ടു്.

ഇന്ത്യയിലെ ഗവൎമ്മേണ്ടിനെ ഹോംഗവൎമ്മേണ്ടെന്നും; ഇന്ത്യാഗവൎമ്മേണ്ടെന്നും രണ്ടായി തിരിക്കാം.

ഹോംഗവൎമ്മേണ്ടിൽ ചക്രവൎത്തിയും, ഇന്ത്യാസിക്രട്ടറിയുമടങ്ങിയിരിക്കുന്നു. ചക്രവൎത്തിക്കു ചില പ്രത്യേക അധികാരങ്ങൾ ഉണ്ടു്. അവ നോക്കുക:

1) ഇന്ത്യാസിക്രട്ടറിയേയും, അദ്ദേഹത്തിൻെറ ഉപദേഷ്ടാക്കന്മാരേയും നിയമിക്കുകയും, പിരിക്കുകയും ചെയ്യുന്നതു ചക്രവൎത്തിയുടെ അനുമതിയോടുകൂടിയാണ്.

2) സിക്രട്ടറിയുടെ സഭയിലെ കണക്കു പരിശോധിപ്പാനുള്ള ആളെ നിയമിക്കുന്നതു ചക്രവൎത്തിയാകുന്നു.

3) ഇന്ത്യയിലെ ഗവൎണ്ണർജനറാൾ, അദ്ദേഹത്തിൻെറ കാൎയ്യനിൎവ്വഹണസഭയിലെ അംഗങ്ങൾ, ഗവൎണ്ണർമാർ എന്നിവരെ നിയമിക്കുന്നതു ചക്രവൎത്തിയാണ്.

4) ഗവൎണ്ണർജനറാൾ സർട്ടിഫൈ ചെയ്യുന്ന ഒരു

നിയമം നടപ്പിൽ വരേണമെങ്കിൽ ചക്രവൎത്തി സമ്മതിക്കണം.

5) പ്രാദേശികഗവൎമ്മെണ്ടുകൾ പാസ്സാക്കുന്ന ആക്ടുകളെ തള്ളിക്കളവാൻ ചക്രവൎത്തിക്കധികാരമുണ്ടു്.

6) ഹൈക്കോടതികളിലെ സ്ഥിരമായ ന്യായാധിപന്മാരെ നിയമനം ചെയ്യുന്നതും ചക്രവൎത്തിയാണു്.

7) പുതുതായി ഹൈക്കോടതി സ്ഥാപിപ്പാനും, നിൎവ്വഹണസഭ സ്ഥാപിപ്പാനും ചക്രവൎത്തിയുടെ അനുവാദം വേണം.

8) ഹൈക്കോടതികളുടെ വ്യാപാരവൃത്തങ്ങളെ മാററംവരുത്തുവാൻ ചക്രവൎത്തിക്കധികാരമുണ്ടു്.

1935-ലെ ഇന്ത്യാഗവൎമ്മേണ്ടാക്ടുപ്രകാരം ഇന്ത്യാസിക്രട്ടറിയുടെ സഭ നാമാവശേഷമായിരിക്കുന്നു. ഇന്ത്യാസിക്രട്ടറി ബ്രിട്ടീഷു കാബിനററിലെ ഒരംഗമാണു്. അദ്ദേഹത്തെ സഹായിപ്പാൻ കുറെ ഉപദേഷ്ടാക്കളുണ്ടു്. അവർ പ്രത്യേക ചുമതലയുള്ളവരാകുന്നു. അവരുടെ എണ്ണം മൂന്നിൽ കുറയുവാനോ ആറിൽ കവിയുവാനോ പാടില്ല. അവരിൽ പകുതി ആളുകൾ ഇന്ത്യയിൽ പത്തുകൊല്ലം പണിയെടുത്തിട്ടുണ്ടായിരിക്കണം. ഉദ്യോഗത്തിൽനിന്നു പിരിഞ്ഞു രണ്ടുകൊല്ലത്തിനകം അവർ നിയമിതരാവുകയും വേണം. ഓരോ അംഗത്തിനും, ഓരോ കൊല്ലത്തിൽ 1350 പവൻ ശമ്പളം കിട്ടും. ഇന്ത്യയിൽ താമസിക്കുന്ന ഒരംഗത്തിനു 600 പവൻ കൂടുതൽ അലവൻസു കിട്ടും. സിക്രട്ടറി ഇവരുടെ ഉപദേശം വ്യക്തിപരമായൊ, സംഘമായൊ ചോദിക്കുന്നു. ഇവരോടു് ഉപദേശം

ചോദിച്ചില്ലെങ്കിലും വിരോധമില്ല. അംഗങ്ങൾ പാർളിമെണ്ടിലെ അംഗങ്ങളാവാൻ പാടില്ല.

ഇന്ത്യാസിക്രട്ടറിക്കും അദ്ദേഹത്തിൻെറ ഉപദേഷ്ടാക്കന്മാൎക്കും ശമ്പളം ഇംഗ്ലണ്ടിലെ വരവിൽനിന്നാണു കൊടുക്കുന്നതു്.

1919_ലെ ആക്കടപ്രകാരമാണ് ഹൈകമ്മീഷണർ എന്ന ഉദ്യോഗം നിൎമ്മിതമായതു്. ആ ഉദ്യോഗസ്ഥൻ ഇംഗ്ലണ്ടിൽ ഇന്ത്യയിലെ സാമ്രാജ്യഗവൎമ്മേണ്ടിൻേറയും സംസ്ഥാനഗവൎമ്മേണ്ടുകളുടേയും ഏജണ്ടാണ്. അദ്ദേഹത്തിനു ശമ്പളം ഇന്ത്യയിൽനിന്നാണ്. അദ്ദേഹം ഇന്ത്യാഗവൎമ്മേണ്ടിൻെറ കീഴിലുമാണ്. ഇംഗ്ലണ്ടിലുള്ള ഭാരതീയവിദ്യാൎത്ഥികളുടെ യോഗക്ഷേമം അന്വേഷിക്കുക; അന്തർരാഷ്ട്രീയസമ്മേളനങ്ങളിൽ ഇന്ത്യയെ പ്രതിനിധീകരിക്കുക; വാണിജ്യസംബന്ധമായ അറിവു ശേഖരിക്കുക എന്നിവയാണ് അദ്ദേഹത്തിൻെറ ചുമതലകൾ. അദ്ദേഹം ഗവൎണ്ണർജനറലുടെ വ്യക്തിപരമായ അധികാരത്തിനു വിധേയനാണ്.

ഇനി പറയേണ്ടതു ഇന്ത്യാഗവൎമ്മേണ്ടിനെപ്പററിയാണ്. 1935_ലെ നിയമപ്രകാരമുള്ള ഇന്ത്യാഗവർമ്മേണ്ടിനു ഫെഡറൽ ഗവർമ്മേണ്ടെന്നു പേർ. ആ ഗവർമ്മേണ്ടിൽ ബ്രിട്ടീഷിന്ത്യയിലെ പ്രതിനിധികളും നാട്ടുരാജ്യങ്ങളിലെ പ്രതിനിധികളുമുണ്ടായിരിക്കും.

ഫെഡറൽ എക്സിക്യൂട്ടീവ് — ചക്രവൎത്തിയുടെ ഭരണാധികാരം ഗവൎണ്ണർജനറലിൽ സമൎപ്പിതമായിരിക്കുന്നു. അദ്ദേഹത്തെ സഹായിപ്പാൻ ഒരു മന്ത്രിസഭയുണ്ടു്. മന്ത്രിമാരുടെ എണ്ണം 10_ൽ കവിയാൻ പാടില്ല. മന്ത്രിമാരെ

നിയമസഭയിൽനിന്നു ഗവണർജനറൽ തിരഞ്ഞെടുക്കുന്നു. അവരെ പിരിപ്പാൻ അദ്ദേഹത്തിനു അധികാരമുണ്ട്. നിയമസഭയുടെ തീരുമാനംവരെ അവരുടെ ശമ്പളത്തെ തിട്ടപ്പെടുത്തുന്നതു ഗവണ്ണർജനറലാണ്. മന്ത്രിമാരുടെ ഉപദേശത്തെപ്പറ്റി യാതൊരു കോടതിയും ചോദ്യംചെയ്യാൻ പാടില്ലാത്തതാണ്. ഇതു് എക്സിക്യൂട്ടിവിൻെറ ഒന്നാമത്തെ വിഭാഗമാണ്.

ഗവണ്ണർജനറാല്ക്കു വ്യക്തിപരമായ അധികാരങ്ങളുണ്ടു്. ആ കാര്യങ്ങളിൽ മന്ത്രിമാരുടെ ഉപദേശം അദ്ദേഹം വകവെയ്ക്കേണമെന്നില്ല. അവ നോക്കുക:

(1) ഇന്ത്യയിലെ സമാധാനലംഘനം വരുത്താതെ നോക്കുക.

(2) ധനപരമായ കുഴപ്പം വരുത്താതിരിക്കുക.

(3) ന്യൂനപക്ഷക്കാരുടെ അവകാശങ്ങളെ സംരക്ഷിക്കുക.

(4) ഉദ്യോഗസ്ഥന്മാരുടെ അവകാശങ്ങളെ വകവെച്ചുകൊടുക്കുക.

(5) വാണിജ്യപരമായി നഷ്ടംവരുത്താതിരിക്കുക.

(6) യുണൈററഡ് കിംങ്ഡത്തിലേയൊ, ബമ്മയിലേയൊ സാമാനങ്ങളിന്മേൽ അനാവശ്യചുങ്കം ചുമത്താതെ നോക്കുക.

(7) നാട്ടുരാജാക്കന്മാരേയും നാട്ടുരാജ്യങ്ങളേയും രക്ഷിക്കുക.

(8) ഗവണ്ണർജനറലുടെ വ്യക്തിപരമായ പരിശോധനത്തിനു പാത്രമായ വകുപ്പുകളുടെ മേൽനോട്ടം. ഇതു രണ്ടാമത്തെ വിഭാഗമാണു.

ഗവണ്ണർജനറൽ നേരിട്ടു ഭരിക്കുന്ന വകുപ്പുകളുണ്ടു്. അവ താഴെ കാണുന്നവയാണ്.

രാജ്യരക്ഷ, വിദേശീയരാജ്യബന്ധം, മതം, ട്രൈബൽ സ്ഥലങ്ങളുടെ ഭരണം ഈ സംഗതികളെപ്പററി ഗവണ്ണർജനറൽ പാർലിമേണ്ടിനോട് മാത്രമേ സമാധാനം പറയേണ്ടതുള്ളു. ഇവയിൽ അദ്ദേഹത്തെ സഹായിപ്പാൻ 3 ഉപദേഷ്ടാക്കളുണ്ട്. അവരെ തിരഞ്ഞെടുക്കുന്നതു് അദ്ദേഹംതന്നെയാണു്. അവരുടെ ശമ്പളം ചക്രവർത്തിയാണ് നിശ്ചയിക്കുന്നതു്. അവർ നിയമനിർമ്മാണസഭകളിലെ അംഗങ്ങളാണു്; പക്ഷേ, അവൎക്ക വോട്ടവകാശമില്ല.

ഗവണ്ണർജനറൽ ഒരു അഡ്വൊക്കേററുജനറാലേയും, ഒരു ധനകാൎയ്യോപദേഷ്ടാവിനേയും നിയമിക്കുന്നു.

ഫെഡറൽ എക്സിക്യൂട്ടീവിൽ (കേന്ദ്രഗവർമ്മേണ്ടിന്റെ കാൎയ്യനിൎവ്വഹണസഭയിൽ) ദ്വയഭരണവ്യവസ്ഥയാണുള്ളതു്.

കേന്ദ്രനിയമനിർമ്മാണസഭ.

ചക്രവർത്തിയുടെ പ്രതിനിധിയായ ഗവണ്ണർജനറാലും രണ്ടു സഭകളും കൂടിയതാണ് കേന്ദ്രനിയമനിർമ്മാണസഭ. സഭകൾക്കു കൌൺസിൽ ഓഫ് സ്റ്റേററെന്നും ഫെഡറൽ അസംബ്ലിയെന്നും പേർ.

കൌൺസിൽ ഓഫ് സ്റ്റേററു ഒരു സ്ഥിരസഭയാണു്. സാധാരണയായി അതിന്റെ കാലാവധി 9 കൊല്ലമാണു്. മൂന്നിലൊരുഭാഗം അംഗങ്ങൾ മൂന്നുകൊല്ലം കഴിയുമ്പോൾ ഒഴിഞ്ഞുപോകുന്നു. അസംബ്ളിയുടെ കാലാവധി 5 കൊല്ലമാണു്. അതിനുമുമ്പുതന്നെ ആ സഭ പിരിഞ്ഞുപോയേക്കാം. രണ്ടു സഭകളും കൊല്ലംതോറും സമ്മേളിക്കുന്നു. രണ്ടു സഭകളേയും വിളിച്ചുകൂട്ടു

വാനും സമ്മേളനം നടത്തുവാനും ഗവണ്ണർജനറല്ലു അധികാരമുണ്ട്. ഓരോ സഭയും അതിൻെറ നാഥനേയും ഉപനാഥനേയും തിരഞ്ഞെടുക്കുന്നു. നാഥന്മാക്കു കാസ്റ്റിംഗ് വോട്ടുമാത്രമേയുള്ളു. ആറിലൊന്നു അംഗങ്ങൾ ചേന്നാൽ കോറമായി. മന്ത്രിമാക്കും, ഉപദേഷ്ടാക്കന്മാക്കും, അഡ്വൊക്കേററു ജനറാലിന്നും ഏതു സഭയിലും സംസാരിക്കാം. എന്നാൽ തിരഞ്ഞെടുക്കപ്പെട്ടവരൊ നോമിനേററ് ചെയ്യപ്പെട്ടവരൊ ആയിരുന്നാൽ മാത്രമേ അവക്കു വോട്ടുചെയ്വാൻ അധികാരമുള്ളു.

കൌൺസിൽ ഓഫ് സ്റ്റേററ്— ഇതിൽ ഇരുനൂററുപതംഗങ്ങളുണ്ട്. അവരിൽ 156 അംഗങ്ങൾ ബ്രിട്ടീഷ് ഇന്ത്യയിലെ അംഗങ്ങളും, 104 വരെ നാട്ടുരാജ്യങ്ങളിലെ അംഗങ്ങളുമാണു്. നാട്ടുരാജ്യങ്ങളിലെ അംഗങ്ങളെ നിശ്ചയിക്കുന്നതു് അവിടത്തെ രാജാക്കന്മരാകുന്നു. ആ അംഗങ്ങൾ ഇത്രയെന്നു ക്ലിപ്തപ്പെടുത്തുവാൻ ഇപ്പോൾ തരമില്ല. ഏതെല്ലാം രാജ്യങ്ങളാണ് സംയുക്തഗവർമ്മേണ്ടി (Federation) ൽ ചേരുന്നതെന്നു കണ്ടിട്ടു വേണം അതു ക്ലിപ്തപ്പെടുത്തുവാൻ.

ബ്രി. ഇന്ത്യയിലെ അംഗങ്ങളെ പൊതുജനങ്ങൾ തിരഞ്ഞെടുക്കുമെന്നാണ് നിശ്ചയം. പക്ഷെ അവരിൽ ആറുപേരെ ഗവർമ്മേണ്ടു നോമിനേററു ചെയ്യുന്നതായിരിക്കും. അവർ സ്ത്രീകൾ, ന്യൂനപക്ഷക്കാർ, പട്ടികവർഗ്ഗക്കാർ (Scheduled classes) എന്നിവരെ പ്രതിനിധീകരിക്കുവാനായിരിക്കും. മദ്രാസ്, ബങ്കാൾ, ഐക്യപ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഓരോന്നിൽനിന്നും ഇരുപതുവീതം അംഗങ്ങളേയും; ബോംബെ, പഞ്ചാബ്, ബീ

ഹാർ എന്നിവിടങ്ങളിൽ ഓരോന്നിൽനിന്നും 16 വീതം അംഗങ്ങളേയും; മദ്ധ്യസംസ്ഥാനത്തുനിന്നു 8 അംഗങ്ങളേയും; ഗവണ്ണർമാർ ഭരിക്കുന്ന മററു സംസ്ഥാനങ്ങളിൽ ഓരോന്നിൽനിന്നു 5 വീതം അംഗങ്ങളേയും; ദൽഹി, ആജ്മീർ, കൂർഗ്ഗ്, ബലൂചിസ്ഥാൻ എന്നിവിടങ്ങളിൽ ഓരോന്നിൽനിന്നും ഓരോ അംഗത്തേയും തിരഞ്ഞെടുക്കാവുന്നതാണ്. ഹൈദരബാദിൽനിന്നു അഞ്ചും; മൈസൂർ, കാശ്മീർ, ഗ്വാളിയോർ, ബറോഡ എന്നിവിടങ്ങളിലോരോന്നിൽനിന്നു മുമ്മൂന്നംഗങ്ങളേയുമയക്കാവുന്നതാണ്. കൌൺസിൽ ഓഫ് സ്റ്റേററിൽ നാട്ടരാജാക്കന്മാക്ക 40 ശതമാനം പ്രാതിനിദ്ധ്യം ഉണ്ടെന്നു വിശദമായല്ലൊ.

ഫെഡറൽ അസംബ്ലി— ആകെ 375 അംഗങ്ങൾ ഉണ്ടായിരിക്കും. അവരിൽ 250 അംഗങ്ങൾ ബ്രി. ഇന്ത്യയിലെ പ്രതിനിധികളും, ശേഷമുള്ളവർ നാട്ടരാജ്യങ്ങളിലെ പ്രതിനിധികളുമായിരിക്കും. ഈ സഭയിൽ നാട്ടരാജാക്കന്മാക്ക മൂന്നിലൊന്നു് പ്രാതിനിദ്ധ്യമുണ്ടെന്നു ധരിക്കുക. ഈ സഭയിലെ അംഗങ്ങൾക്കു താഴെ കാണുന്ന പട്ടിക നോക്കുക.

	സംസ്ഥാനം.	അംഗങ്ങൾ.
1.	മദ്രാസ്	37.
2.	ബങ്കാൾ	37.
3.	ഐക്യസംസ്ഥാനം	37.
4.	ബോംബെ	30.
5.	പഞ്ചാബ്	30.

6.	ബീഹാർ	30.
7.	മദ്ധ്യസംസ്ഥാനം	30.
8.	ആസ്സാം	10.
9.	വ. പ. സംസ്ഥാനം	5.
10.	ഒറീസ്സ	5.
11.	സിൻഡ്	5.
12.	ഡൽഹി	2.
13.	ബലൂചിസ്ഥാൻ	1.
14.	ആജ്മീർ	1.
15.	കൂർഗ്ഗ്	1.
16.	സംസ്ഥാനങ്ങളിൽനിന്നല്ലാത്തവർ	4.

സംസ്ഥാനങ്ങളിൽനിന്നല്ലാത്ത പ്രതിനിധികളെ വാണിജ്യഫെഡറേറഡ് സംഘം, വാണിജ്യസംയുക്ത സംഘം, ഉത്തരേന്ത്യയിലെ വാണിജ്യസംഘങ്ങൾ, തൊഴിൽസംഘങ്ങളെന്നിവ തിരഞ്ഞെടുക്കുന്നതായിരിക്കും.

നാട്ടുരാജ്യങ്ങളിലെ പ്രതിനിധികളുടെ എണ്ണം നിശ്ചയിപ്പാൻ പലേ സംഗതികളുമുണ്ട്. അവയിലൊന്ന് ജനസംഖ്യയാകുന്നു. ഏതാണ്ടു ഒരു കോടി അമ്പതു ലക്ഷം ജനങ്ങളുള്ള ഹൈദരബാദിനു 16 പ്രതിനിധികളേയും, 65 ലക്ഷം ജനങ്ങളുള്ള മൈസൂരിനു ഏഴു പ്രതിനിധികളേയുമയക്കാം.

ഏതെങ്കിലുമൊരു സഭയിലെ അംഗമായിരിക്കേണമെങ്കിൽ ഒരാൾ ബ്രി. ഇന്ത്യയിലെ ഒരു പ്രജയോ, അല്ലെങ്കിൽ സംയുക്തഗവമ്മേണ്ടിൽ ചേന്നിട്ടുള്ള ഏതെങ്കിലുമൊരു നാട്ടുരാജ്യത്തിലെ പ്രജയോ ആയിരിക്കണം.

കൌൺസിലിലെ അംഗമായിരിക്കണമെങ്കിൽ അയാൾക്കു 30 വയസ്സും, അസംബ്ളിയിലെ അംഗമായിരിക്കണമെങ്കിൽ 25 വയസ്സും പ്രായമായിരിക്കണം.

രണ്ടു സഭകളും പാസ്സാക്കുകയും, ഗവൎണ്ണർജനറാൾ സമ്മതിക്കുകയും ചെയ്താൽ മാത്രമേ ഒരു ബിൽ നിയമമാവുകയുള്ളു.

രണ്ടു സഭകളുടേയും ഒരു സംയുക്തസമ്മേളനം വിളിച്ചുകൂട്ടുവാൻ ഗവൎണ്ണർജനറാളിന്നധികാരമുണ്ടു്. അപ്പോൾ കൌൺസിലിലെ (ഉപരിസഭയിലെ) നാഥനായിരിക്കും ആദ്ധ്യക്ഷം വഹിക്കുന്നതു്.

അംഗങ്ങൾക്കു ചോദ്യങ്ങൾ ചോദിപ്പാനും, ഉപചോദ്യങ്ങൾ ചോദിപ്പാനും, പ്രമേയങ്ങൾ കൊണ്ടുവരുവാനും, സമ്മേളനം നീട്ടിവെക്കുവാനാവശ്യപ്പെടുവാനുമധികാരമുണ്ടു്.

നിയമസഭകൾക്കു ചിലവിൻെറ നാലിലൊന്നിനെപററി മാത്രമേ അധികാരമുള്ളുവെന്നു ധരിക്കുക. നികുതി പുതുതായി പിരിക്കുവാനുള്ളതോ, കൂട്ടുവാനുള്ളതോ ആയ ഒരു ബിൽ കൊണ്ടുവരുവാൻ ഗവൎണ്ണർജനറാൾക്കുമാത്രമേ അധികാരമുള്ളു. അതു ഉപരിസഭയിൽ കൊണ്ടുവരുവാൻ പാടില്ല. ചിലവുവരുന്ന ഒരു ബിൽ പാസ്സാക്കേണമെങ്കിൽ ഗവൎണ്ണർജനറാളുടെ ശുപാൎശ വേണം.

സാധാരണമായി ഗവൎണ്ണൎക്കു് "ഓർഡിനൻസു്" എന്നു പറയപ്പെടുന്ന അടിയന്തിരകല്പനകൾ പുറപ്പെടുവിക്കുവാനധികാരമുണ്ടു്. സാമാന്യമായി അവ ആറുമാസക്കാലത്തേക്കു മാത്രമേ നിലനില്ക്കുകയുള്ളു.

ഗവൎണ്ണർജനറാളുടെ വ്യക്തിപരമായ വിവേചനക്കു

വിഷയമായ സംഗതികളിൽ അദ്ദേഹത്തിൻെറ അടിയന്തിരകല്പനകൾ സാധാരണയായി ആറുമാസകാലത്തേക്കു നില്ക്കുന്നതും, വേണമെങ്കിൽ അവയെ ആറുമാസകാലത്തേക്കുകൂടി നീട്ടാവുന്നതുമാണ്. അങ്ങിനെ അവധി നീട്ടിയ ഒരടിയന്തിരകല്പനയെ പാർളിമെണ്ടിൻെറ മുമ്പാകെ സമപ്പിക്കേണ്ടതാണ്.

സ്ഥിരമായ നിയമനിർമ്മാണത്തിന്നും ഗവർണ്ണർ ജനറാൾക്ക് അധികാരമുണ്ട്. അദ്ദേഹത്തിന് ഇന്ത്യാഗവർമ്മെണ്ട് ആക്ട് മാററുവാനുംകൂടി അധികാരമുണ്ടെന്നു ധരിക്കുക.

ഇനി നാം വിസ്തരിക്കേണ്ടതു പ്രാദേശികഗവർമ്മേണ്ടുകളെ ആകുന്നു.

<u>പ്രാദേശികകാൎയ്യനിൎവ്വഹണസഭ</u>— ഗവർണ്ണരെ നിയമനം ചെയ്യുന്നതു ചക്രവത്തി ആകുന്നു. സംസ്ഥാനത്തിൻെറ സാമ്പത്തികസ്ഥിതിക്ക് അദ്ദേഹത്തിന്നു വ്യക്തിപരമായ ചുമതലയൊന്നുമില്ല. സംസ്ഥാനത്തിൽ നിയമനിർമ്മാണസഭകൾക്ക് ഏതെല്ലാം സംഗതികളെക്കുറിച്ചു നിയമനിർമ്മാണം ചെയ്യാമോ, ആവക സംഗതികളിലെല്ലാം കാൎയ്യനിൎവ്വഹണത്തിന്നു സംസ്ഥാനനിൎവ്വഹണസഭക്കധികാരമുണ്ട്.

ഗവർണ്ണരെ സഹായിപ്പാൻ ഒരു മന്ത്രിസഭയുണ്ട്. മന്ത്രിമാർ അദ്ദേഹത്തെ ഉപദേശിക്കുന്നു. ചില സംഗതികൾ ഗവർണ്ണരുടെ വ്യക്തിപരമായ വിവേചനത്തിന്നു വിട്ടുകൊടുത്തിരിക്കുന്നു. വേണമെന്നുതോന്നിയാൽ ഗവർണ്ണർക്കു മന്ത്രിമാരുടെ സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കാം. ഒരു പ്രത്യേകസംഗതി ഗവർണ്ണരുടെ പ്രത്യേകവി

വേചനത്തിന്നധീനപ്പെട്ടതാണോ എന്നു തീരുമാനിപ്പാനുള്ളധികാരമദ്ദേഹത്തിന്നാകുന്നു. മന്ത്രിമാർ നിയമനിർമ്മാണസഭകളിലെ അംഗങ്ങളാണ്. അവരെ നിയമിക്കുകയും പിരിക്കുകയും ചെയ്യുവാൻ ഗവർണ്ണർക്ക് അധികാരമുണ്ട്. നിയമസഭകളിൽ ഭൂരിപക്ഷമുള്ള കക്ഷിയുടെ നായകന്റെ ഉപദേശത്തോടെയാണ് ഗവർണ്ണർ മന്ത്രിമാരെ നിശ്ചയിക്കുന്നത്. പ്രധാന ന്യൂനപക്ഷങ്ങളിലെ അംഗങ്ങൾകൂടി മന്ത്രിമാരിലുൾപ്പെട്ടിരിക്കണമെന്നു വ്യവസ്ഥയുണ്ട്.

താഴെകാണുന്ന സംഗതികളിൽ ഗവർണ്ണർക്ക് പ്രത്യേകചുമതലകളുണ്ട്.

1) സംസ്ഥാനത്തിലെ സമാധാനഭംഗം.

2) ന്യൂനപക്ഷക്കാരുടെ ന്യായമായ അവകാശം.

3) സർക്കാർ ഉദ്യോഗസ്ഥന്മാരുടെ അവകാശസംരക്ഷണം.

4) നിർവ്വാഹകസംഗതിയിൽ പക്ഷഭേദം കാണിക്കാതിരിക്കൽ.

5) അപരിഷ്കൃതങ്ങളായ പ്രദേശങ്ങളിലെ ഭരണം.

6) നാട്ടുരാജ്യങ്ങളിലേയും, അവയുടെ രാജാക്കന്മാരുടേയും അവകാശസംരക്ഷണം.

7) തന്റെ വ്യക്തിപരമായ ചുമതലയിൽ ഗവർണ്ണർജനറാളയക്കുന്ന കല്പനകളെ നടത്തൽ.

ഗവർണ്ണർക്ക് ഇന്ത്യാസിക്രട്ടറിയുമായി എഴുത്തുകുത്തുകൾ നടത്താം. അദ്ദേഹത്തിനു നിയമസംബന്ധമായ കാര്യങ്ങളിൽ പ്രത്യേകമായ അധികാരമുണ്ട്. അദ്ദേഹം ഒരു അഡ്വോക്കേററ് ജനറാളിനെ നിയമിക്കുന്നു. സം

സ്ഥാനത്തിലെ നിർവ്വഹണസഭ തത്വപരമായി ജനങ്ങളോട്—നിയമനിർമ്മാണസഭകളോട്—ഉത്തരവാദിത്വമുള്ളവയാണ്. പക്ഷെ ഗവർണ്ണരുടെ പ്രത്യേകാധികാരങ്ങൾ ഈ ഉത്തരവാദിത്വത്തെ തീരെ നിസ്സാരമാക്കുന്നു.

സംസ്ഥാനനിയമസഭകൾ— ഇതിൽ ചക്രവത്തിയുടെ പ്രതിനിധിയായി ഗവർണ്ണരും, ഒന്നോ രണ്ടോ സഭകളും ഉൾപ്പെടുന്നു.

ബോംബെ, മദ്രാസ്, ബങ്കാൾ, ഐക്യസംസ്ഥാനം, ബിഹാർ എന്നിവിടങ്ങളിൽ രണ്ടു സഭകളുണ്ട്. അവക്കു കൌൺസിൽ എന്നും അസംബ്ളിയെന്നും പേർ. പഞ്ചാബ്, മദ്ധ്യസംസ്ഥാനം, വടക്കുപടിഞ്ഞാറൻ സംസ്ഥാനം, ഒറീസ്സ, സിൻഡ് എന്നിവിടങ്ങളിൽ അസംബ്ളികൾ മാത്രമേയുള്ളു. ദ്രുതഗതിയിലുള്ള നിയമനിർമ്മാണത്തെ തടയുവാനും പ്രത്യേകതാല്പര്യങ്ങളെ സംരക്ഷിക്കുവാനുമാണു കൌൺസിൽ—ഉപരിസഭ.

അസംബ്ളി— മദ്രാസിൽ 215-ം, ബോംബെയിൽ 175-ം, ബങ്കാളിൽ 250-ം, ഐക്യസംസ്ഥാനത്തിൽ 225-ം, പഞ്ചാബിൽ 175-ം, ബീഹാറിൽ 152-ം, മദ്ധ്യസംസ്ഥാനത്തിൽ 112-ം, ആസ്സാമിൽ 108-ം, വടക്കുപടിഞ്ഞാറൻ സംസ്ഥാനത്തിൽ 50-ം, ഒറീസ്സായിൽ 60-ം, സിൻഡിൽ 60-ം അംഗങ്ങളുണ്ട്. എല്ലാ മെമ്പർമാരും ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടവരാകുന്നു. സാധാരണയായി അസംബ്ളി അഞ്ചുകൊല്ലത്തേക്കാണു നില്ക്കുന്നതു്. അതിനുമുമ്പുതന്നെ പിരിഞ്ഞുപോകുവാനിടയുള്ളതാകുന്നു.

കൌൺസിൽ—മദ്രാസിൽ 56-ം, ബോംബെയിൽ

30_ം, ബങ്കാളിൽ 65_ം, ഐക്യസംസ്ഥാനത്തിൽ 60_ം, ബീഹാറിൽ 30_ം, ആസ്സാമിൽ 22_ം അംഗങ്ങളുണ്ടു്. ഇതു സ്ഥിരമായ ഒരു സഭയാണു്. മൂന്നിൽ ഒരു ഭാഗം അംഗങ്ങൾ മുമ്മൂന്നുകൊല്ലം കൂടുമ്പോൾ പിരിഞ്ഞുപോകുന്നു. സാധാരണയായി കാലാവധി ഒമ്പതുകൊല്ലമാണു്.

നിയമനിൎമ്മാണത്തിൽ ഗവൎണ്ണൎക്കു് അടിയന്തിരാധികാരങ്ങൾ കൊടുത്തിട്ടുണ്ടു്. മന്ത്രിമാരുടെ ഉപദേശത്തോടുകൂടി അടിയന്തിരകല്പനകൾ പുറപ്പെടുവിക്കുവാനദ്ദേഹത്തിന്നധികാരമുണ്ടു്. അടിയന്തിരകല്പനകൾക്കു നിയമത്തിനോളംതന്നെ സാധുത്വമുള്ളതാകുന്നു. നിയമനിൎമ്മാണസഭകൾ സമ്മേളിക്കാതിരിക്കുന്നവസരങ്ങളിൽമാത്രമേ അടിയന്തിരകല്പനകൾ പുറപ്പെടുവിക്കാറുള്ളു. സഭകൾ സമ്മേളിക്കുമ്പോൾ ഈ കല്പനകൾ അവയിൽ സമൎപ്പിക്കേണ്ടതാണു്. കല്പനകൾ ആറു് ആഴ്ചകാലത്തേക്കുമാത്രമേ നില്ക്കുകയുള്ളു. അവയെ പിൻവലിക്കുവാൻ ഗവൎണ്ണൎക്കും, വിസമ്മതിക്കുവാൻ ചക്രവൎത്തിക്കുമധികാരമുണ്ടു്.

ഗവൎണ്ണരുടെ പ്രത്യേകാധികാരത്തിൽ ഇരിക്കുന്ന സംഗതികളിൽ ആറുമാസത്തേക്കു നില്ക്കുന്ന കല്പനകൾ പുറപ്പെടുവിക്കുവാനദ്ദേഹത്തിന്നധികാരമുണ്ടു്. വേണമെങ്കിൽ അവയെ ആറുമാസത്തേക്കുകൂടി നീട്ടാവുന്നതുമാണു്. അവയെ പിൻവലിക്കുവാൻ ഗവൎണ്ണൎക്കും, വിസമ്മതിക്കുവാൻ ചക്രവൎത്തിക്കും അധികാരമുണ്ടു്. നീട്ടിയ കല്പനയാണെങ്കിൽ അതിനെ ഗവൎണ്ണർജനറാൾവഴി സിക്രട്ടറിയുടെ മുമ്പാകെ സമൎപ്പിക്കേണ്ടതും അദ്ദേഹം അതിനെ പാർളിമെണ്ടിൽ ഹാജരാക്കേണ്ടതുമാകുന്നു. അത്യധികം അടിയന്തിരമായ കാൎയ്യങ്ങളിൽമാത്രമേ ഗവൎണ്ണർജനറാ

ളിൻെറ അനുവാദം കൂടാതെ അടിയന്തിരകല്പനകൾ പുറപ്പെടുവിക്കുവാൻ ഗവർണ്ണർക്കധികാരമുള്ളു. ഇല്ലെങ്കിൽ അവയെ പിൻവലിക്കുവാൻ ഗവർണ്ണർജനറാൾക്കു ഗവർണ്ണരോട് ആവശ്യപ്പെടാവുന്നതാകുന്നു.

1935 ലെ ഇന്ത്യാഗവമ്മേണ്ടു ആക്ടു അനുസരിച്ചു ഈ സാംസ്ഥാനികഭരണം മാത്രമേ നടപ്പിൽ വന്നിട്ടുള്ളു എന്നു നിങ്ങൾ ധരിക്കേണ്ടതാകുന്നു. കേന്ദ്രഗവമ്മേണ്ടും അടുത്തു നടപ്പിൽ വരുന്നതാണത്രേ.

ഇപ്പോൾ നിലവിലിരിക്കുന്ന കേന്ദ്രഗവമ്മേണ്ടിനെ പററിക്കൂടി അല്പം പ്രസ്താവിക്കേണ്ടതുണ്ട്.

ഗവർണ്ണർജനറാലും, അദ്ദേഹത്തിൻെറ നിർവ്വഹണസഭയും കൂടിയതാണു ഇന്ത്യാഗവമ്മേണ്ട്. ഗവർണ്ണർജനറൽ ഇന്ത്യയിലെ സകല ഉദ്യോഗസ്ഥന്മാരുടേയും മീതെയാണ്. അദ്ദേഹത്തിൻെറ അനുവാദമില്ലാതെ യാതൊരു നിയമവും രാജ്യത്തു പാസ്സാകുന്നതല്ല. നിയമനിർമ്മാണസഭ പാസ്സാക്കുന്ന ഏതു നിയമത്തേയും റദ്ദാക്കുവാൻ അദ്ദേഹത്തിന്നധികാരമുണ്ട്: പുതിയ നിയമം നടപ്പിൽ വരുത്തുവാനും, പുതിയ നികുതി പിരിപ്പാനും അദ്ദേഹത്തിന്നാധികാരമുണ്ട്.

നിർവ്വഹണസഭ ഭരണകാര്യത്തിൽ ഗവർണ്ണർജനറാളെ സഹായിക്കുന്നു. ആ സഭയിൽ അനവധി വകുപ്പുകൾ ഉണ്ട്. ഓരോ വകുപ്പും ഓരോ അംഗത്തിൻെറ അധീനത്തിലാണ്. ഇപ്പോൾ സഭയിൽ ഒമ്പതംഗങ്ങളാണുള്ളത്. അവക്ക് ഓരോ വകുപ്പുമുണ്ട്. പ്രധാനവകുപ്പുകൾ വിദേശീയകാര്യങ്ങൾ, സൈനികകാര്യങ്ങൾ, നിയമം, മരാമത്ത്, ധനം, വ്യവസായം, വിദ്യാഭ്യാസം, ഗ

താഗതമാൎഗ്ഗങ്ങൾ എന്നിവയാണ്. വിദേശീയകാൎയ്യങ്ങൾ അന്വേഷിക്കുന്നതു് ഗവർണ്ണർജനറാൾതന്നെ. സൈനികകാൎയ്യങ്ങൾ സൈന്യാധിപനുമന്വേഷിക്കുന്നു.

നിയമനിൎമ്മാണത്തിനു രണ്ടു സഭകളുണ്ടു്. ഒന്നിനു ലജിസ്ലേററീവ് അസംബ്ളി എന്നും, മറേറതിനു കൌൺസിൽ ഓഫ് സ്റ്റേററ് എന്നും പറയുന്നു.

കൌൺസിൽ ഓഫ് സ്റ്റേററിൽ 60 അംഗങ്ങൾ ഉണ്ടു്. അവരിൽ 20 പേർ ഉദ്യോഗസ്ഥന്മാരാകുന്നു. ബാക്കിയുള്ളവരെ ജനങ്ങൾ തിരഞ്ഞെടുക്കുകയോ, ഗവൎമ്മെണ്ടു നോമിനേററു ചെയ്യുകയോ ചെയ്യുന്നു. വൈസ്രായിക്കു് ഇഷ്ടമുള്ള സമയത്തു് സഭ വിളിച്ചുകൂട്ടാം. സഭാംഗങ്ങളിൽ ഒരാളെതന്നെ വൈസ്രായി പ്രസിഡണ്ടാക്കുന്നു.

ലജിസ്ലേററീവ് അസംബ്ളിയിൽ 140 അംഗങ്ങൾ ഉണ്ടു്. അവരിൽ 100 അംഗങ്ങളെ ജനങ്ങൾ തിരഞ്ഞെടുക്കുകയും, ശേഷിമുള്ള 40 അംഗങ്ങളെ ഗവൎമ്മെണ്ടു നോമിനേററു ചെയ്യുകയും ചെയ്യുന്നു. നോമിനേററു ചെയ്യപ്പെട്ടവരിൽ 26 പേർ ഉദ്യോഗസ്ഥന്മാരാണ്. സഭയിലെ പ്രസിഡണ്ടിനെ ജനങ്ങൾ തിരഞ്ഞെടുക്കുന്നു.

അസംബ്ളി മൂന്നുകൊല്ലം നിലനിൽക്കുന്നതും, കൌൺസിൽ അഞ്ചുകൊല്ലം നിലനില്ക്കുന്നതുമാണ്. എന്നാൽ രണ്ടു സഭകളേയും പിരിച്ചുവിടുവാൻ ഗവർണ്ണർ ജനറാളിന്നധികാരമുണ്ടു്. നിൎവ്വഹണസഭയിലെ അംഗങ്ങളെ ഏതെങ്കിലും ഒന്നിലെ അംഗങ്ങളായി ഗവർണ്ണർ ജനറാൾക്കു നോമിനേററു ചെയ്യാം.

നീതിന്യായപരിപാലനത്തിന്നു് ഏതു സംസ്ഥാന

ത്തും കോടതികളുണ്ട്. ഏററവും വലിയ കോടതിക്ക ഹൈക്കോടതി എന്നോ, ചീഫ്കോടതി എന്നോ പറയുന്നു. ഭരണസൌകൎയ്യത്തിനുവേണ്ടി സംസ്ഥാനങ്ങളെ ജില്ലകളായും, ജില്ലകളെ താലൂക്കുകളായും, താലൂക്കുകളെ വില്ലേജുകളായും തിരിച്ചിരിക്കുന്നു. ജില്ലയിലെ പ്രധാന ഉദ്യോഗസ്ഥനാണ് കലക്ടർ. അദ്ദേഹത്തിനു റവന്യൂസംബന്ധമായും, നിയമസംബന്ധമായും അധികാരമുണ്ട്. ജില്ലയിലെ മജിസ്റ്റ്രേട്ടു അദ്ദേഹമാകുന്നു. അദ്ദേഹത്തിൻെറ കീഴിൽ ഡപ്യൂട്ടികലക്ടർമാരും, സബ്ബ്കലക്ടർമാരും മററുമുണ്ട്.

മുമ്പുപറഞ്ഞ ചീഫ്കോടതികളുടെ കീഴിൽ ജില്ലാകോടതികളും, മുൻസിഫ്കോടതികളുമുണ്ട്. ജില്ലാകോടതികളിൽനിന്ന് അപ്പീലുകൾ പോകുന്നതു് ചീഫ്കോടതികളിലേക്കാകുന്നു. 1937_ൽ ഒരു ഫെഡറൽകോടതികൂടി സ്ഥാപിതമായെന്നു പ്രസ്താവ്യമാണ്.

ഭരണത്തിൽ ഗവൎമ്മെണ്ടിനെ സഹായിപ്പാൻ നാട്ടുകാരുടെ സഭകൾ രൂപവൽകൃതമായിരിക്കുന്നു. അവയെ ലോക്കൽബോർഡുകളെന്നും, മുൻസിപ്പാലിററികളെന്നും പറയുന്നു. ലോക്കൽബോർഡുകളെ ജില്ലാബോർഡുകളെന്നും താലൂക്കുബോർഡുകളെന്നും തിരിക്കാം. അവയിലെ അംഗങ്ങളെ ജനങ്ങൾ തിരഞ്ഞെടുക്കുകയും ഗവൎമ്മെണ്ട് നിയമിക്കുകയും ചെയ്യുന്നു. അനുദ്യോഗസ്ഥഭൂരിപക്ഷമായിരിക്കേണമെന്നാണു നിശ്ചയം. നിരത്തുകൾ നന്നാക്കുക, ആസ്പത്രികൾ ഉണ്ടാക്കുക, വിദ്യാലയങ്ങൾ സ്ഥാപിക്കുക എന്നിവയാണ് ഇവയുടെ ചുമതലകൾ. മുൻസിപ്പാലിററികളെ മുൻസിപ്പാലിററി എന്നും കോർ

 310

പ്പറേഷൻ എന്നും തിരിക്കാം. വലിയ പട്ടണങ്ങളിലെ മുൻസിപ്പാലിററികൾക്ക കോർപ്പറേഷൻ എന്നു പറയുന്നു. മദ്രാസ്, ബോംബെ, കല്ക്കത്ത എന്നീ പട്ടണങ്ങളിലെ സഭകൾ കോർപറേഷനുകളാകുന്നു. ഈ സഭകൾ ഡിസ്ത്രിക്ട് ബോർഡുകാർ അവരുടെ വ്യാപാരസ്ഥലങ്ങളിൽ ചെയ്യുന്ന പ്രവൃത്തികൾ നഗരങ്ങളിൽ ചെയ്യുന്നു.

ശുഭം.

310

IXb
682